I am glad to note that our chairman Mr. P. C. Joseph was elected as chairman of the city council. Our members actively participated in the activities of the city council. We took part in the social service work conducted in the General Hospital on Gandhi Jayanthi day and in the visit to the poor home. We also participated in the one-day leadership traning camps conducted by the council in Bharahta Mata, St. Pauls and Alberts colleges. A large number of our students also participated in the A I C U F Day celeberations at St. Xavier's college and in the Seminar at St. Alberts' college.

During the Onam holidays our members participated in the Regional leadership training camp at Shertallai. Ten members of the unit participated in the leadership camp conducted in our college during the Christmas holidays. Our Secretary attended a three day seminar on 'Work Among Youth' at Thiruvella. Due to some unfortunate instances, the A I C U F Youth Festival annually conducted by our unit had to be transferred to Alleppy. Although we couldn't send a large team, our five member team turned up in the third place.

The valedictory function of C. S. U. was conducted on 15 February 1971 Rev: Fr. C. K. Abraham, Principal, Bharatha Mata College gave the valedictory address. Secretary presented the report. The drama 'Rakthambaram' was staged in the college auditorium by Assisi Arts club Quilon after the function. The play really entertained the large number of students and guests who were present.

Finally before closing this report I regret to note that we have not been able to do justice to the elaborate plans chalked out by the working committee. Due to unfavourable circumstances many important programmes, Like Model lok Sabha, Bible week, Inter collegiate Quiz Programme, Regional Seminar and film review had to be dropped.

My thanks are due to—

all members and well wishers of the movement who took an active interest in the various activities,

the distinguished guests mentioned above,

Our Pracipal, Bursar, Mr. Augustine Commattum our staff advisor

And Rev, Fr. Gabiaus-our Chaplain.

Secretary

T. M. Thomas Isaac

Scanned with CamScanner



Scanned with CamScanner

# മലയാള സാഹിത്യവും ആധുനികതയും



എം. എസ്. ഉദയഭാനു
Final B. Sc. Physics
No. 29

നമ്മുടെ സാഹിത്യരംഗമുണ്ട് ഇന്ന് വളരെയേറെ ആക്ഷേപങ്ങൾക്കും വിധേയമാണ്. എന്താണ് ഈ ആക്ഷേപങ്ങൾക്കെല്ലാം കാരണം? ആധുനികതയിൽ കഥയും കവിതയുമെത്തി നമ്മുടെ സാഹിത്യരംഗത്തെത്ത് എല്ലാം എഴുത്തുകാർ മുന്നോട്ട് വന്നിരിക്കുന്നു. ഇവരുടെ ഈ മുന്നേറ്റത്തിൽ അങ്കലാപ്പ് സമാനം ഉം ചെറിയ എന്തോ ഒന്ന് അതിനെ എതിർക്കുന്ന ചില പഴയ തലമുറയിലെ എഴുത്തുകാരും, ഈ പുതിയ പ്രസ്ഥാനത്തെ പഴയ അളവുകോലും തങ്ങളുടെ ഭാവനയുംകൊണ്ട് വിലയിരുത്താൻ ശ്രമിച്ച് പരാജയപ്പെട്ട ചില നിരൂപകന്മാരുമാണ് ഈ ആക്ഷേപത്തിന് കാരണക്കാർ. എന്തായാലും ഈ പുതിയ സാഹിത്യത്തെ എതിർക്കുന്നവർ ചില കാരണങ്ങൾ പറഞ്ഞുകേൾക്കാറുണ്ട്. അവ എന്തൊക്കെയാണെന്ന് നോക്കാം.

## ദുർഗ്രഹത

ആധുനിക മലയാള സാഹിത്യത്തെ എതിർക്കുന്നവർ ഒന്നാമതായി ചൂണ്ടിക്കാണിക്കുന്നത് അതിന്റെ ദുർഗ്രഹതയാണ്. അത് യൂറോപ്പിൽ "ജെയിംസ് ജോയിസിൽ" തുടങ്ങിയതാണ് ഇത്. പിന്നീട് കാമുവിലും, കാഫ്കയിലും, സാമുവൽ ബക്കറ്റിലും, സാർത്രെയിലും ഇത് പ്രകടമായി കണ്ടു. സാമുവൽ ബക്കറ്റ് തന്റെ 23-ാമത്തെ വയസ്സിൽ ഒരു ഗ്രന്ഥത്തിനെഴുതിയ ആമുഖപ്രബന്ധത്തിൽ ഇങ്ങനെ പറയുന്നു: "പൊരുന്ന് പിടികിട്ടാത്തവയായിരിക്കണം സാഹിത്യകൃതി എന്ന സങ്കല്പത്തോടെ ആസ്വാദ്യം കണക്കിലെടുക്കാതെ അനുഭവങ്ങളുടെ സ്വാതന്ത്ര്യം സങ്കീർണ്ണതയും പ്രകാശിപ്പിക്കുക എന്നതാണ് കലാകാരന്റെ കടമ" എന്ന് അദ്ദേഹം ആ ലേഖനത്തിൽ ഉറക്കെ പ്രഖ്യാപിച്ചു.

വിശ്വാസതകർച്ചയുടെ ഒരു കാലഘട്ടമാണിത്. എടുത്തുപറയാവുന്ന ഒരു വിശ്വാസ പ്രമാണവുമില്ല. ചൂണ്ടിക്കാണിക്കാവുന്ന ജീവിതമൂല്യങ്ങളില്ല. ഒരു ലക്ഷ്യംതന്നെ വ്യക്തമായ ഒരു ലക്ഷ്യമില്ല. എന്നാൽ ഒരു ലക്ഷ്യം കാണിച്ചുകൊടുക്കാൻ ആചാര്യന്മാർക്കും കഴിയുന്നില്ല. ഇത്രയേറെ സങ്കീർണ്ണപ്രശ്നങ്ങൾ നിറഞ്ഞ ഒരു കാലഘട്ടം ഇതിനുമുമ്പുണ്ടായിട്ടില്ല. ഈ കാലഘട്ടത്തിൽ ജീവിക്കുന്ന ഒരു സാഹിത്യകാരൻ സങ്കീർണ്ണത നിറഞ്ഞ ഈ കാലഘട്ടത്തിന്റെ പ്രശ്നങ്ങൾ തന്റെ കൃതിയിലൂടെ കാട്ടിത്തരുമ്പോൾ അത് അല്പമൊക്കെ ദുർഗ്രഹമായാൽ എന്താണ് അത്ഭുതപ്പെടാനുള്ളത്?

മലയാളത്തിൽ ദുർഗ്രഹത ബഷീർ കഥകളിൽ ആദ്യം കണ്ടുതുടങ്ങിയതാണ്. ഇപ്പോഴത്തെ അത്യാധുനിക കഥകളിൽ അത് സാധാരണമാണെന്ന് മാത്രം. അത്യാധുനിക മലയാളകഥകൾ മനസ്സി



Scanned with CamScanner

ലാകുന്നില്ലെന്ന് പറയുന്നവർ എങ്ങനെ യാണ് കാമുവിനേയും, കാഫ്കയേയും, ബെക്കറ്റിനേയും മറ്റും വായിച്ച് മനസ്സിലാക്കിയത്? ആധുനിക മലയാളകഥകൾ വായനക്കാരന്റെ ഭാഗത്തുനിന്നും ബുദ്ധിപരമായ ഒരു ശ്രമം ആവശ്യപ്പെടുന്നു എന്നത് ശരിതന്നെ. ഉദാഹരണമായി കാക്കനാടന്റെ "സിനായ് എന്ന കവി" എന്ന കഥ ഷേക്സ്പിയറുടെ ജൂലിയസ് സീസർ വായിച്ചിട്ടില്ലാത്തവർക്ക് ശരിക്കും ഗ്രഹിക്കാൻ സാധിക്കുകയില്ല. "അത്യാധുനികം മനസ്സിലാവുന്നില്ലെങ്കിൽ അതാണ് അതിന്റെ ആസ്വാദ്യത" എന്ന എം. കെ. സാനുവിന്റെ മറുപടി ഈ ദുർഗ്രഹതാവാദികൾക്ക് പറ്റിയ ഉത്തരമാണ്.

**മോഹഭംഗം**

അത്യാധുനികർ മോഹഭംഗക്കാരനാണെന്നാണ് മറ്റൊരു വാദം. ശ്രീ. എം. ടി. വാസുദേവൻനായർ ഒരിക്കൽ ഡൽഹിയിൽവച്ച് ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങനെ പറയുകയുണ്ടായി. "കാലികപ്രസിദ്ധീകരണങ്ങളിൽ വരുന്ന ഇന്നത്തെ ചെറുപ്പക്കാരുടെ കഥകൾ ഞാൻ ശ്രദ്ധാപൂർവ്വം വായിക്കാറുണ്ട്. ഈ കഥകളിലൊന്നും മോഹഭംഗം കാണാൻ എനിക്കു കഴിഞ്ഞിട്ടില്ല." എം. ടി. സൂചിപ്പിച്ചതുപോലെ ഇന്നത്തെ മലയാളസാഹിത്യത്തിലെ മോഹഭംഗം ഒരു മിഥ്യയാണ്. മലയാളസാഹിത്യത്തിൽ മോഹഭംഗം ഉണ്ടെങ്കിൽ അത് ദേവിന്റേയും, പത്മനാഭന്റേയും, തകഴിയുടേയും കൃതികളിലാണ്. അല്ലാതെ കാക്കനാടന്റേയോ, മുകുന്ദന്റേയോ, മാധവിക്കുട്ടിയുടെയോ എല്ലാ കഥകളിലാണോ മോഹഭംഗമുള്ളത്?

**അനുകരണം**

ഇവിടത്തെ വ്യക്തിയുടെ ഏകാന്തബോധവും അന്യതാബോധവും പ്രകാശിപ്പിക്കുന്ന ചെറുകഥകൾ അനുകരണമാണെന്നാണ് എതിരാളികളുടെ അടുത്ത വാദം. ലോകത്തിൽ ഒരു സ്ത്രീ പ്രസവിച്ചെന്ന് കരുതി പിന്നീട് വരുന്ന പ്രസവങ്ങളൊക്കെ അനുകരണങ്ങളാണ് എന്ന് പറയുന്നതുപോലെ അർത്ഥശൂന്യമാണ് ഈ വാദം. "ഇവിടെയുള്ളതു മറ്റൊരേടത്തുമുണ്ട്" എന്ന് മഹാഭാരതത്തിൽ പോലും പറഞ്ഞിട്ടുണ്ട്. കാക്കനാടനിലും, മുകുന്ദനിലും മറ്റും പാശ്ചാത്യരുടെ ചില സ്വാധീനം കണ്ടെന്നു വരാം. അതിന് അവരെ തള്ളിപ്പറഞ്ഞിട്ട് കാര്യമില്ല. ബോധപൂർവ്വമായി അനുകരിക്കുന്നതിൽ തെറ്റൊന്നുമില്ല. ചങ്ങമ്പുഴ കവിതകളിൽ കീറ്റ്സിന്റെയും മറ്റും പ്രസിദ്ധ വരികൾ അതേപടി കാണാവുന്നതാണ്. ആശാന്റെ "സീത"യുടെ "ഇനി യാത്രപറഞ്ഞിടട്ടെ" എന്ന് തുടങ്ങുന്ന ആ വിടവാങ്ങൽ രംഗത്തിന്റെ അടിത്തറ സർ എഡ്മണ്ട് സ്പെൻസറുടെ "ഷെപ്പേർഡ്സ് കലണ്ടർ" എന്ന കാവ്യത്തിൽ നായകൻ വിടവാങ്ങുന്ന രംഗമാണ്. ചങ്ങമ്പുഴയുടെ രമണന്റെ വിടവാങ്ങലും ഈ രംഗത്തിന്റെ ഒരു വികൃതാനുകരണമാണ്. പാശ്ചാത്യർ കൂടാതെ കാളിദാസന്റെ സ്വാധീനവും ആശാനിൽ കാണുന്നുണ്ട്. വള്ളത്തോളിൽ കാളിദാസന്റെയും ഉണ്ണായിവാര്യരുടെയും സ്വാധീനം കാണാം. ഇവരെ അംഗീകരിക്കുന്നവർക്ക് എന്തുകൊണ്ട് കാക്കനാടനെയും മുകുന്ദനെയും മറ്റു അത്യാധുനികരെയും അംഗീകരിച്ചുകൂടാ?

**ആധുനികത മലയാളത്തിൽ**

ആധുനിക മലയാള സാഹിത്യം ഇംഗ്ലീഷ് സാഹിത്യവുമായുള്ള സമ്പർക്കം മൂലം ഉണ്ടായതാണ്. നോവൽ, ചെറുകഥ കവിത തുടങ്ങിയ വിഭാഗങ്ങൾക്കാണ് പ്രധാനമായും മാറ്റങ്ങൾ ഉണ്ടായത്. എം. ടി. യുടെ "മഞ്ഞ്" എന്ന നോവലിലൂടെ ആധുനിക മലയാള നോവലിന്റെ തുടക്കം കുറിച്ചു. പിന്നീട് പല ശ്രദ്ധേയങ്ങളായ നോവലുകളും ഈ



Scanned with CamScanner

കംഗങ്ങളുമായി. അതിൽ മഹത്തായ ഒന്നാണ് ശ്രീ. ഒ. വി. വിജയന്റെ "ഖസാക്കിന്റെ ഇതിഹാസം". വാസ്തവത്തിൽ അതൊരു ഇതിഹാസം തന്നെയാണ്. മലയാളനോവൽ സാഹിത്യത്തിന്റെ വളർച്ച എത്രത്തോളമായി എന്ന് ചോദിച്ചാൽ "ഖസാക്കിന്റെ ഇതിഹാസം" വരെ എന്ന് അഭിമാനത്തോടെ നമുക്ക് പറയുവാൻ കഴിയും.

ഗദ്യശാഖയിൽ ഏറ്റവും വികാസം പ്രാപിച്ചത് ആധുനിക ചെറുകഥയാണ്. ആധുനിക മലയാള ചെറുകഥയ്ക്ക് ശ്രീ. കാക്കനാടൻ ഇടക്കം കുറിച്ചു. ആധുനിക കഥയും കവിതയും തമ്മിൽ വലിയ സാമ്യമുണ്ട്. കവിതപോലെ ഇന്നത്തെ കഥയും വായിച്ചാസ്വദിക്കാവുന്നതാണ്. പക്ഷെ അത് മനസ്സിലാക്കണമെങ്കിൽ അല്പം ബുദ്ധിമുട്ടണം. കവിതപോലെ കഥയും വ്യാഖ്യാനം ആവശ്യപ്പെടുന്നു. വളരെയധികം സങ്കീർണ്ണത നിറഞ്ഞതാണീ കാലഘട്ടം. മനുഷ്യന് വ്യക്തമായ ഒരു ലക്ഷ്യമില്ല. സ്വന്തം ആസ്തിത്വത്തിനുവേണ്ടി പോലും ജീവിതം ഇത്രമാത്രം ബുദ്ധിമുട്ടിയിട്ടുള്ള ഒരു കാലഘട്ടം വേറെയില്ല. മനുഷ്യൻ ജനിക്കുന്നതോടെ മരിക്കുവാൻ തയ്യാറെടുത്തു കഴിഞ്ഞു. ജനനം എന്നത് മരണത്തിലേയ്ക്കുള്ള ഒരു പാസ്പോർട്ട് മാത്രമാണ്. ജനിച്ചു വീഴുന്ന ഒരു കുഞ്ഞ് കാണുന്നത് അനേകം മഹാരോഗങ്ങളും, പട്ടിണി, പ്രളയം, യുദ്ധം ഇങ്ങിനെയുള്ള ആപത്തുകളുടെ ഒരു പട്ടികയാണ്. ചുരുക്കത്തിൽ മനുഷ്യജീവിതം തന്നെ ഒരു ജയിൽവാസമാണ്.

ഇങ്ങിനെയുള്ള ഒരു കാലഘട്ടത്തിലെ എഴുത്തുകാർ ജീവിതം വ്യർത്ഥമാണെന്ന് പറഞ്ഞാൽ അതിൽ തെറ്റില്ല. "വ്യർത്ഥതയെ ന്യായീകരിക്കാനാണ് ഞാൻ എഴുതുന്നത്" എന്ന് മാധവിക്കുട്ടി ഒരിക്കൽ പറഞ്ഞിട്ടുണ്ട്. അങ്ങിനെ ഈ കാലഘട്ടത്തിന്റെ സങ്കീർണ്ണതയേയും, വ്യർത്ഥതാബോധത്തെയും, ആസ്തിത്വത്തെയും അനേകം പ്രതീകങ്ങളിലൂടെ പ്രതിഫലിപ്പിക്കുന്നതാണ് ആധുനിക മലയാള ചെറുകഥ. അത് മനസ്സിലാക്കണമെങ്കിൽ കാലത്തെ മനസ്സിലാക്കിയേ തീരൂ. കാക്കനാടൻ, മുകുന്ദൻ, വിജയൻ, മാധവിക്കുട്ടി, സേതു, സക്കറിയ തുടങ്ങിയവരിലൂടെ മലയാള കഥ വളരുകയാണ് ഇന്ന്.

ശ്രീ. എം. ഗോവിന്ദനും, എൻ. വി. കൃഷ്ണവാര്യരുമാണ് ആധുനിക മലയാള കവിതയുടെ ഇടക്കം കുറിച്ചത്. എൻ. വി. യുടെ നീണ്ട കവിതകളിലൂടെ മലയാളകവിതയുടെ മുഖം തന്നെ മാറി. അക്കിത്തത്തിന്റെ "ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം", എൻ. വി. യുടെ "ഗാന്ധിയും ഗോഡ്സെയും", അയ്യപ്പ പണിക്കരുടെ "കുരുക്ഷേത്രം", ഗോവിന്ദന്റെ "മേനകാകാവ്യം", കക്കാടിന്റെ "ആയിരത്തിത്തൊള്ളായിരത്തി അറുപത്തിമൂന്ന്" ഇടങ്ങിയവയെല്ലാം മലയാള കവിതയുടെ വളർച്ചയെ ത്വരിതമാക്കി. അങ്ങിനെ എൻ. വി. യിലൂടെ, ഗോവിന്ദനിലൂടെ, അയ്യപ്പപണിക്കരിലൂടെ, വിഷ്ണുനാരായണൻ നമ്പൂതിരിയിലൂടെ, കക്കാടിലൂടെ, അച്യുതനുണ്ണിയിലൂടെ, പാലൂരിലൂടെ മലയാളകവിത വളരുകയാണ്.

ചുരുക്കത്തിൽ മലയാളസാഹിത്യം പഴയതിൽനിന്ന് വ്യതിചലിച്ച് കുറെയേറെ മുന്നോട്ട് നീങ്ങിയിരിക്കുന്നു. അത് ബോധപൂർവ്വമാണുതാനും. എന്നാൽ ഈ പുതിയ സാഹിത്യത്തെ അംഗീകരിക്കാത്തവർ ഇവിടെയുണ്ടെന്ന് മുമ്പ് പറഞ്ഞുവല്ലോ. പുതിയ ദർശനങ്ങളും, പുതിയ ആവിഷ്കരണ കൗശലങ്ങളും എന്നും വർത്തമാനത്തിന്റെ കാഴ്ചശക്തിയെ വെല്ലുവിളിച്ചിട്ടുണ്ട്. ഇത്തരം വെല്ലുവിളികളെ നേരിടാൻ തയ്യാറില്ലാത്തവരാണ് ഈ പുതിയ ശബ്ദങ്ങളെ എതിർക്കാൻ മുന്നോട്ടുവന്നിട്ടുള്ളത് എന്ന് നമുക്ക് സമാധാനിക്കാം.

●



Scanned with CamScanner



# സന്ധ്യ

—ജി. വേണുഗോപാൽ
II P. D.

സന്ധ്യയായ് മാനത്തു ചെംവർണ്ണം വിരിക്കുന്ന
സന്ധ്യാസൂര്യനാം ചിത്രകാരൻ
ആ വയോവൃദ്ധനാമകന്നു കൂട്ടിനായ്
മാനം നരപ്പിച്ച താടിമേഘങ്ങളും
കർഷകനരിവാളും തൂമ്പയും കരിയുമായ്–
പ്പാടത്തു നിന്നു കരേറിടുന്നു
കിളികളാരവമിട്ടുകൊണ്ടൊഴുകുന്ന
കിളികളേയും പോററുന്ന കൊച്ചരുവി
രാവുതന്നാഗമനത്തെയറിയിച്ച
വീഥികളിലെല്ലാം വെളിച്ചം പരന്നു
വെള്ളിമേഘങ്ങൾക്കിടയിലൂടെത്തി
വെള്ളിവെളിച്ചം പരത്തുന്ന പാൽത്തിങ്കൾ
ദേവാലയത്തിൽ മണികൾ മുഴങ്ങുന്നു,
പോയ പകലിനു ശാന്തി നേർന്നിടുവാൻ
കണ്ണുകൾ മെല്ലെയടച്ചു ഞാൻ നിന്നപ്പോഴ്
കണ്ടു മനസ്സിൽ പകലിൻ ജഡത്തിനെ.

# പ്രളയം



പ്രിൻസ് പെരിങ്ങഴി

തലയ്ക്കു മുകളിൽ കറുത്ത മേഘം.

നാവില്ലാത്ത സുന്ദരി.

സൂക്ഷിച്ചുനോക്കി.

സോഫി!

അവളെങ്ങനെ മുകളിലെത്തി?

ചില ബിന്ദുക്കളാൽ അവളുടെ മുഖം തെളിഞ്ഞു.

ബിന്ദുക്കൾ:

അരുവിയായി; തോടായി; സിന്ധുവായി!

അവർ കരഞ്ഞു. ഉഗ്രമായി കരഞ്ഞു.

കരഞ്ഞുകൊണ്ടൊരു ബിന്ദുവായി.

കറുത്ത ഒരു ബിന്ദു.

ഒടുവിൽ ബിന്ദുവുമില്ല!

കണ്ണുതുറന്നു. അപ്പോൾ—

അരുവിയില്ല.

തോടില്ല.

സിന്ധുവില്ല.

സോഫിയില്ല....

മനസ്സിന്റെ കപ്പികൾ കളിയാക്കിച്ചിരിക്കുന്നു!

സുഖമില്ലാത്തയാളെ തനിച്ചാക്കി അമ്മയും മറ്റും എവിടെപ്പോയി?

"രോഗി, സ്നേഹവും സഹതാപവും അർഹിക്കുന്നു"

വായിച്ചതോ, പറഞ്ഞുകേട്ടതോ? ഓർമ്മയില്ല.

ആശുപത്രിതന്നെ സുഖം!

ചീഫ് സർജൻ സ്നേഹമുള്ളവനാണ്.

ചീഫ് ഫിസിഷ്യൻ സ്നേഹമുള്ളവനാണ്.

പ്രാക്ടീസിനു വന്നിരിക്കുന്ന കൊച്ചുഡോക്ടർ സ്നേഹമുള്ളവനാണ്.

കഴുകനും, തെണ്ടിയും ചെയ്യുന്ന ഭൃത്യനും സ്നേഹമുള്ളവനാണ്. (അവന് രൂപ കൊടുക്കാൻ വരെ തോന്നിപ്പോകും!)

നഴ്സുമാർ!

മരുന്ന് പകർന്നുതരുന്നതിലും, കുത്തിവയ്ക്കുന്നതിലുമൊക്കെ സായൂജ്യം തേടുന്നവർ!

രോഗം മറക്കുന്ന അന്തരീക്ഷം!

രോഗം മാറുന്ന അന്തരീക്ഷം!

ഇന്നലെയാണ് വീട്ടിലെത്തിയത്; നീണ്ട ഒരാഴ്ചത്തെ ആസ്പത്രി



Scanned with CamScanner

ജീവിതത്തിലാദ്യം. തല നിറയെ [illegible]. പറഞ്ഞുകേട്ട
താണ്".
ഒരു തലമുറയായി [illegible]
യാണ്"!
പോരുമ്പോൾ ഡോക്ടർ പ്രത്യേകം
പറഞ്ഞിരുന്നു.
"വളരെ സൂക്ഷിക്കണം. നല്ല [illegible] പ്രത്യേകത
വല്ലതും കണ്ടെങ്കിൽ, ആ നിമിഷം
ഇവിടെ എത്തിക്കണം."
സത്യത്തിൽ സങ്കടം തോന്നി.
[illegible] അവിടെ [illegible] കരഞ്ഞി
രുന്നോ അപ്പോൾ?
പാവങ്ങൾ! പൊട്ടിക്കരഞ്ഞു
കാണും!
"അച്ചാച്ചി...."
"ആ, വരുന്നു മോനെ. ഇപ്പഴിങ്ങ
പോരല്ലേയുള്ളൂ"
[illegible] വിളിക്കുന്നു!
ഇപ്പഴത്തെ പോലെ ഉള്ളവന്റെ! ഹും.
"എന്തുവേണം മോനെ?"
[illegible] തോന്നിയതു. കപട
[illegible]! കള്ളനാണയം!
മിണ്ടാതെ കിടന്നു.
"ഓ! പിണക്കമാണോ?"
"[illegible]?
[illegible]
[illegible]!"
അച്ചായിയുടെ കണ്ണ് നനഞ്ഞുവോ?
"മിണ്ടാതെ കിടക്കൂ. എല്ലാ
ദിവസവും ഞാൻ [illegible]"
"ആ [illegible]
[illegible]?"
"നിനക്കെന്താ, ഓർമ്മയില്ലേ?
അവള് [illegible] പോയില്ലേ?"
[illegible] ചോദിക്കു
ന്നതു കേട്ടു.
ഓ! അതു [illegible] ശരിയാണ്". [illegible]
[illegible]. [illegible],

അവരെ" "ആരാരോ" പറഞ്ഞ കാര്യം
ഓർത്തു!
ഇന്നലെ [illegible] ആളായി
നിന്നു. ആശുപത്രിയിൽ നിന്ന് കാറിൽ
വന്നിറങ്ങുമ്പോൾ, വരാന്തയിലും മറ്റു
[illegible] ആളുണ്ടായിരുന്നു. [illegible]
[illegible], [illegible] വല്യമ്മ: വടക്കേ
[illegible], [illegible] സിന്ധുവും. [illegible]....പിന്നെ
[illegible]
[illegible] എല്ലാവരും വി
[illegible], ആരോഗ്യം നേരുന്നു
സന്തോഷം തോന്നി.
സിന്ധു പറഞ്ഞു: "കുട്ടി ഇതു പോലെ
വെളുത്തിട്ടായിരുന്നു"
അത് ഉണ്ടായിരിക്കണം! എന്നു കുട്ടി
വെളുത്തു?
തടവി നോക്കി. ശരിയാണ്
മാറിയതു. തലയുടെ പിൻഭാഗത്തു [illegible]
[illegible]" തല [illegible]
[illegible]!
തല മൊട്ടയടിച്ച് തന്റെ രൂപ
മോർത്ത് ചിരിച്ചു.
ആളൊഴിഞ്ഞു. സിന്ധു മാത്ര
മായി. ഇനി ചോദിക്കാം..
"സിന്ധു, സോഫിയെ കാണാ
റില്ലേ?"
"പിന്നെ, എപ്പഴുമെന്നോട് വി
വരം ചോദിക്കും."
സ്നേഹമില്ലാത്തവൾ! വിവരം
ചോദിക്കുന്നു. ഒന്നര മാസത്തിനുള്ളിൽ
ഒരു പ്രാവശ്യമെങ്കിലും അവളെ" ആശു
പത്രിയിൽ വന്നുകണ്ടായിരുന്നോ? എല്ലാം
കളിപ്പാണ്"!
—ഞാൻ വന്നാൽ ആളുകളെന്തു
പറയും?
ആളുകൾ! [illegible] വല്ല
തൊ ആളുകൾ?
വന്നിട്ടുണ്ടെങ്കിലും എന്റെ [illegible]
അവിടെ ഇല്ലായിരുന്നു.
[illegible], [illegible] സാഹിത്യ!
എന്നെ വിശ്വസിക്കില്ലേ? [illegible]
ഞാൻ പ്രാർത്ഥിക്കുകയായിരുന്നു. [illegible]
[illegible]!

ദേഷ്യം പറഞ്ഞുപോയി.

"പോ, പെണ്ണേ! നിന്റെ കള്ള ച്ചിരി!"

"അയ്യോ, ഇതെന്താ?"

സിന്ധു പേടിച്ചുകരഞ്ഞിരുന്നു.

ഓടി വന്നപ്പോൾ—

ഇത് സിന്ധുവാണല്ലോ.

അപ്പോൾ, സോഫി?

"ഞാൻ പോട്ടെ, നാളെ വരാം, ബെന്നീടെ"

സിന്ധു പോയി.

അമ്മ വന്നു— മതിമറന്നു. തളർച്ച തോന്നി.

ഒരു വൈകുന്നേരം, സോഫി ചോദിച്ചു:

"ഒരു കവിത തരാമോ?"

"നീ തന്നെ ഒരു കവിതയാണ പെണ്ണേ!"

"..................."

"എനിക്ക മാഗസീനിൽ കൊടുക്കാനാ!"

"നാളെയാവട്ടെ"

സന്ധ്യ നിറമുള്ളതായിരുന്നു.

രാത്രി എന്നെ ഇരുട്ടുവന്നു.

പിന്നെ, നിലാവുവന്നു.

കവിത പിറന്നു.

"ഉഷസ്സിൽ പടരും അരുണിമപോലെ
ഉള്ളിൽ വിടരും പുളകം പോലെ....
....................... .................."

മാഗസിനിൽ കവിത കണ്ടപ്പോൾ സിന്ധു കളിയാക്കി:

"സോഫിയും കവിതയെഴുതും, ഹായ്!"

ചിരിയടക്കാൻ കഴിഞ്ഞില്ല. പൊട്ടിച്ചിരിച്ചു. ഒരുമിച്ചു ചിരിച്ചു!

"മോനെ, നീ അമ്മയെ എന്തിനിങ്ങനെ തീ തീറ്റുന്നെടാ?"

അമ്മ!

സിന്ധുവില്ല.......

സോഫിയില്ല.......

കവിതയില്ല...........

പറപ്പിൽ തിരുപ്പിടിച്ചുകൊണ്ട് ബെന്നിയുണ്ട്!

"നീ എപ്പോളെത്തി?"

"ഇന്നലെ രാത്രി. ചേട്ടനെ ആരെങ്കിലും വിളിച്ചു?"

പാവം!

"ചേട്ടനറിഞ്ഞില്ല മോളെ! ഒപ്പറിക്കണ്ടതിനു വന്നു"

—അമ്മ തിടുക്കപ്പെട്ടു പറഞ്ഞു:

"വേഗം മോനേ! നിനക്ക നല്ല വണ്ണം സുഖമാവട്ടെ!"

ബെന്നിയുടെ കണ്ണിൽ കെടാ ഒളി ഒതുങ്ങിനില്പുണ്ടെന്ന് തോന്നി.

കണ്ണടച്ചുകിടന്നു.

സോഫി ആശുപത്രിയിൽ വരാതിരുന്നതെന്തുകൊണ്ടായിരിക്കും? തന്റെ എല്ലാമായ സോഫി. തന്റെ എഴുത്തിന്, ആദ്യമായും അവസാനമായും തന്ന മറുപടിയിൽ പറഞ്ഞിരുന്നതോർത്തു:

"...ഒരിക്കലും, ഒരിക്കലും എനിക്ക മറക്കാനാവില്ല"

എന്നിട്ട് ഇപ്പോ.......

കവിത കൊടുത്ത പിറ്റേന്ന് ചോദിച്ചു:

"—ഉഷസ്സിന്റെ അരുണിമയോ, ധവളിമയോ?"

തമാശയാണ തോന്നിയത്.

"വല്ല മലയാളം വാദ്ധ്യാരോടും ചോദിക്ക്"

"മലയാളം വിദ്യാർത്ഥിയാണല്ലോ, താനായല്ല; എഴുതിയ ആളിനറിയില്ലെങ്കിൽ പിന്നെന്താ?"

"ആരാ എഴുതിയത്? പ്രീ ഡിഗ്രിക്കാരി സോഫി ജോർജ്ജ് ഞാനല്ലല്ലോ!"

പൊന്നിന്റെ നിറമുള്ള നിമിഷങ്ങൾ കരിഞ്ഞതില്ല—

"തീർച്ചയായും, അരുണിമയാണ്; നിന്റെ കവിളിലെപ്പോലെ"

"അതു കളിയാക്കണ്ട"



Scanned with CamScanner

അരുണിമ പരന്നൊഴുകി.

താളം ചേർന്നൊഴുകി.

നിർവൃതിയുടെ നീലിച്ച നിർഝരത്തിൽ നിലകിട്ടാതൊഴുകി.

"ഉഷസ്സിൽ പടരും അരുണിമ പോലെ..."

"എന്തായിത്? നല്ല പാട്ടാണല്ലോ"

"ങേ!"

"കണ്ണടച്ചുകിടന്നാണോ പാട്ട്? ഞാൻ കുറെ വിളിച്ചല്ലോ"

അത്ഭുതപ്പെട്ട് മിഴിച്ചുനോക്കുന്ന സിന്ധു!

വിളറിയ ഭാവം!

ഉറപ്പിച്ചു പറഞ്ഞു:

"അതെ, അരുണിമയാണ്"

"എന്ത്? അരുണിമയോ? എന്തൊക്കെയാ പറയുന്നത്!"

"സംശയമുണ്ടെങ്കിൽ മലയാളം വാദ്ധ്യാരോട് ചോദിച്ചുനോക്കൂ!"

"മലയാളമോ? ബോറടിക്കേ, ഒന്ന് വേഗം ഇങ്ങുവന്നേ!"

"അതെ: മലയാളം, ദ്രാവിഡഭാഷയായ മലയാളം!"

സിന്ധു മിഴിച്ചുനിന്നു. ചുണ്ടുവിടർന്നില്ല!

മലയാളം, സംസ്കൃതത്തിൽനിന്നുണ്ടായതാണ് എന്നു പറയാനായിരിക്കും ഭാവം! "പൊട്ടിപ്പെണ്ണ്"!

അമ്മച്ചി ഓടിവന്നു. അത് ശരിയാണ് മോളേ'. അമ്മച്ചിയും വിശ്വസിക്കില്ലായിരിക്കും!

"അതേ അമ്മേ. സംസ്കൃതത്തിൽ നിന്നല്ല. എത്ര തെളിവു വേണമെങ്കിലും നിരത്താം."

"മോനെ!"

പറഞ്ഞിട്ട് കാര്യമില്ല. വിഡ്ഢികളോട് സംസാരിക്കാതിരിക്കുന്നതാണ് ബുദ്ധി!

"ഉപദേശം കിട്ടുന്നു..!"

സിന്ധു മുഖത്ത് ചിരിവച്ചുനിന്നു. അമ്മയുടെ കവിളിൽ കണ്ണീർ പടർന്നു!

തനിക്ക് ഭയമില്ല. ശബ്ദിക്കുന്നത് വിപ്ലവമാണ്'! ഒരു ശ്ലോകം ഓർ-
വന്നു. ചൊല്ലിക്കളയാം:

"ഗതാ സൂന ഗതാസൂംശ്ച
നാനുശോചന്തി പണ്ഡിതാഃ"

"മോനെ, നിനക്കെന്താടാ?"

ആലോചിക്കാൻ സമ്മതിക്കി-

അമ്മ പറഞ്ഞതു തിട്ടപ്പെടു-
പോയപ്പോഴും സന്തോഷമായി. ഇനി എത്ര വേണമെങ്കിലും ആലോചിക്കാം.

തൊടിയിൽനിന്നു വേർപെട്ടപ്പോ- മലയാളത്തിന്റെ വളർച്ചയിലെ വിവി- നാഴികക്കല്ലുകളെണ്ണി കഴിഞ്ഞ ബോ- അവിടെയെത്തിയ തോർത്താപ്പേട്ടനോ- അമ്മ പറയുന്നതു കേട്ടു:

"മാടിപ്പെണ്ണ്' ഒരു കാറ് പി- ച്ചോണ്ടു വാടാ മോനെ! അവനി- തിരെ പാടില്ല. ഇപ്പത്തന്നെ ആസ്പ- ലെത്തിക്കണം. പിന്നാലെ എന്തോ- ഉണ്ടായേനെ പരീക്ഷിക്കണ്ടേ. വന്നി- ഇന്ന് തന്നെല്ലേ ആയുള്ളൂ."

ഒന്നും മനസ്സിലായില്ല.

അമ്മയുടെ പിന്നാലെ, കണ്ടത്തിലെ- പോലുള്ള മുഖവുമായി സിന്ധുവും ഇറ- വിട്ടുപോയി.

അലമാരി കെട്ടിയ കണ്ണാടിയിൽ- പതിച്ചു. ഓർമ്മവന്നു. വാതിൽപ്പ- യിൽ പിടിച്ച് ഉള്ളിലേക്ക് നോക്കി- അലറിക്കരയുന്ന ഭാര്യയുടെ മു- കണ്ടപ്പോൾ!

അടക്കിയാലൊതുങ്ങാത്ത ചിരിവന്നു.

ചിരിച്ചു. പൊട്ടിച്ചിരിച്ചു.

ചിരിയാണ് ലോകം: ചിരിമാ- താണ് ലോകം!

ചിരിയിൽ ലോകം നിറയട്ടെ.
ചിരിയിൽ ലോകം ഒഴുകട്ടെ.
ഒന്നല്ല: രണ്ടല്ല: പതിനാലുലോകം
ഒഴുകട്ടെ: നിറഞ്ഞൊഴുകട്ടെ.
കവിഞ്ഞൊഴുകട്ടെ.
കുലം കുത്തിപ്പായട്ടെ.
പ്രളയം വരട്ടെ.
ചിരിയുടെ പ്രളയം!

■■



Scanned with CamScanner




Mathew Philip I M.Sc



Varghese B. K.

★ OUR BUDDING ARTISTS



Martin II B.A.

Scanned with CamScanner



M. G. Sudheer



R. S. Thampi (I B.A.)



R. S. Thampi (I B. A.)

Scanned with CamScanner



M. G. Sudheer

P. Gangadharan III B. Sc.





M. G. Sudheer

Scanned with CamScanner

# ANNUAL SPORTS



March Past



Over the hurdles





Scanned with CamScanner

College Annual
Sports Meet
Flag hoisting





College Athletic Association

Scanned with CamScanner



College Basket ball team: Runners up Mar Thoma Tournament



College Foot ball team

Winners: 1. Kerala University Championship Trophy.

2. Jubilee Memorial Tournament Trophy Conducted by St. Thomas' College, Tricher

Scanned with CamScanner



College Volleyball team



College Gymnastic team: Champions Kerala University

Scanned with CamScanner



College Ball-Badminton Team
Kerala University Champions, Ernakulam District Inter-Collegiate Champions



University Trophies won by the College 1970-71

1. Kerala University Championship Trophy in Football
7. Kerala University Championship Trophy in Ball Badminton
3. Kerala University Championship Trophy in Weight Lifting
4. Kerala University Runners up Trophy in Cricket
5. Kerala University Runners up Trophy in Athletics

Scanned with CamScanner

College Hockey team





White House
Intra-mural
Champions in Games

Scanned with CamScanner



Ittiachan (Senior Champion)



Hari K. A. (JuniorChampion)



Joseph K. J. (General Captain)



Yellow House - Intra-Mural Champions in sports

Scanned with CamScanner



College Cricket team
Runners up
Kerala University



College Athletic te...
Won 2nd place in
Kerala University
Sports Meet

Scanned with CamScanner



Office Bearers of Social Service League

## SOCIAL SERVICE LEAGUE IN ACTION





Scanned with CamScanner

# യാത്ര



തങ്കപ്പൻ കെ. കെ. III B Sc. (Physics)

ട്രെയിൻ വരുവാൻ ഇനി പത്തു മിനിറ്റുകളുണ്ട്. ഒരു സിഗരറ്റ് വലിക്കാം.

അല്ലെങ്കിൽ വേണ്ട.

അയാൾ വീണ്ടും സിഗരറ്റ് പോക്കറ്റിലിട്ടു.

ട്രെയിൻ വന്നാലുടൻ വലിഞ്ഞുകയറണം. എങ്ങിനെങ്കിലുമൊരു സീറ്റ് ഒഴിവുണ്ടാകാതിരിക്കുമോ? ടി. ടി. ആറിനു എന്തെങ്കിലും "മടക്കി"ക്കൊടുത്താലെല്ലാം 'ഈസി' ആകുകയും ചെയ്യും. ചൂളംവിളി മുഴക്കിപ്പാഞ്ഞു വണ്ടി വരുന്നതയാൾ കണ്ടു. പെട്ടിയും ബെഡ്ഡ്കവറും പ്ലാറ്റ്ഫോമിനരികിലേക്കു മാറ്റിവച്ചു.

ചൂളംവിളി നിലച്ചു. വണ്ടിച്ചക്രങ്ങൾ നിശ്ചലങ്ങളായി.

തിക്കിത്തിരക്കിനിടയിലൂടെ അയാളകത്തു കയറി. പെട്ടിയും ബെഡ്ഡ്കവറും കൂലിക്കാരൻ ജാലകത്തിലൂടെ തള്ളിത്തന്നു.

നിമിഷങ്ങൾ കഴിഞ്ഞപ്പോൾ പുകച്ചുരുളുകൾ ചുഴച്ചു തുപ്പിക്കൊണ്ട് വണ്ടി വലിച്ചുതുടങ്ങി.

ജനനിബിഡമായ നഗരത്തെ പിന്നിട്ട് വണ്ടി അതിവേഗം പാഞ്ഞുതുടങ്ങി.

കമ്പാർട്ടുമെന്റ് മുഴുവൻ കണ്ണോടിച്ചു. ചെറുപ്പക്കാരും യുവതികളുമാണു കൂടുതൽ. മുറുക്കിച്ചുവപ്പിച്ചിരിക്കുന്ന വൃദ്ധന്മാർ പിന്നിട്ടുപോകുന്ന സ്ഥലങ്ങളെ കണ്ണിമയ്ക്കാതെ നോക്കുകയാണ്. എവിടെയെങ്കിലുമൊന്നിരിക്കണമല്ലോ?

അയാൾ മനസ്സിലോർത്തു.

അയാൾ നില്ക്കുന്നതിനു മുൻപിൽ ഒരു സീറ്റൊഴിഞ്ഞുകിടപ്പുണ്ട്. അതിൽ എന്തൊക്കെയോ സാധനങ്ങൾ നിറച്ച ഒരു ബാഗിരിക്കുന്നു. ആ സീറ്റിലേക്കു മിഴിയുറപ്പിച്ചുനിന്നപ്പോൾ സഹയാത്രക്കാരിലൊരുവൻ പറഞ്ഞു:

"ഒരു സീറ്റൊഴിവുണ്ട്."

ഒരു മന്ദസ്മിതത്തോടുകൂടി ജാലകത്തിനടുത്തുള്ള സീറ്റിലയാളിരുന്നു. അതിനു താഴെയായി പെട്ടിയും ബെഡ്ഡ്കവറും വച്ചു.

ഒരു ദീർഘനിശ്വാസം.

ശൂന്യമായ കുറെ നിമിഷങ്ങൾ.

അടുത്ത സീറ്റിന്റെ അവകാശി വന്നു. കൈക്കുഞ്ഞു പിച്ചനടക്കാറായിട്ടില്ലാത്തൊരു കൊച്ചുകുഞ്ഞ്. അവൾ അയാളോടു ചേർന്നുള്ള സീറ്റിലിരുന്നു.

അയാൾ അവളെ ശ്രദ്ധിച്ചുനോക്കി.

സ്ഥലകാല ചലനങ്ങളറിയാതൊരു നിമിഷമയാളിരുന്നുപോയി.

..............അയാളുടെ എല്ലാമായിരുന്ന കുട്ടിയെക്കുറിച്ചോർത്തു.

കഴിഞ്ഞുപോയ എട്ടുവർഷംകൊണ്ട് മിനിക്കുട്ടി വളർന്നുകാണും. അമ്മിണിക്കുട്ടി വലുതായാലത്തെ ആകാരഭംഗി അടുത്ത സീറ്റിലിരിക്കുന്ന സ്ത്രീയിലയാൾ കണ്ടു.



Scanned with CamScanner

............എട്ടുവർഷത്തിനപ്പുറമൊരു രാത്രിയിൽ അമ്മിണിക്കുട്ടിയോട് യാത്ര പറഞ്ഞു. ഇന്നത്തെപ്പോലൊള്ളപോക്കയാണ്. ചെറുപ്പം മുതലൊന്നിച്ചുകളിച്ചും വളർന്നും പഠിച്ചും. അതുകൊണ്ടുതന്നെ ഞങ്ങളാർ വല്ലാത്ത ബന്ധത്തിലകപ്പെട്ടുപോയത്.

പറക്ക താനറിഞ്ഞുപോയില്ലേ?

നീണ്ട എട്ടുവർഷം!

വീട്ടുകാരും നാട്ടുകാരുമറിയാതെ കടിയനായിരുന്നു.

പുള്ളുകളിക്കാരൻ.

അപ്പൻ സമ്പാദിച്ചിട്ട് ഒന്നുമില്ല. അമ്മയും സഹോദരിമാരും വെറുത്തു. അപ്പന് കാണുന്നതുപോലും ഇഷ്ടമായിരുന്നില്ല. എന്നിട്ടും മാമം മാത്രം വെറുത്തില്ല – സ്നേഹിച്ചു – ഉപദേശിച്ചു. മാറിൽ തലചായ്ച്ചുനിന്ന് പൊട്ടിക്കരഞ്ഞു.

അമ്മിണിക്കുട്ടി.

അവളുടെ കണ്ണുനീരിന്റെ മുമ്പിൽ മാത്രം നിർവ്വികാരനായിരുന്നു. അവസാനം അതു തീരുമാനിച്ചു.

നാടുവിടണം.

ആരോടും യാത്രപറഞ്ഞില്ല. അമ്മിണിക്കുട്ടിയോടുമാത്രം. ഒരാളായിട്ട് തിരിച്ചുവരുന്നതുവരെ ഞാൻ കാത്തിരിക്കും. കരവലയത്തിനുള്ളിലൊതുങ്ങി നിന്നവൾ പറഞ്ഞു.

ജീവിതത്തിലാദ്യമായി രണ്ടിറ്റു കണ്ണുനീരവളുടെ മാറിലേയ്ക്കടർന്നുവീണു.

അതിനുശേഷം നീണ്ട എട്ടുവർഷം കഴിഞ്ഞു. എവിടെയാണെന്നാരുമറിയാതെ. അതുകൊണ്ടൊരെഴുത്തുപോലും അയച്ചില്ല.

മദിരാശി നഗരത്തിലൊരു ഹോട്ടൽ ജോലിക്കാരനായി താനും ജീവിച്ചു. സ്വന്തമായിത്തിരി പണമുണ്ടാക്കി നാട്ടിൽ പോകണം. നാലുപേരറിഞ്ഞ് കൊച്ചമ്മിണിയെ തന്റെ സ്വന്തമാക്കണം. അങ്ങനൊരു പുതിയ ജീവിതമാരംഭിക്കണം............

ഉച്ചമായ കരണ്ടും ചൊറുള്ള സൂര്യപ്രകാശം പടിഞ്ഞായിൽനിന്നാണ്. പുഷ്പോളുമാരം പറന്നയിൽനിന്നാണ്.

അമ്മിണിക്കുട്ടിയെപ്പോലുള്ള ഒരു പെൺകുട്ടി അവളുടെ മകനെക്കൂടെ അയാളുടെ മടിയിലിരുന്ന് ശ്രദ്ധിക്കയാണ്. ഇതൊന്നും ശ്രദ്ധിയ്ക്കാതെ ഏതോ അഗാധമായ ദു:ഖസാഗരത്തിൽ നീന്തിത്തുടിയ്ക്കുകയാണവൾ.

അയാളും ഒന്നുനോക്കി.

കുട്ടിയെ പിടിച്ച് മടിയിലിരുത്തിയെങ്കിലും. സാരിത്തലപ്പുകൊണ്ടവൾ കണ്ണുനീർ തുടച്ചു. അവളും കരയുന്നതയാളും കണ്ടു. എന്തിനാണവൾ കരയുന്നത്. മനസ്സിന്റെ ദു:ഖമാണ്. താങ്ങാനാവാത്ത കഷ്ടതയും അവളുടെ മുഖത്തു പ്രകടമായിരുന്നു.

ഉണങ്ങിവരണ്ട കണ്ടങ്ങളേയും വാടിയുണങ്ങിയ പുഴകളേയും പിന്നിട്ട് ഒരു കൊലയാളിയെപ്പോലെ വണ്ടി പായുകയാണ്.

ചീട്ടുകളി ശ്രദ്ധയിൽ മാത്രം കഴിയുകയാണ് ഒരു യാത്രക്കാർ. അമ്മിണിക്കുട്ടിയെപ്പോലുള്ള സുന്ദരിയായ അവൾ കരയുന്നത് അവരാരും കണ്ടില്ല. അവരെ അവരാരും ശ്രദ്ധിച്ചതുമില്ല.

അയാൾ മാത്രം അവളെ ശ്രദ്ധിച്ചു. അയാളെ മാത്രം അവളും ശ്രദ്ധിക്കുന്നായിരുന്നു.

എന്തിനാണവൾ കരയുന്നത്. ഒരു കുട്ടിയുമൊത്തൊറ്റയ്ക്കു യാത്ര ചെയ്യുന്നത് വിധവയായിരിക്കും., ആ കുട്ടിയുടെ നിലയോ? ഇതൊക്കെയറിയണമായിരുന്നു.

ചോദിക്കാനുള്ള ധൈര്യം മാത്രമുണ്ടായിരുന്നില്ല. നിമിഷങ്ങളോളം പിന്നിട്ടപ്പോൾ വണ്ടി സ്റ്റേഷനിൽ നിന്നു. പലവർണ്ണം നിറച്ച കുട്ടകളുമായി ബാലന്മാർ വണ്ടിയ്ക്കുള്ളിൽ കയറി.

"ഇഡ്ഡലി" "വാഴപ്പഴം" "മുന്തിരി"

ബാലന്മാരുടെ താളാത്മകമായ ശബ്ദം കാതുകളിൽ മുഴങ്ങുകയാണ്.

“ഏത്ത് യ്ക്കാപ്പം” അയാളും വിളിച്ചു. താങ്ങിപ്പിടിച്ച കുട്ടയുമായി ബാലൻ വന്നു.

“നാലെണ്ണത്തിനൊരു രൂപാ” ചോദിക്കാതെതന്നെ വില പറഞ്ഞു.

വിസിൽ മുഴങ്ങി. വണ്ടി ചലിച്ചു തുടങ്ങി. പേഴ്സിൽനിന്നൊരു രൂപയെടുത്തുകൊടുത്തു. നാലെണ്ണം.

ഒന്ന് കൈയിലെടുത്തു. മൂന്നെണ്ണം ബാഗിലിട്ട് സീറ്റിനു താഴെ വച്ചു.

ആരോ കണ്ടിട്ടുണ്ടായിരിക്കാം. അമ്മിണിക്കുട്ടിയെപ്പോലുള്ള അവളുടെ കണ്ണുകൾ തന്നെ നോക്കിച്ചിരിച്ചു.

കുട്ടയിൽ നിന്നൊരെണ്ണമെടുത്തവൾക്കു നീട്ടി. കുഞ്ഞിക്കൈകൾ നീട്ടി അവളതു വാങ്ങാൻ ശ്രമിച്ചു.

“മോനു വേണ്ട....പിത്തം”

അവൾ മോനെയെടുത്തു മാറോട് ചേർത്തുപിടിച്ചു. അവന്റെ പിഞ്ചിളം ചുണ്ടുകൾ ചുവന്നു. പൊട്ടിക്കരഞ്ഞു. രണ്ടുകൈകളും നീട്ടി അയാളിലേക്കു വരുവാൻ ശ്രമിച്ചു.

“ഇതു കുട്ടികൾക്ക് നല്ലതാണ്. ഒരെണ്ണം അവൻ തിന്നട്ടെ”

അയാൾ പറഞ്ഞു.

അയാളൊരെണ്ണമെടുത്തവന്റെ കയ്യിൽ കൊടുത്തു. കുട്ടിയുടെ കരച്ചിൽ നിന്നു. അവളൊന്നും പറഞ്ഞില്ല. മണിക്കൂറുകൾ പലതും പിന്നെയും കഴിഞ്ഞു. സിന്ദൂരക്കുറി ചാർത്തിയ സുന്ദരിയായ സന്ധ്യ ഇരുളിന്റെ കരാളഹസ്തങ്ങളിലകപ്പെട്ടുകഴിഞ്ഞു. മിന്നാമിനുങ്ങുപോലത്തെ കടകളിലെ വെട്ടത്തെ പിന്നിട്ടുകൊണ്ട് വണ്ടിയതിവേഗം പാഞ്ഞുപോയി.

ജാലകത്തിലൂടെ കടന്നുവരുന്ന കാറ്റിനു വല്ലാത്ത തണുപ്പുതോന്നി.

........വണ്ടി സ്റ്റേഷനിൽ നിന്നു.

ചീട്ടുകളിക്കാൻ കൂടിയിരുന്നവരെഴുന്നേറ്റു. എന്തെങ്കിലും കഴിച്ചിട്ടാകാമെന്നാണവരുടെ ഭാവം.

പലരും കരസ്ഥമാക്കിയതിന്നടിക്ക റസ്റ്റോറണ്ടിലേക്കിറങ്ങിപ്പോയി.

ഇതൊന്നുമറിയാതെ അവളുടെ മകൻ അയാളുടെ മടിയിലിരുന്ന് കളിക്കുകയായിരുന്നു.

“നമുക്ക് ചോറുണ്ണാം”

അയാളവനോടായി ചോദിച്ചു. എന്തോ മനസ്സിലാക്കിയതുപോലവൻ തലയാട്ടി.

ചോറും കറിയും നിറച്ച തട്ടുമായി വെയിറ്റർ വന്നു.

“രണ്ടു ചോറുവേണം”

വെയിറ്ററോട് പറഞ്ഞു.

ഒരു ട്രേ അയാളുടെ മുന്നിൽ വച്ചു. മറ്റൊന്നവൾക്കും........

“എനിക്ക് വേണ്ട”

ഇടക്കിടെ സാരിത്തുമ്പ് ശരിയാക്കുന്നതിനിടയിലവളും പറഞ്ഞു.

“അവിടെ വച്ചേക്കൂ....”

വെയിറ്റർ ട്രേ വച്ചിട്ടുപോയി.

അയാളവളെ നോക്കിയൊന്നു ചിരിക്കാൻ ശ്രമിച്ചു. “എന്തായാലുമതു കഴിക്കൂ”

ഒരു തമാശയെന്നോണമയാൾ പറഞ്ഞു.

അവളൊന്നു ചിരിക്കാൻ ശ്രമിച്ചു. ആ ചിരി അവളുടെ മുഖത്തു പ്രകടമായിരുന്ന വേദനയിൽ മാഞ്ഞുപോയി.

മോനിക്കുട്ടൻ അയാളുടെ മടിയിലിരുന്നു. അയാളവനെ ചോറുവാരിക്കൊടുത്തു.

“മോനിങ്ങു വരൂ. അമ്മ ചോറു വാരിത്തരാം.” അവൾ പറഞ്ഞു.

കുഞ്ഞിക്കുട്ടനതു കേട്ടതായി നടിച്ചില്ല.

“മോനച്ഛനില്ലേ?”

അയാളവനോട് ചോദിച്ചു.

അവൻ തലയാട്ടിയതൊന്നാമാകെയെയു



Scanned with CamScanner

അവന്റെ ഭാഷയിൽ പറഞ്ഞു.

"മോൾ അമ്മയുടെ പേരെന്താ....?"

അയാളവളെയൊളികണ്ണിട്ട് നോക്കി. അവളയാളെയും.

വേണുവിന്റെ പഴയ പൂർണിമ ഒരു ഖണ്ഡം അവളിൽ വ്യക്തമായി. ആ ഖണ്ഡ യവളുടെ സൗന്ദര്യത്തിന് മാറ്റുകൂട്ടിയതുപോലെയായാൾക്കുതോന്നി.

"ചോറിനിയും വേണോ?"

"വേണ്ട......"

അവൾ പറഞ്ഞു.

നിമിഷം കൊണ്ട് കെട്ടിപ്പടുത്ത ഒരു കൊച്ചു കുടുംബജീവിതം ആ വണ്ടിക്കുള്ളിൽ രൂപം കൊണ്ടു. വർഷങ്ങളിലൂടെ വാർത്തെടുത്ത കുടുംബജീവിതത്തെക്കാൾ സന്തോഷവും സംതൃപ്തിയും ആ നിമിഷങ്ങൾക്കുണ്ടായിരുന്നു.

..........ഊണുകഴിഞ്ഞു. നേരമിരുട്ടിക്കൊണ്ടുപോയി. സഹയാത്രക്കാർ ഊണുകഴിയുന്നു. മനുഷ്യബന്ധങ്ങളെയകറ്റാനും അടുപ്പിക്കാനുംവേണ്ടി വണ്ടി പാഞ്ഞുതുടങ്ങി. പിള്ളക്കളിക്കാർ വീണ്ടും കളിതുടങ്ങിക്കഴിഞ്ഞു.

ഉറങ്ങണ്ടെ...കുട്ടിയെ ഉറക്കണ്ടേ.

അവൾ അയാളുടെ മടിയിലിരുന്ന കുട്ടിയെ എടുക്കാൻ ശ്രമിച്ചു.

"ഉറക്കം വരുന്നില്ല. മറുപടിപറയാനൊന്നുമില്ല."

"എന്തിനാ?"

അവൾ ചോദിച്ചു.

"കുട്ടിയുടെ അച്ഛന്റെ പേരു"

അവൾ മുഖം തിരിച്ചു. എങ്ങുനിന്നോ ഒരു വേദനയുടെ കരിനിഴൽ ആ മുഖത്തു പ്രകടമായി. കണ്ണുനീർത്തുള്ളികൾ ഉരുണ്ടു താഴെ വീണു.

"എന്താണ് കരയുന്നത്" കുട്ടിയുടെ അച്ഛൻ മരിച്ചുപോയോ.

അയാൾ തിരിഞ്ഞിരുന്നു.

മരിച്ചുപോയി.

സാരിത്തുമ്പുകൊണ്ടവൾ കണ്ണുനീർ തുടച്ചു.

എന്താണ്........?

അയാൾ ചോദ്യം ആവർത്തിച്ചു.

"ലാബട്ടറി ടെക്നീഷ്യനായിരുന്നു. ലാബട്ടറിയിൽ സ്ഫോടനമുണ്ടായി."

അത്ര പറഞ്ഞുതീർപ്പിക്കുന്നതിനു മുമ്പേ അവൾ പൊട്ടിക്കരഞ്ഞുപോയി.

ഒരു നിമിഷമയാൾ നിശ്ചലനായിരുന്നു. പിന്നെയവളൊന്നും പറഞ്ഞില്ല.

അനിശ്ചിതത്വ വിരാമമിട്ടു.

"എവിടെയാണ് വീട്?"

"തൃശൂർ"

അവൾ പറഞ്ഞു.

"തൃ........തൃശൂർ" ആ ശബ്ദം അയാളിൽനിന്നും അവ്യക്തമായി പുറത്തേയ്ക്കു വന്നു.

"തൃശൂരെവിടെ?"

"ദയവുചെയ്തു കൂടുതലായൊന്നും ചോദിക്കരുതു".

അതുപറഞ്ഞിട്ടവൾ കാൽമുട്ടിൽ തലചായ്ച്ചിരുന്നു തേങ്ങിത്തേങ്ങിക്കരഞ്ഞു.

"അമ്മിണിക്കുട്ടി"

അയാളറിയാതെ ശബ്ദിച്ചുപോയി.

ആ ശബ്ദം കേട്ടവളൊന്നു ഞെട്ടിയതുപോലെയായാൾക്കു തോന്നി.

തനിക്കുവേണ്ടി കാത്തിരിക്കുമെന്ന് പറഞ്ഞു തന്നെയാത്രയാക്കിയ അമ്മിണിക്കുട്ടി.

അവൾ........

.......ഒരിക്കലും അവളായിരിക്കയില്ല. മറ്റൊരു പുരുഷനെ വിവാഹം കഴിക്കാനവൾ പ്രേരിതയാവുകയില്ല.

എങ്കിൽ........

തന്നോടെന്തും വ്യക്തമായിപ്പറയാത്തതെന്തായിരിക്കും. നിമിഷനേരത്തെ പരിചയം മൂലം അവളുടെ ജീവിതചരിത്രം തന്നോടു പറയണമെന്നില്ലല്ലോ? അതോർത്തയാൾ ആശ്വസിക്കാൻ ശ്രമിച്ചു.

എങ്കിലും അയാളുടെ മനസ്സിൽ എന്തൊക്കെയോ ചിന്താശകലങ്ങളുരുണ്ടു കൂടുകയായിരുന്നു.



Scanned with CamScanner

അമ്മിണിക്കുട്ടിയെപ്പോലുള്ള അവളുടെ ഓമനക്കുട്ടൻ അയാളുടെ മടിയിൽ കിടന്നുറങ്ങിയതറിഞ്ഞില്ല. അസ്വസ്ഥമായ ചിന്തകളിൽ നിന്നൊഴിഞ്ഞ് അയാളും ചാരിയിരുന്നുറങ്ങി.

അപ്പോഴും അവരുണർന്നിരിക്കുകയായിരുന്നു. ഉറങ്ങാനും മറ്റും "കളി" ശൈലിയിൽ മാത്രം കഴിയുകയാണ് സഹയാത്രക്കാരിൽ പലരും, ചിലർ ഉറക്കം പിടിച്ചുകഴിഞ്ഞു.

...................നീണ്ട നിമിഷങ്ങൾക്കു ശേഷം അവൾ തലയുയർത്തി അയാളെ നോക്കി. അയാൾ ചാരിയിരുന്നുറങ്ങുന്നു. മടിയിൽ അവളുടെ കുട്ടിയും. കണ്ണിമയ്ക്കാതെ അവളല്പനേരമങ്ങനെ നോക്കിയിരുന്നു. അവളുടെ മനസ്സിന്റെ തിരശ്ശീലയിൽ ഭൂതകാലസ്മരണകളുടെ നിഴലുകൾ പതിഞ്ഞുതുടങ്ങി.

...........അന്നൊരു രാത്രിയിൽ ആ മടിയിൽ തലവച്ചുകിടന്ന് എത്രയോ സ്വപ്നങ്ങളാണ് നെയ്തുകൂട്ടിയത്.

ഗോപിയേട്ടൻ തിരിച്ചുവരുന്നതു വരെ കാത്തിരിക്കാം!

ആ മടിയിൽക്കിടന്ന് പറഞ്ഞ വാഗ്ദാനം പാലിക്കുവാൻ കഴിഞ്ഞില്ല. ജീവിച്ചിരിപ്പുണ്ടെന്നുപോലും അറിയില്ല. വീട്ടുകാരുടെ നിർബ്ബന്ധത്തിനു വഴങ്ങിയതല്ലല്ലോ.

ഗോപിയേട്ടൻ എട്ടുവർഷത്തിനു ശേഷം നാട്ടിലേയ്ക്കു പോകുന്നു. അമ്മിണിക്കുട്ടിയെ വിവാഹം കഴിക്കാൻ.

ഗോപിയേട്ടാ അങ്ങയുടെ യാത്ര വിഫലമാണ്. അമ്മിണിക്കുട്ടി ഭാര്യയാണ്. ഭർത്താവ് മരിച്ച വിധവ. അമ്മിണിക്കുട്ടിയുടെ മണിക്കുട്ടനാണ് ഗോപിയേട്ടന്റെ മടിയിൽ കിടക്കുന്നത്. ഇതറിഞ്ഞാൽ ഗോപിയേട്ടൻ അമ്മിണിക്കുട്ടിയെ വിവാഹം കഴിക്കുമോ?

ഒരു നിമിഷംകൂടി അതു നോക്കിയിരിക്കാനവൾക്ക് കഴിഞ്ഞില്ല. അവൾ കണ്ണുപൊത്തിക്കരഞ്ഞു.

.............അയാളുടെ മടിയിൽനിന്നു കുട്ടിയെയെടുക്കുവാൻ ശ്രമിച്ചു. കുട്ടിയുടെ മാറിൽ കിടന്ന അയാളുടെ കൈയ് പിടിച്ചുവച്ചു മെല്ലെയകറ്റി. അയാളുണർന്നു....

അവളുടെ സാരിത്തുമ്പ് ഊർന്ന് അയാളുടെ മടിയിലേയ്ക്കു വീണു. അയാൾ അതെടുത്തവളുടെ തോളിലിട്ടുകൊടുത്തു.

"കുട്ടിയെ ഇങ്ങുതരൂ"

അവൾ മടിയിൽനിന്നും കുട്ടിയെ എടുത്തു.

അയാളെഴുന്നേറ്റു.

അവൾ താഴെ വിരിച്ച കിടക്കയിൽ കുട്ടിയെ കിടത്തി. അയാളക്കിടക്ക വിരിച്ചുകൊടുത്തു.

അവൾ കുട്ടിയുമായി നിലത്തു കിടന്നു. അയാൾ സീറ്റിലും.

അയാളവളെയും അവളയാളെയും ഇടയ്ക്കിടെ വീക്ഷിക്കുന്നുണ്ടായിരുന്നു.

...കിഴക്ക് വെള്ളവീശിത്തുടങ്ങിയപ്പോൾ വണ്ടി കേരളക്കരയിലൂടെ പാഞ്ഞുപോകുകയായിരുന്നു.

പച്ചപ്പട്ടുവിരിച്ച വയലേലകളിലേയ്ക്കു നോക്കിയിരുന്നപ്പോൾ സമയം പോയതറിഞ്ഞില്ല.

വണ്ടി തൃശൂർ സ്റ്റേഷനിൽ നിന്നു. സാധനങ്ങൾ പ്ലാറ്റ്ഫോമിലേയ്ക്കിറക്കി. അവളുടെ പെട്ടിയും കിടക്കയും പോർട്ടറെടുത്തുവച്ചു.

"ഞാൻ ടാക്സിയിൽ പോകുകയാണ്"

അയാളവളോടായി പറഞ്ഞു.

"ഞാൻകൂടി വരുന്നു"

"എവിടേയ്ക്ക്?"

"ഗോപിയേട്ടന്റെ കൂടെ"

"ങേ്ഹേ........"

അയാളൊന്നു ഞെട്ടി.

അവൾ കുട്ടിയെ മാറോടു ചേർത്തു പിടിച്ചു.

അവളുടെ മുഖമാകെ വാടി.



Scanned with CamScanner

അവരം കരയാൻ തുടങ്ങുകയായിരുന്നു.
അയാളുടെ സ്വപ്നങ്ങളികളും സൃഷ്ടി
കണ്ണുപോലെ തോന്നി. ആരൊക്കെയോ
പാടിപ്പിടഞ്ഞിൽ വഴുക്കിണറായപ്പോലും
ഇതൊരം താഴെയിരുന്നു.

"എന്തോട് ഞാനില്ല ഗോപാലേട്ടാ"
അവരം ഏതം. പൊട്ടിക്കരഞ്ഞു.
അവളുടെ ഏങ്ങൽ കണ്ണുനീർക്കണങ്ങളാം
മാനങ്ങളുടെ മാറിലൂടെയെ താഴേക്കു
വീണ. അയാളും കരഞ്ഞുപോയി.

വർഷങ്ങളായി മനസ്സിന്റെ ഉണി
യായിൽ കാത്തുസൂക്ഷിച്ചിരുന്ന മോഹ
നസ്വപ്നങ്ങളുടെ മണിഗോപുരങ്ങളം ഇ
ടിഞ്ഞു തകർന്നുവീണതുപോലെയാണയാൾക്ക്
തോന്നി.

നിമിഷങ്ങളം കഴിഞ്ഞയാളുണ്
ണന്നു.

"അമ്മിണിക്കുട്ടീ"
അയാളം വിളിച്ചു.
"ഗോപാലേട്ടാ എനിക്ക് മാപ്പു തരൂ"
അമ്മിണിക്കുട്ടീ
വീണ്ടും അയാളുറിയാതെ വിളിച്ചു.

അവരം അയാളുടെ അടുത്തേക്കു
നീങ്ങിനിന്നു. അവളുടെ മാറോട് ചേർ
ത്തുനിന്നു മാനങ്ങൾ അയാളെ
നോക്കിച്ചിരിച്ചു. അയാളവളെ നേരെ
കൈയ്യ് നീട്ടി.

അവൾ അയാളുടെ കയ്യിലെത്തു
ചേർന്നു. അവനെ മാറോടണച്ചു മുഖ
മിയ കവിളിണകളിലൊന്നു തെരു ചുംബ
നം നൽകി.

അവളുടെ കവിളിണകളിലൂടെയ
പ്പോഴും കണ്ണുനീരൊഴുകുകയായിരുന്നു.
പരിസരം മറന്നയാളുടെ കൈയ്യ്
അവളുടെ കവിളിൽ തലോടി.

...എന്നു നാലു തുള്ളികളൊന്നിച്ചു
തെരു താഴെയ്ക്കു വീണു.

വേദന തളംകെട്ടിനിന്ന അവളുടെ
മുഖത്തൊരു പുഞ്ചിരി പൊട്ടിവി
രിഞ്ഞു.

തന്റെ പ്രിയതമയെ കഴിയാത്ത
അയാളവളുമൊന്നു നോക്കിനിന്നു
പോയി.




നൻസ്വപ്നങ്ങളെല്ലാം അകറ്റാനും
അപ്പിക്കാനും വേണ്ടി അപ്പോഴും ഒരു
തെയ്യൻ അതിലെ പാഞ്ഞുപോകുക
യായിരുന്നു.

★★

# ജനനം

എ. കെ. സുകുമാരൻ



ഇളംവെയിലിൽ വീണ മഞ്ഞുകണം. ജാലകത്തിലിൽ ഇരുന്നു ചുരുക്കുന്ന മുത്തശ്ശി. മാറിൽ പുസ്തകങ്ങളടുക്കിപ്പിടിച്ചുകൊണ്ട് അവൾ മുറ്റമിറങ്ങുമ്പോൾ മുത്തശ്ശി:

"എന്തിനാ കുട്ടീ ഇന്ന് കോളേജിപ്പോണെ? അമ്മ സുഖല്ല്യാതിരിക്കണേന്ന് നിയ്യറിയില്ല്യേ?"

ഒന്നും പറയാതെ, തിരിഞ്ഞുനോക്കാതെ നടന്നു. മനസ്സിലെ ആഹ്ലാദം കാലുകൾക്കടിയിൽ, മുററത്തെ മണലിൽ ഞെരിഞ്ഞമർന്നു. അച്ഛനോട് വെറുപ്പുതോന്നി: അമ്മയോടും.

തിരക്കുള്ള ബസ്സിൽ തിക്കിക്കയറി. മുകളിലെ കമ്പിയിൽ തൂങ്ങിനിൽക്കുമ്പോൾ പുറകിൽ ദേഹമൊട്ടി ഉരസിനിൽക്കുവാൻ ശ്രമിക്കുന്ന ആൺകുട്ടികൾ. പെൺകുട്ടികളുടെ ചെറിയൊരു പുഞ്ചിരിക്കുവേണ്ടി വലിയ വിഡ്ഢിത്തം പറഞ്ഞ് സ്വയം ഉറക്കെ ചിരിക്കുന്നവർ.

കോളേജിന്റെ മുമ്പിൽ ബസ്സുനിന്നപ്പോൾ ഇറങ്ങി. ബെല്ലടിച്ചപ്പോൾ ക്ലാസ്സിൽ കയറി ഇരുന്നു. ഫസ്റ്റവർ എന്താണ്? ഇംഗ്ലീഷല്ലേ? അതോ ബോട്ടണിയോ? സവിതയോട് ചോദിച്ചു:

"ഈ അവ്വര് എന്താണ് കുട്ടീ?"

"മലയാളം"

സാറു വന്നപ്പോൾ എഴുന്നേററു.

—ഇപ്പോൾ അച്ഛൻ ഡോക്ടറെയും കൂട്ടി വന്നിരിക്കും. അമ്മയുടെ നിലവിളി കേട്ടിട്ടുണ്ടാകും. മഴ പെട്ടെന്നു തോർന്നപോലെ. പിന്നെ അതേശക്തിയിൽ പെയ്യുന്ന മഴപോലെ......

സുനന്ദ തോളിൽ പിടിച്ചുകുലുക്കിയപ്പോഴാണ് അറിയുന്നത്: സാറ് അററൻഡൻസ് എടുക്കുകയാണ്. എഴുന്നേററുനിന്ന് ഹാജരു പറഞ്ഞു.

വിശ്വസാഹിത്യകാരനായ ടോൾസ്റ്റോയിയെക്കുറിച്ച് സാറ് പ്രസംഗിച്ചു- കുറച്ചുനേരം ശ്രദ്ധിച്ചു. ശ്രദ്ധ പതുക്കെ നഷ്ടപ്പെടുമ്പോൾ അറിഞ്ഞില്ല.

—ഡോക്ടർ ഇപ്പോൾ വന്നുകാണുമോ? അച്ഛൻ തിരിച്ചുവന്നിട്ടുണ്ടാകുമോ? മുത്തശ്ശിയുടെ നിസ്സഹായം സഹിക്കവയ്യാതായപ്പോൾ കിടക്കയിൽനിന്നും എഴുന്നേററുപോയതാണ് അച്ഛൻ, ഡോക്ടറെ വിളിക്കാൻ.

പൊട്ടിച്ചിരി. ആൺകുട്ടികളുടെ ഭാഗത്തുനിന്നും ഉയർന്ന കൂക്കുവിളികൾ. ആകാംക്ഷയോടെ സുനന്ദയോടു ചോദിച്ചു:

"എന്താണ്?"

"ടോൾസ്റ്റോയി അറുപതാമത്തെ വയസ്സിൽ പതിമൂന്നു കുട്ടികളുടെ പിതാവായിപോലും! എന്നിട്ടും കഴിഞ്ഞില്ലത്രെ!"

സാറു തുടർന്നു:

"മനശ്ശാസ്ത്രം പറഞ്ഞതുപോലെ, ലൈംഗികദാഹം നിയന്ത്രിക്കാൻ ടോൾസ്റ്റോയി മരണംവരെ ശ്രമിച്ചിരുന്നു എന്നതിന് ഈ ഒററ ഉദാഹരണം മതി. അദ്ദേഹം തന്റെ അനിയന്ത്രിതമായ മാംസ

മരണത്തെക്കുറിച്ച് സ്വയം സങ്കല്പിക്കുന്നതു്......"

"അന്നു പറഞ്ഞ ത്രികോണമുണ്ടായിരുന്നില്ലേ, സാർ?"

പൊട്ടിച്ചിരികൾ, കുശലിളികൾ. —കഴിഞ്ഞവാസം. സ്വപ്നങ്ങളോ ടെ പിറന്നാളിൽ അമ്മ തന്റെ മാറിലെ വയറ്റായി സ്വന്തം വച്ചുവിളമ്പി. അന്നും നെയ്യുതിരിയ അസ്വസ്ഥതയായിരുന്നു അവിവും. അന്ന് രാവിലെ ബാലേട്ടൻ ആരോടും ഒന്നും പറയാതെ ഇറങ്ങിപ്പോയി. ഒടുവിൽ സന്ധ്യയോടെ വന്നുകയറിയതു്.

ഉച്ചവരെ വളരെ പ്രയാസപ്പെട്ട് ക്ലാസ്സിലിരുന്നു. ഉച്ചയ്ക്ക് ചിറപ്പന്തി കൊണ്ടു് വീട്ടിലേക്കു നടന്നു. രാത്രി ഉറങ്ങിക്കിടക്കുന്ന ഓലപ്പുരകൾ, നദിയോട് ചേർന്നുപോകുന്ന നടപ്പാതയിലൂടെ—

ആലുവാപ്പുഴയിലെ പുണ്യജലം ഉൾക്കൊണ്ടുകൊണ്ടു് ഒഴുകുന്ന നദി. നിറഞ്ഞുവന്നിരുന്നു് മറിക്കുന്ന അതിലെ ഓളങ്ങൾ. വെയിലിൽ ഉണങ്ങിയതു് നിച്ഛായുകളായി മാറുന്ന, പൽകാലങ്ങളു് കലങ്ങിമറിഞ്ഞു് മൺതിട്ടകളെ ഇടിച്ചു വീഴ്ത്തിക്കൊണ്ടു് കരകവിഞ്ഞു് ഒഴുകുന്ന നദി. ഈ നദി എന്റെ ദുഃഖമാണു്, എന്റെ വേദനയാണു്......എന്റെ........ എന്റെ........

ഇരുട്ടുകൾ കയറുമ്പോൾ വരാന്തയിൽ കിടക്കുന്ന അച്ഛൻ. സ്വന്തം മുറ്റി യിൽ കമിഴ്ന്നു്, ബോധമറ്റു് കിടക്കുകയാണു്. അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്ന മദ്യത്തിന്റെ ഗന്ധം. അതിൽ ആർത്തുപാറുന്ന ഈച്ചകൾ. ഗന്ധം സഹിക്കവയ്യാതായപ്പോൾ അവൾ അകത്തേക്കു നടന്നു.

അമ്മയുടെ മുറിയുടെ അടഞ്ഞുകിടക്കുന്ന വാതിൽ. ഉള്ളിൽനിന്നും തേങ്ങൽ, അലിഞ്ഞലിഞ്ഞു് ഇല്ലാതായിത്തീരുന്ന രോദനം. വേദനയെ കടിച്ചമർത്താനുള്ള ശ്രമം.



ത്തിൽ കാലംനീട്ടി ഇരിക്കുന്ന ഞെട്ടിയെഴുന്നേറ്റ് ചോദിച്ചു:

"ഡോക്ടർ വന്നില്ലേ?"

"ഏയ് നോ! ഓ, അവൻ വിളിക്കാൻ പോയതല്ലേ ഉള്ളൂ. കള്ളുംകുടിച്ച് വന്ന കൊണ്ടാണ്! ഇപ്പ ഞാൻ ബാലനെ പറഞ്ഞയച്ചിട്ടുണ്ട്."

ബാലേട്ടൻ വന്നോ? രാവിലെ അമ്മയ്ക്കു സുഖമില്ലാതിരുന്നപ്പോൾ ഇറങ്ങിപ്പോയതാണു് ബാലേട്ടൻ. വേദനയ്ക്കു കാരണമറിയാൻ, അസ്വസ്ഥതകളെ നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടു് ഒരു ഭ്രാന്തനെപ്പോലെ ഇറങ്ങിപ്പോയ ബാലേട്ടൻ—

സ്വന്തം മുറിയിൽ പോയി, മേശയിൽ കൈകുത്തി തലകുമ്പിട്ട് അവളിരുന്നു. പുറത്തു് കാറിന്റെ ഡോർ ശക്തിയായി അടയുന്ന ശബ്ദം. ഡോക്ടറായിരിക്കും.

അമ്മയുടെ മുറിയുടെ വാതിൽ തുറക്കുന്നതിന്റെ പ്രതിഷേധം കലർന്ന ശബ്ദം: വീണ്ടും വാതിൽ അടയുന്നതിന്റെയും.

ബാലേട്ടൻ മുറിയിൽ വന്നപ്പോൾ അവൾ എഴുന്നേറ്റു.

"നീ എപ്പ വന്നു?"

"കുറച്ചായി"

ബാലേട്ടൻ പോയപ്പോൾ കസേരയിലിരുന്നു് നോട്ടുപുസ്തകമെടുത്തു് മറിച്ചുനോക്കി. പണ്ടെന്നോ താൻ കുറിച്ചിട്ടുള്ള മരണത്തെക്കുറിച്ചുള്ള കവിത പല ആവർത്തി വായിച്ചു.

അവളുടെ മനസ്സിൽ കടൽ ഇരമ്പി. തിരമാലകൾ പാറകളിൽ തലതല്ലിത്തകർന്നു. സഹസ്രഫണങ്ങളും ഉയർത്തിക്കൊണ്ടു് തിര കരയിൽ ഓടിക്കയറി. മണ്ണുകവർന്നു്, വൃക്ഷങ്ങളും കവർന്നു്, കടലുകൾ കവർന്നു്, മനുഷ്യരെ, മൃഗങ്ങളെ കവർന്നു്, കവർന്നുകവർന്നു് കടലിലേക്കു് മടങ്ങി. അതിൽ സത്യത്തെ കണ്ടെത്താൻ ശ്രമിച്ച് പൊട്ടിച്ചിരിച്ചു. പിന്നെ കാന്ന മണ്ണ് മരണത്തിനു കൂട്ടി.

ളവരുടെ കരയുണ്ടായി. എന്നിട്ടും ആസ്യ മ്മാരുടെ ഉറക്കെ ഉണ്ടാകുന്നുണ്ട് കടൽ പൊളിഞ്ഞു. യുഗങ്ങളായി വേദന ചുമക്കുന്ന കടൽ. അനാദിയായ കാലം മുതൽ ഉരുകും പേറുന്ന കടൽ........

പെട്ടെന്ന് തളത്തിൽ വാതിൽ തുറന്ന ശബ്ദം. അകത്തുനിന്ന് ആരോ പറഞ്ഞു.

"കാപ്പി പുട്ടവെള്ളം വേണം."

അടുക്കളയിലേയ്ക്ക് ആരോ പുതിയിൽ പോകുന്ന ശബ്ദം. വെള്ളവുമായി ചെമ്പുപാത്രത്തിലേയ്ക്കും. വീണ്ടും കനത്ത നിശ്ശബ്ദത!

തലകുമ്പിട്ട് വീണ്ടും കിടന്നു. വളരെ നേരം കഴിഞ്ഞു. പെട്ടെന്നുള്ള കരച്ചിൽ കേട്ട് തലപൊന്തിക്കുമ്പോഴും, പുറത്ത് എറിഞ്ഞടങ്ങിയ പകൽ.

"ങ്ങേ....ങ്ങേ....ങ്ങേ...."

പായയിൽ തെളിഞ്ഞുകിടക്കുന്ന ഒരു ചോരക്കുഞ്ഞിന്റെ രൂപം നിമിഷനേരം മനസ്സിൽ തെളിഞ്ഞു.

—ഇപ്പോഴും പുറത്ത് മഴ പെയ്ത് ഉണ്ടായിരിക്കണം. അല്ലെങ്കിൽ മരുഭൂമിയിലൂടെ! എന്റെ ദേശാടനത്തെ ഓർപ്പിച്ച്, കണ്ണീർക്കുടത്തെ ഒരു അതിഥിപോലെ, കുഞ്ഞിന്റെ കല്യാണ ത്തിന്റെ ദിവസം, വെയിലിൽ പെയ്യുന്ന മഴപോലെ........

പള്ളിയിലെ ഏഴുമണിയുടെ തളരാതുള്ള ഘോഷം. മുഴങ്ങുന്ന പള്ളിമണി ശബ്ദത്തിൽ കലർന്നു ഡോക്ടർ.

"ഇതു ആദ്യ പ്രസവമല്ലേ, ഇതു കിടിയ" ഒരു പെണ്ണ്. ഒരു ജീവൻ തുടിച്ചു........ഇതു കടിച്ചാൽ എന്ത് പക്ഷേ നമുക്ക് ആശ്വസിക്കാം..."

ഡോക്ടർ നടന്നു. ഇരുണ്ട പ്രകാശത്തിൽ ഒരു കറുത്ത നിഴൽപോലെ. അവളുടെ നോക്കിനില്ക്കുമ്പോഴും കണ്ണുകളിൽ ഉറഞ്ഞുകൂടിയ കണ്ണുനീർത്തുള്ളി. അവൾ സന്തോഷിച്ചു, ദുഃഖിച്ചു, ഏങ്ങി...നൊന്തു...ആശ്വസിച്ചു...

"ങ്ങേ....ങ്ങേ....ങ്ങേ...."

പുതുജീവന്റെ ഉയിർപ്പ്, അകത്ത് മുറ്റത്തിലെ ഇരുണ്ടതിലുള്ള കരച്ചിൽ.

●●


# DELUXE DRESS HOUSE

**Thevara – COCHIN-13.**

Tailors, Readymade Garment Makers
Dryers X Dry Cleaners

**"SERVICE IS OUR MOTTO"**

Telephone: 24700 Telegrams: "PAPER"

# ISMAIL & DEVASSY

**MERCHANTS & AGENTS**

P. B. No. 95 Bazaar Road
MATTANCHERI, COCHIN-2.

Sole Distributors for: THE TITAGHUR PAPER MILLS CO., LTD.
THE GANGES PRINTING INK FACTORY LTD.

PARTNERS: M. ISMAIL, A. L. DEVASSY

# "നവാഗതൻ"

ശശിധരൻനായർ, വി. എ.
II P. D. C.

സത്യം മുഖം മറയ്ക്കാതെ വരുന്നൊരാക്ഷ്
നിഷ്പന്നനാം നിന്റെ പാദമുദ്ര തേടിപോയ്
പൊന്നൊരയോടല്ല പൊതിഞ്ഞുസൂക്ഷിച്ച നിൻ
മന്നിലെ കാപട്യമണ്ഡലങ്ങളൊക്കെയും
കെട്ടഴിച്ചില്ലാം കണ്ടെത്തിടുവാ—
നിത്യതീർത്ഥയാത്രയിൽ സത്യം കൊതിക്കയാം.
നിന്റെ സമ്പാദ്യവും കീർത്തിയും മോടിയും
നിന്റെയഹന്തയും സ്വാതന്ത്ര്യമോഹങ്ങളും
സത്യം വിശദമായ് വിറ്റുതിന്നും ചെന്നു
സത്യഫലങ്ങളറിയാൻ കൊതിക്കയാം
എന്താണൊഴിഞ്ഞിരുന്നാൽ ശയ്യതിയിൽ
"മന്ത്രിതല"ത്തിൽ പ്രചാരകർ പോകയോ
വേണ്ട, വേണ്ടയോ മരിച്ചുപോയ് മന്ത്രിമാർ
ആദ്യക്ഷണം, സത്യദർശനവേളയിൽ.
സത്യവിരോധികൾ ഒട്ടനേകം വെറും
കെട്ടുകഥകൾ പറഞ്ഞുമോഹിക്കെ
സത്യം മരിച്ചുപോയിന്നലെ കണ്ട രാ—
ത്രിയിൽ — സത്യമെന്നാണോതിടും ചിലർ.
ഒട്ടും മുഖം കനിയാതെ നിർലജ്ജമാ—
യൊരൊട്ടനോക്കു സാധിതമാത്മമായ്
ഇപ്രപഞ്ചത്തിലെ ശാശ്വത സത്യത്തെ
യുപ്പിടി നഗ്നമായ് കാണും നിൻ പാടവം!

● ●

*With the best compliments from:-*

**CRYSTAL SANITARY WARES**

**MARKET ROAD ERNAKULAM COCHIN-11**

**Dealers In :: All Sanitary Equipments.**



Scanned with CamScanner

# ടാജ് മഹൽ

ശശീന്ദ്രൻ. കെ. എസ്സ്.
Ist B. A. 1672



—"ഓ, അമ്മേ, എനിയ്ക്കിപ്പോൾ...."

— അമ്മയുടെ പൊട്ടിച്ചിരിയിൽ അയാളുടെ വാക്കുകൾ മുങ്ങി.

"—നിനക്കിപ്പോൾ കല്യാണം വേണ്ട, അല്ലേ—? അല്ലെങ്കിൽ ഒരു കാരണംകൂടി പറഞ്ഞോളൂ, കുറച്ചുകൂടി കഴിയട്ടെയെന്ന്! അതല്ലേ ഫാഷൻ...."

"വിവാഹമൊക്കെ ആവശ്യമല്ല. എന്തിനാ തിരക്ക്"

അമ്മ നടന്നു മറയുന്നതിനിടയിൽ ഇങ്ങനെ പറയുന്നതയാൾ കേട്ടു — "വിവാഹം, ഒരു 'വഴിത്തിരി'വാണ്. അതില്ലാതെ ആരുടെ ജീവിതവും സമ്പൂർണ്ണമായിത്തീരില്ല"

വിവാഹം!

ഭാര്യ!

മക്കൾ!

പുഞ്ചിരിക്കുന്ന.......!

സ്റ്റാഫ് റൂമിലിരുന്നപ്പോഴും ചിന്ത മുഴുവൻ വിവാഹത്തെക്കുറിച്ചായിരുന്നു.

അവസാനം അയാൾ ഒരു തീരുമാനത്തിലെത്തി.

"—കാമുകി, ഭാര്യ, മക്കൾ, പുഞ്ചിരിക്കുന്ന......!"

ലബോറട്ടറിയിലേയ്ക്ക് കടന്നപ്പോഴേയ്ക്കും കുളിർമയുള്ള ഒരു ചിരി അയാളെ സ്വാഗതം ചെയ്തു. [illegible] പൂവിതളുകൾപോലെ വിടരുന്ന കുളിർമയുള്ള ചിരി. മാദകമായ ചിരി. ആ ചിരി അയാളെ വശീകരിച്ചുകളഞ്ഞു.

അയാൾ ഒരു നിമിഷം സ്തബ്ധനായി നിന്നു. മനസ്സിൽ തെളിഞ്ഞുവന്നത് അമ്മ പറഞ്ഞ വാക്കുകളാണ്.

—വിവാഹം ഒരു വഴിത്തിരിവാണ്—

[illegible] പൂവിതളുകൾപോലെ വിടരുന്ന ഈ കുളിർമയുള്ള ചിരിയാണെന്റെ വഴിത്തിരിവോ—

അയാൾ സ്വയം നിയന്ത്രിച്ചു. അവൾ ഒരു വിദ്യാർത്ഥിനിയാണ്. താനവളുടെ അദ്ധ്യാപകനും.

വിദ്യാർത്ഥിനി അദ്ധ്യാപകനെ പ്രേമിക്കുക! അദ്ധ്യാപകൻ വിദ്യാർത്ഥിനിയെ പ്രേമിക്കുക!!

അവസാനം, വികാരത്തിന്റെ മുമ്പിൽ വിവേകം വഴിമാറിക്കൊടുത്തു.

ഒരു വിദ്യാർത്ഥിനി അദ്ധ്യാപകനെ പ്രേമിച്ചു! ഒരു അദ്ധ്യാപകൻ വിദ്യാർത്ഥിനിയെ പ്രേമിച്ചു!!

ഒരു സുപ്രഭാതത്തിൽ ക്ലാസ്സുമുറിയിലെ ബ്ലാക്ക് ബോർഡിൽ രണ്ടുചിത്രങ്ങൾ തെളിഞ്ഞിരുന്നു.

—ഒരു വിദ്യാർത്ഥിനിയുടേയും അദ്ധ്യാപകന്റേയും!

ചിത്രങ്ങൾ ഭിത്തിയിലും, ലബോറട്ടറിയിലെ ആസിഡു നിറച്ച കുപ്പികളിലും ഒട്ടിക്കപ്പെട്ടു.

അനാഥികം. കലങ്ങിമറിഞ്ഞ കാററിൽ പൂച്ചക്കുട്ടികളെപ്പോലെ കരഞ്ഞുപിടിച്ചു മുട്ടി മുരളുന്ന കറുത്ത ആകാശം.

ഒരു വിദ്യാർത്ഥിനിയും അദ്ധ്യാപകനും കോളേജിൽനിന്നും ബഹിഷ്ക്കരിക്കപ്പെട്ടു.

അനാഥികം. ശാന്തമായി. വെള്ളപ്പൊക്കങ്ങൾപോലെ മേഘകീറുകൾ നീന്തിനടക്കുന്ന തെളിഞ്ഞ ആകാശം.

ജോലി നഷ്ടപ്പെട്ട കാമുകൻ വഴിയിൽ അലഞ്ഞുനടന്നു.

കാമുകിയുടെ വീട്ടിൽ വിവാഹാലോചനകൾ കടന്നുവന്നു.

ഒരു സുപ്രഭാതത്തിൽ സ്വർണ്ണലിപികളാൽ എഴുതപ്പെട്ട ഒരു കല്യാണക്കുറി കാമുകനു കിട്ടി.

ഒരു പ്രേമബന്ധം തകർന്നു............

കാമുകിയുടെ വിവാഹത്തിന് കാമുകൻ ഒരു മനോഹരമായ വിവാഹസമ്മാനം അയച്ചുകൊടുത്തു. ഷാജഹാൻ മുംതാസിന്റെ സ്മരണയ്ക്കുവേണ്ടി പണികഴിപ്പിച്ച സുന്ദരമായ ശവകുടീരത്തിന്റെ മാതൃക.

...പറന്നുപോകുന്ന സ്കൂട്ടറിന്റെ പിന്നിൽ കാമുകി. ഭർത്താവിനെ കെട്ടിപ്പിടിച്ചിരിക്കുന്നുണ്ട്" കാമുകൻ [illegible]

'Wanted' — എന്നെഴുതിയ കോളം കാമുകൻ വായിച്ചു.

അപേക്ഷകൾ നാലുദിക്കിലേ[illegible] പറന്നുപോയി.

അപേക്ഷകളിൽ ഒന്ന് സ്വീകരിക്കപ്പെട്ടു. കാമുകൻ ഉദ്യോഗസ്ഥനായി.

ഫാക്ടറിയിലെ പുകക്കുഴലുകൾ ഉദ്യോഗസ്ഥൻ നിയന്ത്രിച്ചു. പുതിയതും ഫലപ്രദവുമായ രാസവളങ്ങളും ഫാക്ടറിയിൽനിന്ന് പുറത്തിറങ്ങി.

അയാൾ വീണ്ടും മകനെ [illegible] "പുത്തരി"ലിരുത്തി മകനെ [illegible]

മകൻ ആലോചിച്ചു. അവസാനം അയാൾ ഒരു നിഗമനത്തിലെത്തി.

"...ഭാര്യ, മകൻ, ചുവന്ന ത്രികോണം............"

▽

സമീപിക്കുക!!!

HOTEL ESPO

COCHIN-13. THEVARA

ചായ, കാപ്പി, ബോൺവിറ്റ, നെസ് കഫെ, ഓവൽടിൻ, ഹോർലിക്സ്, ഡ്രിങ്ക്സ് മറ്റിനങ്ങളും.

ഹോട്ടൽ എസ്പോ

ഫോട്ടോഗ്രാഫി സംബന്ധമായ എല്ലാവിധ ജോലികളും കൃത്യസമയത്തിന് നല്ല രീതിയിൽ ഭംഗിയായി ചെയ്തുകിട്ടുവാൻ

സമീപിക്കുക

കുമാർ സ്റ്റുഡിയോ

പുളിക്കൽ ബിൽഡിംഗ്, പള്ളിമുക്ക്, എം. ജി. റോഡ്, എറണാകുളം-16

# പെരുമാററത്തിലെ രഹസ്യം

കൊച്ചപ്പൻ വി.
സെക്കൻഡ് ബി. കോം.



പെരുമാററത്തിൽ നിന്നാണല്ലോ പ്രശ്നങ്ങളുണ്ടാകുന്നതു്. മററുള്ളവരുടെ ആവശ്യം അറിഞ്ഞു് അതിനെ ആദരിച്ചുകൊണ്ടു് നിങ്ങളുടെയും അവരുടെയും ആവശ്യങ്ങളൊക്കെ് യുക്തമായ രീതിയിൽ ഒപ്പം സന്തോഷിപ്പിക്കുന്നതിലാണു് നിങ്ങളുടെ യുക്തവും ശ്രദ്ധേയമായ കഴിവു്. എമേഴ്സൺ പറയുകയാണു് "ഞാൻ കാണുന്ന മാരോരുത്തരും ഏതെങ്കിലും ഒരുകിൽ മററാരു തരത്തിൽ എന്നേക്കാൾ മേന്മയുള്ളവരാകുന്നു. അതിനാൽ അവരിൽനിന്നും പലതും ഞാൻ പഠിക്കുന്നു." എമേഴ്സനെ സംബന്ധിച്ചിടത്തോളം ഇതാണു് സ്ഥിതിയെങ്കിൽ നമ്മെ സംബന്ധിച്ചു് പറയാനില്ലല്ലോ? സ്വകീയമായ പ്രകൃതവും സ്വഭാവം നിർത്തിവെച്ചു് എമേഴ്സനെപ്പോലെ മററുള്ളവരെക്കുറിച്ചു ചിന്തിക്കു! മററുള്ളവരുടെ നല്ല വശങ്ങൾ കണ്ടുപിടിച്ചു് അതിനെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കു! നമ്മുടെ വാക്കുകൾ മററുള്ളവർ ശ്രവിക്കണമെങ്കിൽ — നമ്മെ കാണുന്നതിലും, അതിനെ പ്രശംസിക്കുന്നതിലും നിർല്ലോഭം പരിപാലിക്കണം!

1. ഇതിനു കഴിവുള്ളവർക്കു് ലോകം കീഴടങ്ങുന്നു
അല്ലാത്തവർ ഒററപ്പെടുന്നു......!!

നമുക്കെല്ലാവർക്കും പാർക്കുന്നിടം പാലോ... എല്ലാവരും ഇഷ്ടമാണല്ലോ! എന്നാൽ മത്സ്യത്തെപ്പിടിക്കാൻ ചൂണ്ടയിടുമ്പോൾ ഇഷ്ടമായതൊക്കെ ഇരയായി ഉപയോഗിക്കാറില്ലല്ലോ. അതായതു് മത്സ്യത്തിനു് ഇരകൊള്ളുമ്പോൾ അതിന്റെ ഇഷ്ടമാണു് നോക്കുന്നതു്. അല്ലാത്തവർക്കു നമ്മുടെ പ്രയത്നം നഷ്ടത്തിലാവും. മറ്റുള്ളവരെ സ്വാധീനിക്കേണ്ടിവരുമ്പോഴും ഇതാണു് — ഓർക്കേണ്ടതു്. "ആവശ്യക്കാരനു് ഔചിത്യമില്ല" എന്നൊരു ചൊല്ലുണ്ടല്ലോ. പുകവലിക്കുന്ന നിങ്ങളുടെ അനുജനെ പിന്തിരിപ്പിക്കുവാൻ "അരുതു്" കല്പിച്ചുകൊണ്ടു കാര്യമില്ല! ഒരായിരം ഉപദേശിച്ചാലും അവന്റെ മനസ്സിൽ പതിക്കുന്നതല്ല. എന്നാൽ അപ്രത്യക്ഷമായി സ്വയം പ്രയോഗിക്കുന്നതായാൽ പിന്തിരിപ്പിക്കുവാൻ കഴിയും! ആവശ്യത്തിൽ നിന്നു മാത്രമേ പ്രവർത്തനം ഉണ്ടാകുകയുള്ളൂ. മററുള്ളവരെക്കൊണ്ടു് എന്തെങ്കിലും ചെയ്യിക്കണമെന്നുണ്ടെങ്കിൽ തദ്കാര്യത്തിൽ അവരുടേതായ എന്തെങ്കിലും താല്പര്യം ഉണ്ടായിരിക്കണം. സ്വകീയമായ ആവശ്യം ബോദ്ധ്യപ്പെടുത്തുന്നതായാൽ പ്രവർത്തനത്തിനു് യാതൊരു വിശേഷപ്രേരണയും ആവശ്യമായി വരുന്നില്ല. മററുള്ളവരുടെ ചിന്താശക്തി ഉത്തേജിപ്പിക്കുന്നതിലും, അതിനെ സ്വന്തമായി സ്വന്തം താല്പര്യങ്ങളെ കൂട്ടിയിണക്കുന്നതിലുമാണു് വിജയത്തിന്റെ രഹസ്യം—!

2. നല്ല പ്രതികരണം
സൃഷ്ടിക്കുവാനൊരു ഉപ്പുമാർഗ്ഗം

സ്നേഹത്തിന്റെ ശക്തി ഹൃദയത്തിലെല്ലാം നിറഞ്ഞാലും പുഞ്ചിരിയിൽ

കൂടിയാണല്ലോ! മറ്റുള്ളവർക്ക് നിങ്ങൾ നല്കുന്ന പരിഗണനയുടെ നിദർശനമാണ് പുഞ്ചിരി. പുഞ്ചിരിക്കാൻ മനുഷ്യന് മാത്രമേ കഴിയുകയുള്ളുവെങ്കിലും, മറ്റു ബാഹ്യപ്രകടനങ്ങൾ വഴി പുഞ്ചിരിക്കാനാവാത്ത കുറവ് നികത്തുന്ന ഒരു മൃഗം നായ മാത്രമാണ്!

"എന്റെ സ്നേഹിതന് യഥാർത്ഥ ബുദ്ധിയും വേണമെന്നില്ല. പക്ഷേ അയാൾക്ക് പുഞ്ചിരിക്കാനറിയണം. ചിരിക്കാനറിയാത്ത ഒരു ബിരുദധാരിയെക്കൊണ്ട് യാതൊരു പ്രയോജനവുമില്ല." എന്റെ ഒരു സുഹൃത്തിനെ ഇന്റർവ്യൂ ചെയ്തപ്പോൾ അനുഭവപ്പെട്ടതാണ് മേൽപറഞ്ഞ കാര്യം! നന്മയെന്നും തിന്മയെന്നും വ്യക്തമായി തരം തിരിക്കാവുന്ന ഒന്നുമില്ല. ചിന്തയുടെ പ്രതിഫലനമാണ് നന്മയും, തിന്മയുമെന്നാണ് ഷേക്സ്പിയർ പറയുന്നത്. "മനോധൈര്യംപോലെ സുഖവും, സന്തോഷവും അനുഭവപ്പെടുന്നു" എന്ന് അബ്രഹാംലിങ്കൻ പറയുമ്പോൾ അദ്ദേഹം ഈ പരമാർത്ഥം അറിയുകയാണ്. "ദയാവായ്പില്ലാത്ത പുഞ്ചിരി കളിയാടുന്ന ഒരു മുഖം എത്ര വാതിലും തുറപ്പിക്കുന്നു" എന്ന ചൈനക്കാരുടെ പഴമൊഴിയും തെളിയിക്കുന്നത് ആത്മാർത്ഥമായ പുഞ്ചിരി അത്യന്താപേക്ഷിതമാണെന്നാണ്. പ്രസന്നമായ മുഖം, ആത്മാർത്ഥമായ പുഞ്ചിരി, പുറമേയുള്ള പ്രവൃത്തി, ഇവയെല്ലാം, ഇതും കാര്യങ്ങളും നല്ല പ്രതിച്ഛായ സൃഷ്ടിക്കുവാൻ ആവശ്യമാണ്.

ചിലരെക്കാണുമ്പോൾ, ചോദിക്കുന്നതിനു മുമ്പേ തീർച്ച. മായക്കാഴ്ച നല്ലില്ലാത്ത മനസ്സിന് എന്തോ ചിരിക്കുന്നപോലെയാകുന്നു, കണ്ണുകളിലും, ചുണ്ടുകളിലും സ്നേഹനിർഭരമായ മന്ദഹാസം ഓടിക്കളിക്കും ചെയ്യുന്നു! "ആത്മാർത്ഥമായ പുഞ്ചിരിയുടെ വില!

## 3. ഇതു ചെയ്താൽ നിങ്ങൾക്ക് സർവ്വത്ര സ്വാഗതം ലഭിക്കും

സ്നേഹമാണഖിലസാരം എന്ന കവി വാക്യം മാറ്റിക്കൊണ്ട് ഇതിനെ ലക്ഷ്യമാക്കി എങ്ങിനെ പ്രവൃത്തിക്കാമെന്നു നോക്കാം! ഒരാൾ ഏറ്റവും അധികം സ്നേഹിക്കുന്നത് ആരെയാണ്? അയാളെത്തന്നെയാണെന്ന് നമുക്കറിയാം. ഞാൻ, ഞാൻ, എന്ന വാക്കാണ് എവിടെയും മുഴങ്ങുക. നിങ്ങൾ ഉൾപ്പെട്ട ഒരു ഗ്രൂപ്പ് ഫോട്ടോയിൽ ആദ്യം നിങ്ങളുടെ കണ്ണ് പതിയുന്നതാരിലേക്കായിരിക്കും? തീർച്ചയായും നിങ്ങളുടെ നേർക്ക്. നിങ്ങളുടെ ഫോട്ടോ നന്നായെങ്കിൽ നിങ്ങൾ ആ ഫോട്ടോ സ്വീകരിച്ചു എന്നുവരും. നാം അനുവർത്തിച്ചുവരുന്ന സമ്പ്രദായമനുസരിച്ച് നാം ഏറ്റവും സ്നേഹിക്കുന്നത് നമ്മെത്തന്നെയാണ്. എല്ലാവരും ഈ തത്വം അംഗീകരിക്കാറുണ്ട്. സ്വയം സ്നേഹം എന്നത് എത്രമാത്രം സ്വാർത്ഥമാകും. അതുകൊണ്ട് നാം അതു സ്നേഹിക്കുകയാണ് വേണ്ടത്.

രണ്ടു സ്നേഹിതന്മാർ തമ്മിൽ പരസ്പരം കണ്ടുമുട്ടുമ്പോൾ ആരാണാദ്യം സംസാരിക്കേണ്ടതെന്ന് സംശയിച്ചാൽ സംഭാഷണം തന്നെ നടന്നില്ലെന്നുവരാം. "എന്തുകൊണ്ട് ഞാൻ സംസാരിക്കണം, അയാൾക്ക് പാടില്ലേ" എന്ന് ഓരോരുത്തരും മനസ്സിൽ ഉണർന്നാൽ മിണ്ടാതെ കടന്നുപോകേണ്ടിവരും! ആരായാലും ആദ്യം ഒരാൾ സംഭാഷണം ആരംഭിക്കണമല്ലോ. എന്നാൽ അതു ഞാനാകട്ടെ എന്ന് ഓരോരുത്തരും കരുതിയാൽ എത്ര വേഗം സംഭാഷണമാകും. നാം പ്രതിപാദിച്ചുവരുന്ന തത്വങ്ങൾ പ്രയോഗിക്കേണ്ട ഘട്ടങ്ങളാണിതെന്ന് സൂചിപ്പിക്കുകയാണ്. മറ്റുള്ളവരെക്കുറിച്ച് താല്പര്യം പ്രകടിപ്പിക്കുമ്പോൾ അവർ നമ്മെക്കുറിച്ചന്വേഷിക്കുന്നു.

വ്യാമോഹിപ്പിച്ചും ജനങ്ങളെ സ്വാധീനിപ്പിക്കാം. പലരും ഇപ്രകാരം ചെയ്തിട്ടുണ്ട്. അവരുടെ അന്ത്യം ദയനീയ പരാജയമായിരിക്കും. "നാം മറ്റുള്ളവരെ സ്നേഹിക്കുന്നു" അവർ

നമ്മെ ബാധിക്കുന്നെങ്കിൽ മാത്രമാണ്" "ഉപകാരമില്ലാത്ത സാധനം ഓർമ്മയില്ല" എന്ന പഴഞ്ചൊല്ലും ഇതേ ആശയം തന്നെയാണ് വ്യക്തമാക്കുന്നത്.

## 4. എപ്പോൾ നിങ്ങൾ ബുദ്ധിമുട്ടുന്നു? "ഇത് ചെയ്യില്ലെങ്കിൽ"—

മറ്റുള്ളവരുടെ പേര് ഓർമ്മിക്കുവാൻ നമ്മിൽ ചിലർ മിനക്കെടാറില്ലല്ലോ. അവർക്കതിനു സമയമില്ല. എപ്പോഴും കാരണം പറയുക — തിരക്കാണെന്നായിരിക്കും. ഒരു കാര്യം തീർച്ച, പ്രധാനമന്ത്രിയുടെയും, പ്രസിഡന്റിന്റെയും തിരക്കൊന്നും നമുക്കില്ലല്ലോ? ഉദ്യോഗസ്ഥൻ കേവലം പേരു മാത്രം വിളിക്കുമ്പോൾ മറ്റൊരു തൊഴിലാളിയും അഭിമാനം കൊള്ളുന്നു. തന്റെ നാമധേയം നിലനിർത്തുവാൻ വേണ്ടി എന്തു വിലകൊടുക്കുവാനും മനുഷ്യർ തയ്യാറാണ്. ഉന്നതരായ വ്യക്തികളിൽ നിന്നു ലഭിച്ചിട്ടുള്ള എഴുത്തുകൾ ചിലർ സന്ദർശനമുറിയിൽ മേശപ്പുറത്തു തന്നെ സൂക്ഷിക്കാറുണ്ടല്ലോ? വരുന്നവരും പോകുന്നവരും അറിയണമെന്നതാണ് ഉദ്ദേശം. അതിലൊരു പ്രത്യേക ആനന്ദം അവർക്കുണ്ട്. "ഇത് ഇന്നാളുടെ എഴുത്താണല്ലോ" എന്നെങ്ങാനും ഒരാൾ പറഞ്ഞാൽ മതി, പിന്നെ അതേക്കുറിച്ച് വർണ്ണനയാകും. "ഞാനും അദ്ദേഹവും സഹപാഠികളായിരുന്നു. ഇന്ന് അദ്ദേഹം ഉന്നതനായെങ്കിലും എന്നെ മറക്കുകയില്ല" എന്നിപ്രകാരമാകും വർണ്ണന. അതുമല്ല" വലിയവർ തങ്ങളെ അറിയുമെന്ന് പറയുന്നത് സാധാരണക്കാർ ബഹുമതിയായി കരുതുന്നു.

ഒരാളുമായി പരിചയപ്പെട്ടാൽ തീർച്ചയായും അയാളുടെ പേര് ഓർമ്മവെക്കണം. നെപ്പോളിയൻ മൂന്നാമൻ ചക്രവർത്തി അഭിമാനപൂർവ്വം പറയുകയുണ്ടായി "ഞാൻ സംസാരിച്ചിട്ടുള്ള എല്ലാവരുടേയും പേര് ഞാൻ പറയാം. സംഭാഷണമദ്ധ്യത്തിൽ വീണ്ടും വീണ്ടും ആ പേര് ഞാനത് മനസ്സിൽ പതിക്കുന്നു" എന്ന്. ഉന്നതരായ എല്ലാവരും ഇത് മനസ്സിലാക്കിയിട്ടുണ്ട്. പേര് ഓർക്കുവാൻ അത്ര പ്രയാസമൊന്നുമില്ല! മറ്റുള്ളവരിൽ ഒരു താല്പര്യമുണ്ടായാൽ ഇത് എളുപ്പമാണ്. നാം മറ്റുള്ളവരുടെ പേരുകൾ ഓർക്കുമ്പോൾ അവർ നമ്മുടെ പേരും ഓർക്കും. നമ്മുടെ പേര് ഓർക്കപ്പെടണമെങ്കിൽ നാം അതുപോലെ ചെയ്യണമല്ലോ! "നല്ല പേര് ത്യാഗത്തിലൂടെ മാത്രമേ ലഭിക്കൂ" എന്ന് എമേഴ്സൺ പറയുന്നതോർത്താലും!

## 5. നല്ല വക്താവാകുവാൻ എളുപ്പവഴി:

നിങ്ങളോട് സംഭാഷണത്തിനു വരുന്ന ഒരാളെ ഏറ്റവുമധികം സന്തോഷിപ്പിക്കുന്നത് സശ്രദ്ധമായ ശ്രവണമാണ്. സംഭാഷകൻ ഒരു ശാസ്ത്രജ്ഞനോ, കച്ചവടക്കാരനോ, സാഹിത്യകാരനോ — ആരുമായിക്കൊള്ളട്ടെ. ധാരാളം പരസ്യവും പ്രചാരവുമുള്ള ഒരു കടയിലെ കച്ചവടം അധഃപതിക്കുവാൻ ഒരു ക്ലാർക്ക് മതി. അയാൾ കടയിൽ വരുന്നവരുടെ ചോദ്യങ്ങൾ ശ്രദ്ധിക്കാതിരിക്കയേ വേണ്ടൂ.......

ഒരാൾ പറയുമ്പോൾ ഇടയ്ക്കു കയറി വിലപ്പെട്ട തന്റെ അഭിപ്രായം പറയുന്നതിൽക്കവിഞ്ഞ മര്യാദകേട് മറ്റൊന്നില്ല. യാതൊരു വ്യക്തിയും അതിഷ്ടപ്പെടുകയില്ല. ചിലർ സംഭാഷണം ആരംഭിച്ചാൽ അവസാനിപ്പിക്കയില്ല. അന്യന്മാരെയും സമയവും വെറുക്കുന്നു. പറയുവാൻ അവസരം കൊടുക്കുകയും കേൾക്കുവാൻ തയ്യാറാവുകയും ചെയ്യുക. നിങ്ങൾ പറയുവാൻ അവസരമെടുക്കുമ്പോൾ ശ്രോതാവിനും പറയുവാനുണ്ടാകുമെന്നത് എപ്പോഴും ഓർക്കണം. മറ്റുള്ളവർ താല്പര്യമനുസരിച്ചായിരിക്കും അതു തിരിച്ചുകിട്ടുക. ഓരോരുത്തർക്കും അവരവരുടെ ആവശ്യങ്ങളിലാണ് താല്പര്യം. അതും മറിച്ചും മനസ്സിലാക്കുന്നത്!



Scanned with CamScanner

[illegible] ഒരു [illegible] തിരിച്ചറിയുന്നതുപോലെ [illegible] [illegible] സംസാരിക്കുമ്പോഴും [illegible] സന്തോഷിക്കും, [illegible] ഐശ്വര്യം [illegible] [illegible]...!

## 6. എന്തുചെയ്യണം? "ജനത്തിൽ ജനപ്രീതി സമ്പാദിക്കുവാൻ"

പരസ്യം പെരുമാറ്റത്തിൽ ഒരു നിയമം പാലിക്കരുത്. അല്ലാത്ത പക്ഷം തീരാത്ത ബുദ്ധിമുട്ടുകൾ ഉണ്ടാവും. എപ്പോഴും ഒരിക്കലും മറ്റുള്ളവരെ വ്യക്തിപരമായ ദുരഭിമാനത്തിലാക്കാൻ നാം ശ്രമിക്കണം. മാത്രമല്ല ചോദ്യം ചെയ്യരുത്. പ്രാബല്യവാസനായ അടിച്ചമർത്തരുത്. മറ്റുള്ളവർ നിസ്സാരക്കാരാണെന്ന് ഒരിക്കലും കരുതരുതല്ലോ! എപ്പോഴും നാം ഇപ്രകാരം കരുതുന്നുവോ നമ്മുടെ സ്നേഹിതന്മാരുടെ എണ്ണവും വലിപ്പവും കൂടുന്നു, മനോസുഖം വർദ്ധിക്കുന്നു!

യഥാർത്ഥയോഗ്യതക്ക് അംഗീകാരം കിട്ടേണ്ടതു് ഓരോരുത്തന്റെ ജന്മാവകാശമാണല്ലോ. നല്ലതിനെ ഉള്ളഴിഞ്ഞ് പ്രശംസിക്കുക. ഇത് പുഷ്പത്തിനുള്ള സൗരഭ്യമായി തരംതാഴ്ത്തിക്കാൻ ശ്രമിക്കണം. ഒരിക്കലും കലർപ്പുചേർന്ന ഒരു കച്ചവടക്കാരനാകരുത്. ഇങ്ങനെയാണെങ്കിൽ നമുക്ക് എല്ലാവരുടെയും ആത്മാർത്ഥസ്നേഹം ലഭിക്കും. സ്നേഹിക്കപ്പെടുവാൻവേണ്ടി സ്നേഹിക്കുക, സാധിക്കുന്നതാകുവാൻവേണ്ടി വിധേയനാകുക, മറ്റുള്ളവരുടെ നന്മയെ ആത്മാർത്ഥമായി അംഗീകരിക്കുക, നാം കാണുന്ന തെറ്റുകളിലും നമുക്കാരും താഴെയാണെന്ന് കരുതരുത്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അവരും നമ്മെ കവച്ചുവയ്ക്കും. അതുകൊണ്ട് ഹൃദയപൂർവ്വ-

തിയായ മനുഷ്യനിലുള്ള ഏകകാര്യം വ്യക്തിത്വത്തെ അംഗീകരിക്കുകയാണ്; കഴിവുകളെ പ്രശംസിക്കുകയാണ്!

"എന്നെക്കാൾ താഴെ ആരുമില്ല; എല്ലാവരിൽനിന്നും എനിക്ക് പഠിക്കുവാനുണ്ട്" എമേഴ്സന്റെ ഈ വാക്കുകൾ ഓർക്കുക. തന്റെ കഴിവുകളെ [illegible] അംഗീകരിക്കപ്പെടാത്ത [illegible], ഒരാളിലുള്ള [illegible] [illegible] പ്രവർത്തിക്കുന്നു! [illegible] പ്രേരിതനാകുന്നു.

"അല്ലയോ, മനുഷ്യ, ചില്ലറ അധികാരം കിട്ടുമ്പോഴും നീ കാട്ടിക്കൂട്ടുന്ന കാര്യങ്ങളെപ്പോലും ലജ്ജിപ്പിക്കുന്നവയാകുന്നു" എന്നാണ് ഷേക്സ്പിയർ അഭിപ്രായപ്പെട്ടിരിക്കുന്നത്.

നിങ്ങൾ പ്രേമിക്കപ്പെടുവാനാഗ്രഹിക്കുന്നെങ്കിൽ 15 സ്ത്രീകളുടെ പ്രേമം സമ്പാദിച്ച പ്രേമപുരുഷനായ ഒരു [illegible]മായി അഭിമുഖസംഭാഷണം നടത്തിയശേഷം അദ്ദേഹം പറയുന്നത് പ്രേമിക്കപ്പെടുവാൻ വളരെ എളുപ്പമാണ്. ഒരു സ്ത്രീയെ ഉള്ളഴിഞ്ഞ് പ്രശംസിക്കുമ്പോൾ അവൾ പ്രശംസകനെ പ്രേമിക്കുവാൻ നിർബന്ധിതയാകുന്നു. അതുപോലെ പ്രശംസിക്കപ്പെടുന്ന പുരുഷനും. കുടുംബജീവിതം സന്തോഷപ്രദമാക്കുന്നതിൽ പ്രശംസയുള്ള അദ്വിതീയസ്ഥാനം വ്യക്തമാക്കുവാനാണ് ഈ ഭാഗം കൂടി ചേർത്തത്. അല്ലാതെ നാളെമുതൽ പ്രേമക്കച്ചവടം നടത്തുവാൻ പ്രേരിപ്പിക്കണമെന്നുള്ള യാതൊരാഗ്രഹവുമില്ലെന്ന് വ്യക്തമാക്കട്ടെ. വ്യക്തികൾ ചേർന്ന് കുടുംബം; കുടുംബങ്ങൾ ചേർന്ന് സമൂഹവും, സമൂഹം ചേർന്ന് രാഷ്ട്രവുമുണ്ടാകുന്നു. യഥാർത്ഥത്തിലുള്ള ഹാർദ്ദമായ അംഗീകാരത്തിന്റെ ശക്തി മനസ്സിലാക്കി അത് കുടുംബജീവിതത്തിൽ പകർത്തി രാഷ്ട്രജീവിതം മേന്മയുള്ളതാക്കിത്തീർക്കുവാൻ നമുക്കൊന്നിച്ച് ദൈവത്തോട് പ്രാർത്ഥിക്കാം.....

○○



Scanned with CamScanner



# മനുഷ്യാ നീ എങ്ങോട്ട്!

— കെ. എസ്. ബാപ്പക്കുട്ടി —

Mcom Previous

ഹേ! മനുഷ്യാ നീ ഒരതിശയം തന്നെ! എന്നിട്ട് നിന്റെ ആത്മസ്വരൂപം ഒന്നു കാണൂ! [illegible]

[illegible]

[illegible]

തിരിയ്യ ത്താന മണൽ, അസ്വസ്ഥനമ്പ ള്ളതും വിളയുന്ന മേഖലയും. ഇവി നൊട്ട് കിടപിടിക്കത്തക്ക മറ്റൊന്ന് സൗകര്യം. പിന്നെ എന്തിനെ നമ്മുടെ സംസ്ഥാനം ഒരു പ്രശ്നസംസ്ഥാനമായി മാറി എന്നന്വേഷിച്ചിറങ്ങുന്നത് നന്നായിരിക്കും. അതിന് ഉപരിയായി പര ഭവാനന്ത മാത്രമല്ല. അതിവി പ്പത്ത ജനതാബോധവും. നമ്മുടെയ ക്കിയ പ്രശ്നം നമ്മൾത്തന്നെ പരിഹരിക്കണം. അതിനുവേണ്ടി സംഘടിക്കേണ്ട കാലം സമാഗതമായിരിക്കയാണ്.

ഇതുകൊണ്ട് നമ്മുടെ പ്രശ്നങ്ങൾ നാംതന്നെ ആരായേണ്ടിയിരിക്കുന്നു. അതിനുള്ള പരിഹാരമാർഗ്ഗം കണ്ടുപിടിക്കേണ്ടതും നമ്മുടെ കർത്തവ്യമാണെന്ന് നാം ഓരോരുത്തരും മനസ്സിലാക്കേണ്ടതാണ്. നാം നമ്മെത്തന്നെ ഈ അവസരത്തിൽ ഒന്ന് തിരിഞ്ഞുനോക്കുന്നത് നന്നായിരിക്കും. ഇവിടത്തെ പ്രധാന പ്രവർത്തനരംഗങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കുന്നത് നന്നായിരിക്കും. ഇവിടെ വിദ്യ അഭ്യസിക്കാൻ താല്പര്യമില്ലാത്ത വിദ്യാർത്ഥികൾ, പഠിപ്പിക്കാൻ തയ്യാറില്ലാത്ത അദ്ധ്യാപകർ, പണിയെടുക്കാൻ ഒട്ടും തയ്യാറില്ലാത്ത തൊഴിലാളികൾ, സേവനമനോഭാവം തെല്ലുമില്ലാത്ത സർക്കാർ ജീവനക്കാർ, നേരും നെറിയുമില്ലാത്ത കച്ചവടക്കാർ, മനസ്സാക്ഷിയില്ലാത്ത മന്ത്രിമാർ, തങ്ങളുടെ കക്ഷിയുള്ളതു് സദാ സമയവും പാർട്ടിയുടെ ഇതുകളിൽ മാത്രം കാര്യങ്ങളിൽ ശ്രദ്ധിക്കുന്ന ഉദ്യോഗസ്ഥന്മാർ, പണത്തെ മാത്രം പാടുന്ന ഡോക്ടർമാർ, വിദ്യാഭ്യാസം വെറുതെ കച്ചവടച്ചരക്കാക്കി മാറ്റിയ വിദ്യാലയ ഉടമകൾ, സ്വഭാവമില്ലാത്ത രാഷ്ട്രീയ നേതാക്കൾ, രാഷ്ട്രീയം ഇല്ലാതാക്കേണ്ടതിന്റെ ആവശ്യം ഉണർന്നിരിക്കുന്നു. എന്നാൽ പ്രവർത്തനമാർഗ്ഗത്തിനു ആരുമില്ല. മുൻപോട്ടുവന്നാൽ അവൻ കള്ളനായി, കരിങ്കാലിയായി, കൊള്ളക്കാരനായി, തെമ്മാടിയായി. മാന്യൻ ചെന്നിരിക്കുന്ന ശകാരിയായി എന്തിന് മുതൽ പറയുന്നു, അവൻ ദ്രോഹിയായിത്തീരുന്നു. അതുകൊണ്ട് ആരും അതിനുവേണ്ടി കച്ചകെട്ടാറില്ല.

സത്യത്തിനും നീതിക്കും ഇന്ന് ഇവിടെ സ്ഥാനമില്ലല്ലോ? മേൽ വിവരിച്ച ചരിത്രം ചിലതൊക്കെ മനോഭാവത്തിൽ അതിശയോക്തിയായ ഒരു ചിത്രമായി പ്രതിഫലിപ്പിച്ചേക്കാം? എന്നാൽ മേൽ പ്രസ്താവിച്ച ചരിത്രം ഒട്ടും അതിശയോക്തി കലർത്താത്ത പച്ചപ്പരമാർത്ഥമാണ്. ഭംഗിവാക്കുകൾ പറഞ്ഞ് സ്വയം വഞ്ചിതരാവുന്നതിനും എത്രയോ ഭേദമാണ് സത്യം സത്യമായി പറയുന്നത്.

എല്ലാറ്റിലുമുപരിയായി പലരും മറന്നു നില്ക്കുന്നതെന്താണെന്നല്ലേ പറയുവാൻ പോകുന്നത്? ഏറ്റവും വിശാലമായ ഒരു ആശയം. ആത്മാർത്ഥമായ അദ്ധ്വാനത്തിന് നാം തയ്യാറല്ല എന്ന സാമാന്യതത്വത്തിൽ നിന്നാണ് എല്ലാ പ്രശ്നങ്ങളും ആവിർഭവിച്ചിട്ടുള്ളത്. ഇവിടെ ആത്മാർത്ഥതയില്ല അദ്ധ്വാനമില്ല. ആത്മാർത്ഥമായ അദ്ധ്വാനത്തിനൊരുവൻ തയ്യാറായാൽ അവനൊരു സഹായവുമില്ലാതാകും. ആ അനങ്ങിക്ക മുൻപിൽ ഒരായ മാറ്റത്തിനും ലഭിക്കുന്ന എല്ലാ ഉത്തരങ്ങളും ഒന്ന് നിഷേധമാണ്, നിന്ദ്യമാണ്, നീചമാണ്. ആകയാൽ മറ്റുള്ളവരെ കുറ്റം പറയുന്നതിലോ, അയൽ സംസ്ഥാനങ്ങളുടെ പുരോഗതി കണ്ട് അസൂയപ്പെട്ടിട്ടോ എന്ത് ഫലം? നമുക്ക് നമ്മുടെ സ്വന്തം കാലിൽ ചവിട്ടിനിന്ന് പ്രവർത്തിച്ചു വളർന്നിടുവാൻ വേണ്ട എല്ലാ സൗകര്യങ്ങളും നമ്മിൽത്തന്നെ നിക്ഷിപ്തമാണ്. അങ്ങിനെ പ്രവർത്തിക്കാനുള്ള നിശ്ചയദാർഢ്യമാണാവശ്യം. ചുരുക്കത്തിൽ താൻ താങ്കളുടെ പിൻതലമുറകളുടെ ഭാവിയെ ശോഭനമാക്കിയാലും ഈ പോക്കിന്നൊരു വ്യത്യാസമുണ്ടാക്കേണ്ടത് ആവശ്യമാണ്. അങ്ങിനെ പ്രവർത്തിച്ചാൽ ഇവിടത്തെ ഒട്ടുമിക്കവാറും പ്രശ്നങ്ങളും പരിഹരിക്കാവുന്നതാണ്.

○○

# വേദന

കെ. വിജയൻ II B. A.



എന്തിനിച്ചുട കണ്ണുനീർ മുൻപിൽ
മുന്തിരിത്തോപ്പുലഞ്ഞ മിന്നുമ്പോഴും
എന്തിനാണിക്കൊടും മരുഭൂവിൽ,
ഭാസുരാംഗി നാം കണ്ടിതന്യോന്യം?
കാവ്യലോലെ നീ എൻ മുന്നിലെത്തി,
ദിവ്യനൃത്തം നടിക്കും ക്ഷണത്തിൽ
എന്നെത്തന്നെ മറന്നു ഞാനെത്തി,
വിണ്ണിലുള്ള സ്വപ്നസ്വർഗ്ഗത്തിൽ,
വന്നു ചൂഴുന്ന വേദനയൊന്നും,
എന്നിൽ നിന്നെന്നു വേറിട്ടുനിന്നു!
കേവലമൊരു പാഴ്ക്കിനാവായി,
കാതരേ സ്വപ്നസൃഷ്ടികൾ മാത്രം!
നീയൊരന്യയാണിന്ന്, ഞാൻ മേലിൽ—
നീറി നീറിയെരിയണമല്ലിൽ.
സാഹസപ്പെട്ടുലയണം മന്നിൽ
സ്നേഹസായൂജ്യ വല്ലികളെ,
കണ്ണുനീരാണ് നിന്നെയോർത്തെന്നും—
കുളിരാകാവൂ നിൻ പുരോയാനം,
നിൻ മധുരസ്മൃതികളെ പുൽകി,
നിന്നിടട്ടെ ഞാനീ വഴിവക്കിൽ.

ചെറുകഥ

# കാർമേഘം

ഷാജി, ഇ. കെ.



നല്ല തിളങ്ങുന്ന നീലനിറം. പൂക്കളുണ്ട്; വെളുത്ത കൊച്ചുപൂക്കളും. അരികിൽ കസവിന്റെ തിളങ്ങുന്ന ബോർഡർ!

ഇഷ്ടപ്പെടാതിരിക്കില്ല. അവളെപ്പോഴും പറയാറുണ്ടല്ലോ:

"...എനിക്ക് നീലസ്സാരി എന്തിഷ്ടമാണെന്നോ!"

അയാളും പുതിയൊരെണ്ണം: "പൂക്കളും വേണം: വെളുത്ത കൊച്ചു കൊച്ചു പൂക്കൾ...!

അപ്പോഴും അയാൾ സങ്കല്പിച്ചുനോക്കുന്നുണ്ട്: വെളുത്ത ദേഹത്ത് നനുത്ത നീലസ്സാരി ചുറ്റിക്കിടക്കുന്നതും. അപ്പോഴും ..........പേരോ, സിൽക്കിന്റെ ചുവന്ന ബ്ലൗസുകൂടി വേണം. അപ്പോഴും ഭംഗിയായിരിക്കും.

ബസ്സ് സ്റ്റാൻഡിൽവെച്ചു കാണാറുള്ള സുന്ദരി മിക്കപ്പോഴുമിടുക ചുവന്ന ബ്ലൗസാണ്. വെളുത്ത ദേഹത്ത് ഇറുകിക്കിടക്കുന്ന ചുവന്ന ബ്ലൗസ് അവളുടെ സൗന്ദര്യത്തിന്റെ മാറ്റുകൂട്ടുന്നു.

ഇപ്പോഴുമുണ്ട്. ബ്ലൗസ് മനസ്സിൽ കിടക്കട്ടെ.

അയാളും അലസനായി നടന്നു. റോഡിൽക്കൂടി വാഹനങ്ങളും ഒഴുകിനടക്കുന്നു.

വഴിവക്കിലെ സിനിമ പോസ്റ്ററിന്റെ അടുത്തെത്തി. സിനിമ ഇടയ്ക്കൊക്കെ കാണണം. അല്ലെങ്കിൽ ഇവിടെ എന്താണ് തിരക്കൊഴിഞ്ഞിരുന്നതോണ്ടാ!

ഇന്നലെ ഇവിടെവെച്ചാണ് മേരി എലിസബത്തിനെ കണ്ടത്.

ഗ്രാമഫോൺ റിക്കാർഡുകളും മുഴങ്ങുന്ന അന്തരീക്ഷത്തിൽ. സിനിമയ്ക്കു കയറണോ വേണ്ടയോ എന്നു സംശയിച്ചു നില്ക്കുകയായിരുന്നു. പുതിയ മലയാളപടമാണ്. കണ്ടാൽ കൊള്ളാമെന്നുണ്ട്. പക്ഷേ വീട്ടിൽ പറഞ്ഞിട്ടില്ല. അവൾ കാത്തിരിക്കും.

മേരി എലിസബത്ത് ചിരിച്ചുകൊണ്ട് അടുത്തു വന്നപ്പോഴാണ് മനസ്സിലായത്. മറന്നില്ല: ശ്രദ്ധിച്ചില്ല. കാണാൻ സമയമായിട്ടില്ല. ഒന്നരക്കൊല്ലം മുമ്പാണ് ഇവിടം വിട്ടുപോയത്. വീണ്ടും വന്നിരിക്കുന്നത് ഇവിടെത്തന്നെ!

ഡിഗ്രിയെടുത്ത് ഇവിടം വിട്ടുപോയപ്പോൾ മനസ്സിൽ വലിയ പ്രതീക്ഷകളൊന്നുമില്ലായിരുന്നു. ഇത്രവേഗം ഇവിടെത്തന്നെ തിരിച്ചെത്തുമെന്നും കരുതിയിരുന്നില്ല. ഭാഗ്യത്തിന് പെട്ടെന്ന് ജോലികിട്ടി. അധികം താമസിച്ചില്ല. ഒപ്പത്തെ പഠിത്തമായി പോകാതിരിക്കാൻ വീട്ടുകാർ മകനെ പെണ്ണുകെട്ടിച്ചു. മനുഷ്യന്റെ സുഖമോ സൗകര്യമോ പ്രശ്നമല്ലാത്ത ഗവർമ്മെന്റ് ഇടയ്ക്കിട്ട് സ്ഥലംമാറ്റി.

"വരുന്നോ! നമുക്കീ പിക്ചറൊന്നു കണ്ടുകളയാം" അയാൾ ക്ഷണിച്ചപ്പോൾ അയാൾക്കെന്തോ വല്ലായ്മ തോന്നി.

പണ്ടൊക്കെ അവരും വിളിക്കുന്നതിനുമുമ്പേ പുറത്തു പോകാൻ തയ്യാറായിരുന്ന പാർക്ക്, ഇപ്പോൾ........ഇപ്പോളെന്താണ്? കൂടെ പഠിപ്പിക്കുന്ന ഒരു പെൺകുട്ടി.

"പതുക്കെ!" അവരും നിർബ്ബന്ധിച്ചപ്പോൾ അയാളും സിനിമ കാണാൻ തന്നെ തയ്യാറായി.

മേരി എലിസബത്ത് ഈ നഗരത്തിൽത്തന്നെ ജനിച്ചുവളർന്ന ആംഗ്ലോയിന്ത്യൻ പെൺകുട്ടിയാണ്. അനാവശ്യമായ ചങ്ങാത്തമൊന്നും അവർക്കില്ല. ആവശ്യത്തിന് തൻ്റേടവുമുണ്ട്.

തിയേറ്ററിനുള്ളിലിരിക്കുമ്പോഴും അവർ ഉത്സാഹത്തോടെ പഴയതും പുതിയതുമായ കാര്യങ്ങൾ പറഞ്ഞു. അവൾ തമാശകൾ പറഞ്ഞു പൊട്ടിച്ചിരിച്ചു.

സിനിമ കഴിഞ്ഞ് ഉല്ലാസത്തോടെ പിരിഞ്ഞു. ഇനിയും കാണാമെന്നവർ പറഞ്ഞു.

വീട്ടിൽച്ചെന്നു. കാത്തിരിക്കുന്നു: പരിഭവത്തിൽ കുതിർന്ന വാക്കുകൾ:

"—ഒന്നു പറയാമായിരുന്നില്ലേ ഞാൻ എത്ര വിഷമിച്ചെന്നോ........!"

കാര്യം നിസ്സാരം. അവളിലൂടെ അതു പുറത്തു വന്നപ്പോൾ തെല്ലിലെന്തോ തോന്നി.

ലഘൂകരിക്കുവാൻവേണ്ടി പറഞ്ഞു: "......കയറാനൊന്നുമായിരുന്നില്ല. പിന്നെ ഒരു സ്നേഹിതൻ നിർബ്ബന്ധിച്ചപ്പോൾ കയറി"

വെറുതെ കള്ളം പറഞ്ഞു. സത്യം പറഞ്ഞാൽ അവളെന്തു വിചാരിക്കും. പറ്റില്ല.

സ്നേഹത്തിൻ്റെ നനവുള്ള അവളുടെ ശബ്ദത്തിൽ നിഴലിക്കുന്നതിതാണ്: ഞാൻ എന്നുമെന്നും അങ്ങയെ സ്നേഹിക്കുന്നു. എന്നിട്ടും.......

അവളുടെ ഈ ആർദ്രഭാവം അയാളുടെ ഹൃദയഭാഗങ്ങളിൽ ചലനങ്ങളുണ്ടാക്കുന്നു.

—പ്രിയപ്പെട്ടവളേ! നിന്നെ ഞാൻ സ്നേഹിക്കുന്നു. എന്നെന്നേക്കുമായി!

അപ്പോഴും മനസ്സിൽ ഒരു തീരുമാനം രൂപംകൊള്ളുകയായിരുന്നു. നാളുകളായി വിചാരിക്കുന്നു, അവൾക്കൊരു സാരി വാങ്ങണം. അവളും പലപ്പോഴും അതിനെക്കുറിച്ച് പറയാറുണ്ട്. ഒരിക്കലും നിർബ്ബന്ധിച്ചിട്ടില്ല. അപ്പോഴൊക്കെ അനുകൂലിച്ചിട്ടുണ്ട്: വാങ്ങിക്കാം.

വിവാഹം കഴിഞ്ഞിട്ട് കൊല്ലം ഒന്നാവാൻ പോകുന്നു. പറഞ്ഞ വാഗ്ദാനങ്ങൾ നിറവേറ്റിയിട്ടില്ല. വാങ്ങിക്കാതിരിക്കാൻ പ്രത്യേക കാരണങ്ങളൊന്നുമില്ല. പണത്തിൻ്റെ ഞെരുക്കമാണെന്ന് വേണമെങ്കിൽ പറയാം.

വീട്ടിലേക്കുള്ള വഴിയിലേക്കു തിരിയുമ്പോൾ അയാളുടെ മനസ്സിൽ സന്തോഷം കതിരിട്ടുകഴിഞ്ഞിരുന്നു. പൊതി ഇടത്തെ കൈയ്യിലേക്കു മാറ്റിപ്പിടിച്ചു. വാച്ചിൽ നോക്കി. റേഡിയം പൂശിയ സൂചികൾ സമയം കാണിച്ചു: ഏഴിനു പത്തുമിനിറ്റ്. ഇങ്ങനെ നടന്നാൽ പത്തുമിനിറ്റിനകം വീട്ടിലെത്താം.

വരാന്തയിലെ തൂണുംചാരി പടിക്കലേക്ക് മിഴികളും നട്ടുനിൽക്കുന്ന അവളുടെ രൂപം അയാളും മനസ്സിൽ സങ്കല്പിച്ചു. നിത്യവുമുള്ള ആ കാത്തുനില്പ് തന്നെ എതിരേല്പാനാണെന്നുള്ള വസ്തുതയിൽ അയാൾക്കു സുഖം തോന്നി.

പടിക്കലെത്തുമ്പോൾത്തന്നെ അവളും പുഞ്ചിരിച്ചുകൊണ്ട് അടുത്തുവരും. അപ്പോഴും പൊതി അവളുടെ കൈകളിലേൽപ്പിച്ചുകൊടുത്തിട്ട് മനസ്സിൽ പറയണം:

"പെണ്ണേ, നോക്കൂ! ജീവിതത്തിലൊരിക്കലും ഇത്ര സുന്ദരമായ ഒരു സാരി കണ്ടിരിക്കാൻ ഇടയില്ല!"

പൊതിയഴിക്കുമ്പോൾ, സന്തോഷത്തിൻ്റെ പൂത്തിരി ചുണ്ടിൽ നിന്ന് മാറ്റാൻ ശ്രമിച്ചുകൊണ്ട്, സ്വരത്തിൽ നിസ്സാരഭാവം കലർത്തി അവളും ഇങ്ങനെ പറഞ്ഞേക്കാൻ ഇടയുണ്ട്:



Scanned with CamScanner

"ഓ! ഇതാണോ, പറയുന്ന ഭക്ഷ്യം? ഞാൻ വിചാരിച്ചു..."

പക്ഷെ, ബാത്ത്റൂമിലേക്കിറങ്ങിയ അവൾ അയാൾക്ക് അസാധാരണമായ അമ്പരപ്പുണ്ടാക്കി.

—അവൾ ഇങ്ങനെ ഇണങ്ങിയ സമയം പണ്ടില്ല! പ്രണയം കാണിച്ചിരുന്ന പഴയ വെളിച്ചത്തിൽ ഇത്തിരിക്കൂടുതൽ നിലവിളക്ക് മാത്രമേ കരുതിയുള്ളൂ.

ഉൾക്കണ്ണ് കണ്ടിരിക്കുന്നു.

അവൾക്ക് പെട്ടെന്ന് അസുഖമെന്തെങ്കിലും വന്നിരിക്കുമോ?

—അങ്ങനെയാണ് ഒരു കരുത്ത് അവളുടെ ഉള്ളത്തിൽ വളർന്നുവന്നത്!

മുറിയിൽ ചവിട്ടുപടികൾ കയറി അകത്തെത്തി, കണ്ടില്ല.

ഷോക്കേസിലിരുന്ന ടേബിൾ ലാമ്പിന്റെ വെളിച്ചത്തിൽ അവൾ ഏതോ വീക്കിലി കാര്യമായി വായിക്കുകയാണ്. വന്നതറിഞ്ഞിട്ടും അനങ്ങിയില്ല. അടുത്തകാലത്തു് സിനിമാ ഫീൽഡിലെ പരസ്യം മനോഹരമായി പലപത്രങ്ങളിൽ അച്ചടിച്ചു. മെത്തയിലെ പൊതി, അവൾക്ക് മുന്നിലായി അയാൾ വെച്ചുകൊടുത്തു.

ഒരു നിമിഷം, അവൾ ചാടി എഴുന്നേൽക്കുമെന്നും, അതുകണ്ട് പൊട്ടിച്ചിരിക്കുമെന്നും അയാൾ വിചാരിച്ചു. പക്ഷെ, അവൾ മുഖമുയർത്തി ഒന്നു നോക്കുക മാത്രം ചെയ്തു. എന്നിട്ട് വീണ്ടും വായന തുടർന്നു.

അയാൾ വസ്ത്രം മാറാൻ അടുത്ത മുറിയിലേക്കു പോയി.

അയാൾക്ക് അവളുടെ ഈ അസാധാരണ മാറ്റത്തിന്റെ കാരണം പിടികിട്ടിയില്ല. ഓഫീസ്സിൽനിന്ന് ഇതിനുമുമ്പും പലപ്പോഴും വൈകിവന്നിട്ടുണ്ട്. അപ്പോഴൊന്നും ഇത്തിരി പരിഭവം പറയുമെന്നല്ലാതെ ഇങ്ങനെയൊരു പ്രതികരണമുണ്ടായിട്ടില്ല. ഒരുപക്ഷേ അവൾക്ക് കാര്യമായി എന്തെങ്കിലും "കുറ്റപാട്" ഉണ്ടായിക്കാണുമായിരിക്കും.

അതല്ലാതെ സ്ത്രീയെ അയാൾക്ക് അറിയാം. അവൾ എപ്പോഴും എന്തെങ്കിലും ആളുകളോട് സംസാരിച്ചുകൊണ്ടിരിക്കണം. മറ്റുള്ളവരുടെ ഇല്ലായ്മകളെ കണ്ടുപിടിക്കാൻ അവൾ അസാമാന്യ മിടുക്കിയാണ്. പൊട്ടുന്ന പരിഭവസ്വഭാവമാണ്, പലപ്പോഴും പറഞ്ഞിട്ടുണ്ട്. അവളുടെ സ്വഭാവത്തിന്റെ പ്രത്യേകതയാണ്, അവളോട് എന്തെങ്കിലും പറഞ്ഞ് വഴക്കിടാൻ ഞാനില്ല. അതിന് കാരണമായിരിക്കാം. പലപ്പോഴും ഇതുപോലെ എത്ര പിണങ്ങി! പലപ്പോഴും അവളോട് പറഞ്ഞിട്ടുള്ളതാണ് അവസാനം അധികം തീരുമാനമെടുക്കരുതെന്ന്.

വസ്ത്രം മാറി ചെന്നപ്പോഴും മേശപ്പുറത്ത് ചായയിരിക്കുന്നു. അവളെ അവിടെ കണ്ടില്ല. മനഃപൂർവ്വമായിരുന്നു. ചായ എടുത്തുകുടിച്ചു. എന്തുകൊണ്ട് സംഗതി എന്താണെന്ന് അറിയാനും അയാൾ തന്നെ തീരുമാനിച്ചു.

പൊതി മെത്തയിലെടുത്തു ബെഡ്റൂമിൽ ചെന്നു. അവൾ കട്ടിലിൽ ഒരു വശം തിരിഞ്ഞുകിടക്കുന്നു. അയാളും കട്ടിലിൽ ചെന്നിരുന്നു. അവൾ നോക്കി. മുഖത്തു ദേഷ്യമുണ്ട്. അതു കണ്ടില്ലെന്നു നടിച്ചുകൊണ്ടു ചോദിച്ചു:

"ഈ പൊതിയിലെന്താണെന്നറിയാമോ?"

"എനിക്കറിയണ്ട!"

"എന്നാൽ അറിയണം. ഇതിൽ സുന്ദരമായ ഒരു സാരിയാണ്; ആർക്കാണെന്നറിയാമോ?"

"അറിയാം!"

അപ്പോഴും അടക്കാനാവാത്ത ദേഷ്യമുണ്ട്, പറ്റുപാടുകളെപ്പോലെ വിചാരിച്ചു ഇപ്പോഴത്തെ അവസ്ഥയിലല്ലെന്ന്. എങ്കിലും ചിരിച്ചുകൊണ്ട് ചോദിച്ചു:

"ആർക്കാ...?"

"—ഇന്നലെ ഒന്നിച്ചിരുന്ന സിനിമ കണ്ട പ്രാണസഖിക്കായിരിക്കും!"

അയാൾ പെട്ടെന്ന് അമ്പരന്നുപോയി. ഇവൾ അതെങ്ങിനെയറിഞ്ഞു.



Scanned with CamScanner

ഒരു നിമിഷം പിന്നിലേയ്ക്കു പോയി. കഴിച്ചുവെച്ചിരുന്നോ? അതു ആലോചിക്കേണ്ടിവന്നില്ല. പിടികിട്ടി. ഇന്നലെ പിറ... സിനിമ കണ്ടിരുന്നു" അയ... ഒത്താര്യമായിരുന്നു.

അപ്പോഴാണ് അതാണ് സംഗതി. ... വല്ലാതെ തരിച്ചിരിക്കുപ്പോയിരുന്നു.

അവൾ ടേബിൾ ലാംബിന്റെ ... വെളിച്ചത്തിലേക്ക് മിഴികളു... കിടക്കുകയായിരുന്നു. അയാൾ അവളുടെ മുഖത്തേയ്ക്കു നോക്കി. സൗന്ദര്യവും ... അവളുടെ വെളുത്ത മുഖത്തെ ... അവളുടെ ഈ ഭാവം ... പുതിയതായിരുന്നു. അവൾ ... ഇത്ര സൗന്ദര്യപ്പെട്ട് അയാൾ കണ്ടിട്ടില്ല. അവളുടെ ഈ ഭാവം അയാളിൽ കാമുകനെത്തി. ശേഷ്, പെണ്ണായാൽ ഇങ്ങനെയൊക്കെ ഇത്തിരി സ്വല്പം സൗന്ദര്യമൊക്കെ വേണം.

അവളുടെ തുടുത്ത കൈത്തണ്ടയിൽ കൈവച്ചുകൊണ്ട് സ്നേഹംകൊണ്ടലിഞ്ഞ ശബ്ദത്തിൽ അയാൾ വിളിച്ചു

"—ഉഷേ...!"

അവൾക്ക് നോക്കാതിരിക്കാൻ കഴിഞ്ഞില്ല. അവൾ അയാളുടെ കണ്ണുകളിലേയ്ക്കു നോക്കിയിട്ട്. സ്നേഹത്തിന്റെ പ്രകാശമേറിയ കണ്ണുകൾ! അവൾ തളിർക്കുകയായിരുന്നു...... ..എങ്കിലും ഉഷ അവൾ പറഞ്ഞ വാക്കുകൾ മനസ്സിൽ തെളിയുന്നുണ്ടായിരുന്നു:

"—കല്യാണം കഴിഞ്ഞവരും കൂടെ ഇങ്ങനെ പെരുമാറില്ല!"

പെട്ടെന്നവൾ ചോദിച്ചു: "ഇന്നലെ കൂടെയുണ്ടായിരുന്ന പെണ്ണുതായിരുന്നു?"

"അവരുടെ കൂട്ടുകാരായിരുന്നു. അവൾ വളരെയേറെ നിർബന്ധിച്ചപ്പോഴും ഒരു സിനിമയ്ക്കു കയറിപ്പോയി അതാണോ ഈ കണ്ടതൊക്കെ!"

"അല്ല: ഇന്നലെ എന്നോട് അക്കാര്യം പറയാതിരുന്നതുകൊണ്ടാണ്"

അയാൾ പെട്ടെന്ന് കൈകൊണ്ടു തിരുമ്മി കണ്ണുകൾ പാതിയടച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "ഇന്നലെ വെളിയോട്ട് കള്ളം പറഞ്ഞ ഇതുള്ളവരുടെ വിവരക്കേടിൽ അവിടെന്ത കേട്ടിരിക്കണമേ!"

അവൾ അതിമനോഹരമായി പുഞ്ചിരിതൂകി!!

**

GLADVINS HOTEL
THEVARA PERUMANUR
COCHIN-15.

With the Best Compliments from:
Telephone No: 31571
MASTER
METAL
PRODUCTS
ST. BENEDICT'S ROAD,
ERNAKULAM, COCHIN-18.
SMALL SCALE INDUSTRY
Reg. No. 577/61



Scanned with CamScanner

# അടിമ



V. D. SIVAKMAR
I. P. D. C. No: 579
"C" Batch

വല്ലാത്ത മുഷിഞ്ഞവശ്യമായി അഗാധതയിലാണ്ടിറങ്ങിയ കണ്ണുകളുള്ള വികൃതമുഖം കണ്ണാടിയിൽ പ്രതിബിംബിച്ചു. ആ കണ്ണുകളിലൂടെ വിരൂപമായ ആത്മാവിനെക്കണ്ടു അയാൾ ഞെട്ടി.

ഏൻ ഹോട്ടലിലെ ഫാമിലിറൂമിലുള്ള കണ്ണാടിയുടെ മുമ്പിൽനിന്നും രക്ഷപ്പെടുവാൻ അയാൾ വെമ്പൽകൊണ്ടു. എന്നും ഫാമിലി റൂമിൽ ഒറ്റക്കു കയറിയിരുന്ന "ബ്രൂണെസ" കഴിച്ചിട്ടും പാൽ കുടിച്ചിട്ടും താനെന്തേ ക്ഷീണിച്ചു വരുന്നു.

സൗന്ദര്യാംഗനമാരുടെ ചിത്രങ്ങളുള്ള വാരികകൾ കണ്ട് അയാളുടെ രക്തം തിളച്ചു. അയാൾ അല്ലു ചാഞ്ഞു. —തന്റെ രക്തവും മാംസവും പിഴിഞ്ഞെടുക്കുന്ന സൗന്ദര്യധാരികൾ......! അപ്പോൾ കണ്ണിലൂടെ ജീവന്റെ മിന്നാമിനുങ്ങുകൾ പറന്നുപോകുന്നു.

അയാൾ മനുഷ്യരുടെ മുഖത്തുനോക്കാറില്ല. സ്ത്രീകളുടെ മുന്നിലെത്തുമ്പോഴും അയാളുടെ ശിരസ്സു കുനിയുന്നു...... തന്റെ മുഖത്ത് ഏതോന്ന് വ്യാപിക്കുന്നു എന്നയാൾക്കു തോന്നി. അതു മറയ്ക്കുവാൻ അയാൾ ശ്രമിക്കുന്നു.

മുറി പൂട്ടിയശേഷം രഹസ്യത്തിൽ ആ വാരിക വായിക്കുവാൻ തുടങ്ങി...... അന്നും ജീവൻ ഒഴുകിപ്പോയി........കണ്ണിലൂടെ മിന്നാമിനുങ്ങുകൾ പറന്നു.

അയാൾ വാരിക പിച്ചിച്ചീന്തിയെറിഞ്ഞു. എന്നിട്ട് മയങ്ങി..............

പ്രഭാതത്തിൽ ഉണർന്ന് അയാൾ ഹോട്ടലിലെ ഫാമിലി റൂമിനെ, ലക്ഷ്യമാക്കി നടന്നു.......ബ്രൂണെസ.......മറ്റു പോഷകാഹാരങ്ങൾ........! കണ്ണാടിയിൽ വികൃതരൂപം............

പക്ഷെ,

തിരിച്ചുനടക്കുമ്പോൾ, ഇന്നലെ രാത്രി കീറിക്കളഞ്ഞ വാരിക അയാൾ വീണ്ടും വാങ്ങിയിരുന്നു.



Scanned with CamScanner

# ആശാന്റെ കൃതികൾ ഒരു പഠനം

കെ. വി. ഉമ്മർ, പെരുമ്പലം
III B. A. (Mal)

**ആശാനും മലയാളസാഹിത്യവും:–**

മലയാളികൾക്കും മലയാള സാഹിത്യത്തിനും അമൂല്യമായ സംഭാവനകൾ നൽകിയ ഒരു കവിവര്യനാണ് എൻ. കുമാരനാശാൻ. മലയാളത്തിൽ അന്നുവരെ നടന്നുവന്നിരുന്ന പല രീതികളേയും അനുകരണങ്ങളേയും മറികടന്നുകൊണ്ടാണ് ആശാൻ കാവ്യരംഗത്ത് പ്രത്യക്ഷപ്പെട്ടത്. ഉള്ളൂർ പരമേശ്വരയ്യർ തുടങ്ങിയ പല കവികളും പുരാണേതിഹാസങ്ങളിലെ കഥകളെ പുനസൃഷ്ടിച്ചാണ് മുതലും കവിത രചിച്ചിട്ടുള്ളത്. എന്നാൽ ആശാനാവട്ടെ തന്റെ സ്വന്തം ഭാവനയിൽ വിളഞ്ഞ വിത്തുകൾ വിതച്ച് കൊയ്ത കനകങ്ങളാണ് അദ്ദേഹത്തിന്റെ കൃതികളിൽ ശ്രദ്ധേയം. മിതമായ വാക്കുകൾകൊണ്ട് വലിയൊരു ആശയപ്രപഞ്ചം സൃഷ്ടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. എന്നാൽ വള്ളത്തോൾ മുതലായ കവികൾ ഔചിത്യദീക്ഷയില്ലാതെയുള്ള വർണ്ണനകൾ കുത്തിച്ചെലുത്തി ആസ്വാദകരിൽ മടുപ്പുണ്ടാക്കുന്നു. ഇതുകൊണ്ട് വള്ളത്തോളിന്റെ കൃതികൾ മോശമാണെന്ന് അർത്ഥമാക്കേണ്ടതില്ല. "അച്ഛനും മകളും" പോലുള്ള അദ്ദേഹത്തിന്റെ കൃതികൾ തികച്ചും ഔചിത്യദീക്ഷയോടെ സൃഷ്ടിച്ച നാടകീയ സംഘട്ടനത്തിന്റെ ഉജ്ജ്വലമായ പ്രപഞ്ചം സൃഷ്ടിക്കാൻ പോന്ന ഒരു ഉത്കൃഷ്ട കൃതിതന്നെയാണ്.

1909–ൽ "വീണപൂവോ"ടുകൂടിയാണ് ആശാൻ മംഗളപ്രവേശം ചെയ്തത്. ആശാൻ ഒരു സ്നേഹഗായകനാണ്. മനുഷ്യകഥാനുഗായിയായ ആശാന്റെ മനുഷ്യകഥകളാണ് ലീലയും നളിനിയും ചണ്ഡാലഭിക്ഷുകിയും കരുണയും ദുരവസ്ഥയുമെല്ലാം. ആശാന്റെ കൃതികളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഇതിവൃത്തങ്ങളെല്ലാം തന്നെ സ്നേഹത്തിന്റെ മഹത്വം ഉദ്ഘോഷിക്കുന്നവയാണ്. സംയോഗ സാക്ഷാത്കാരത്തിലെ അനുഭവമാണ് സാവിത്രിയൊഴിച്ച് ആശാന്റെ മറ്റു നായികമാരെല്ലാം.

ആശാൻ ഒരു സാമൂഹ്യപരിഷ്കർത്താവുംകൂടിയാണ്. ജാതിവ്യവസ്ഥയ്ക്കും നിലവിലായ അനാചാരങ്ങൾക്കുമെതിരായി പോരാടിക്കൊണ്ടിരുന്ന ആശാന്റെ അതിലേയുള്ള ഉത്കൃഷ്ടസംഭാവനകളാണ് ചണ്ഡാലഭിക്ഷുകിയും ദുരവസ്ഥയും. അശ്രാന്തമായി അദ്ദേഹത്തിന്റെ വീക്ഷണം മറ്റൊരു മാർഗ്ഗത്തിലൂടെ തിരിയുന്നു. അതിന്റെ ഫലമായി കൈരളിക്കു കിട്ടിയ സംഭാവനയാണ് കരുണ. ഇതിൽ ഒരു വേശ്യയുടെ മാദകമായ സംഭോഗജീവിതവും അതിന്റെ ദാരുണമായ അന്ത്യവുമാണ് അദ്ദേഹം വരച്ചുകാണിക്കുന്നത്. എങ്കിലും സ്നേഹഗായകനായ ആശാന്റെ സ്നേഹത്തിന്റെ സ്ഫുരണം വാസവദത്തയിലും തിളങ്ങിക്കാണുന്നു. ബുദ്ധമതം സ്വീകരിക്കണമെന്നോ ഒരു ബുദ്ധസന്യാസിയും. കവിയിൽ അദ്ദേഹത്തിന്റെ തന്നെ സ്വന്തം ശൈലി സ്വീകരിച്ച ഒരു കാവ്യമാണ്.

ഇതും ഒക്കെവല്ലാൻ മഹിക്കുന്ന

മഹാറാണി സംഗരത്തുളാരു് അടുത്തതായി അദ്ദേഹം തിരിഞ്ഞതു്. രാമായണത്തിലെ സീത ആശാന്റെ ഭാവനയിൽക്കൂടി രൂപംകൊണ്ടപ്പോഴും അതു കൂടുതൽ ജീവസ്സുറ്റതായിത്തീർന്നു. ശ്രീരാമനെക്കുറിച്ച് ഒരിക്കലും അപ്രിയമായി രാമായണത്തിലെ സീത ചിന്തിച്ചിട്ടില്ല. എന്നാൽ ആശാന്റെ സീതയുടെ ചിന്താമധുരമായ മനസ്സിലൂടെ — അടിത്തട്ടിലൂടെ വൈകാരികവും വൈചാരികവുമായ വികാരവിചാരങ്ങളുടെ ഒരു ഘോഷയാത്രതന്നെ നടക്കുന്നു. ആശാന്റെ സീത ശ്രീരാമനെ ചോദ്യം ചെയ്യുന്നതായ വചനങ്ങൾ എടുത്തുകാണിക്കുകയും അനുജനായ ലക്ഷ്മണന്റെ നല്ലവശങ്ങളും സ്വയം അംഗീകരിക്കുകയും അംഗീകരിപ്പിക്കുകയും ചെയ്യുന്നു. ആശാൻ സ്വതന്ത്രചിന്തയുള്ള ഒരു കവിയാണെന്നു് ഇതു് തെളിയിക്കുന്നു.

ആശാന്റെ "വീണപൂവ്" അദ്ദേഹത്തിന്റെ സഹൃദയത്വത്തിന്റെയും ആർദ്രമനസ്സിന്റെയും ആകെത്തുകയാണെന്നു പറയാം. വാടിവീണുകിടക്കുന്ന പൂവിൽ ഒരു ജീവിതം മുഴുവൻ കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ആശാൻ നല്ലൊരു നിരൂപകൻകൂടിയായിരുന്നെന്നു പറയാതെ വയ്യ. ശ്രീബുദ്ധചരിതം, ഉമാകേരളം, ചിത്രയോഗമഹാകാവ്യം എന്നിവ അദ്ദേഹം നിരൂപണവിധേയമാക്കിയിട്ടുണ്ട്. ചിത്രയോഗമഹാകാവ്യത്തിന്റെ നിരൂപണം ആശാന് നല്ലൊരു നിരൂപകൻ എന്ന പേരു സമ്പാദിച്ചുകൊടുത്തു. സ്തോത്രങ്ങളും, [illegible]ങ്ങളും, ഖണ്ഡകാവ്യങ്ങളും എന്നിവയാണ് അദ്ദേഹത്തിന്റെ സാഹിത്യരൂപങ്ങൾ.

അദ്ദേഹം മലയാളസാഹിത്യത്തിനു നൽകിയിട്ടുള്ള സംഭാവനകൾ എത്രയാണെന്നു പറയാൻ വയ്യ. "നിയോക്ലാസിസത്തിന്റെ പിടിയിൽനിന്നും മലയാളകവിതയെ അവസാനമായി മോചിപ്പിച്ചതിന്റെ അഭിമാനം കൂടി ആശാനു നൽകേണ്ടിയിരിക്കുന്നു." കാല്പനിക പ്രസ്ഥാനം (റൊമാന്റിക് പ്രസ്ഥാനം) ആദ്യമായി മലയാള സാഹിത്യത്തിൽ കൊണ്ടുവന്നതു് കുമാരനാശാനാണ്. "റൊമാന്റിസിസം ഒരു മനോഭാവമാണ്. ജീവിതത്തിന്റെയും വസ്തുക്കളുടെയും നേർക്കുള്ള ഒരു പ്രത്യേക മനോഭാവം" എന്ന ആബർക്രോംബിയുടെ അഭിപ്രായം അദ്ദേഹത്തിന്റെ ലീലയും നളിനിയും കരുണയും വീണപൂവും വ്യക്തമായി കാണിച്ചുതരുന്നുണ്ട്.

**ആശാന്റെ ശൈലി:** ഭാഷയുടെ കാഠിന്യവും അനുപ്രാസവും ആശാനുണ്ടായിരുന്നു. അത്യന്തലളിതമായ അദ്ദേഹത്തിന്റെ ശൈലി എപ്പോഴും മറ്റു കവികളുടേതിൽനിന്നു് വ്യത്യസ്തമായിത്തന്നെ നിലകൊള്ളുന്നു.

"ലാളിച്ചുപെറ്റ ലതയൻപൊടു-
ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽ-
വച്ചു നിന്നെ,
ആലോലവായു ചെറുതൊട്ടിലു-
മാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ! ദല-
മർമ്മരങ്ങൾ"

എന്ന "വീണപൂവി"ലെ വരികൾ അദ്ദേഹത്തിന്റെ ലളിതകോമള പദാവലിക്കു് ഉദാഹരണമാണ്. ലാളിച്ചു, പാലിച്ചു, ആലോലവായു, താരാട്ട് എന്നീ പദങ്ങൾ വാത്സല്യനിധിയായ ഒരു അമ്മയുടെയും അതനുഭവിക്കുന്ന ഒരു മനസ്സിന്റെയും പ്രതീതി ആസ്വാദകരിൽ ജനിപ്പിക്കുകയും ചെയ്യുന്നു.

ആശാന്റെ "നളിനി"യിലെ ചില ഭാഗങ്ങൾ കാണുക,

"ഭാതി, നീണ്ട ജടയും നഖങ്ങളും
ഭൂതിയും ചിരതപസ്വിതന്നതും
ദ്യോതമാനമവൻ സഹിച്ചു ശീ-
താതപാദികളവൻ ജയിച്ചതും."

എന്നീ വരികളിലൂടെ സന്യാസിയായ



Scanned with CamScanner

ദിവാകരനെ ചിത്രത്തിലെന്നപോലെ വരച്ചുകാണിക്കുന്നു.

''വിലസിനവനിലാവൊഴുക്കും ലതാ-
വലയമിയന്ന നിലത്തൊ-
രോമലാൾ
വിരഹവിവശമേനി, വീണ പൂ-
ങ്കുലയതുപോലെ കിടന്നി-
രിക്കയായ്''

വിരഹാർത്തയായ ലീല നിലാവുള്ള രാത്രിയിൽ ലതകൾ വിരിച്ച നിലത്ത് വിവശമായ മേനിയോടെ കിടക്കുന്നത് ഞെട്ടിവീണ പൂങ്കുലയോട് ഉപമിച്ചിട്ടതിലെ ചമത്ക്കാരം എത്ര ആസ്വദിച്ചാലും മതിവരാത്തതാണ്. മദനൻ അവളിൽ നിന്ന് വേർപ്പെട്ട് എന്നന്നേക്കുമായി നഷ്ടപ്പെടാൻ പോകുന്നതിന്റെ സൂചനയാണ്.

''രവിജലധിയിലാഴ്ന്നുമങ്ങി,
ദേവാ-
സവിധവനങ്ങളിൽ നിന്നു കുളി
നീങ്ങി:
പവനനമേറ്റു ചമ്പകത്തെ,
ഭുവനവുമപ്പൊഴുതു പ്രസന്നമായി.''

ഈ വരികളിലൂടെ ദുഃഖംകൊണ്ട് കവി വ്യക്തമാക്കുന്നത്. ലീലയുടെ അപ്പോഴത്തെ അവസ്ഥ പ്രകൃതിവസ്തുക്കളിൽകൂടി കവി വ്യഞ്ജിപ്പിക്കുകയാണ് ചെയ്യുന്നത്. ധ്വനിപ്രധാനമാണീ ഭാഗം.

വനത്തിലുള്ള മറ്റെല്ലാ ജന്തുക്കളും ഉല്ലസിക്കും അവസരം ലീല വിരഹാർത്തയായി നിന്നു നീറുകയാണെന്ന് എന്നത് താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളിലൂടെ വ്യക്തമാകും.

''കുയിലിണയിലണിഞ്ഞു
പാടിടുന്നു
മയിലതാതൻ പിടയോടുമാടിടുന്നു
പ്രിയനെ അനുനയിച്ചിടുന്നു
സിംഹി
പ്രിയതമ, നീയണയാഞ്ഞു
ഞാൻ വലഞ്ഞു''

നളിനിപോലുള്ളവയുടെ ശൈലീവിശേഷത്തെ ഏറി നിൽക്കുന്ന മറ്റൊരു കൃതിയാണ് ആശാന്റെ ചിന്താവിഷ്ടയായ സീത.

''പുളകങ്ങൾ കയത്തിലാമ്പലാൽ
തെളിയിക്കും തമസാസമീരനിൽ
ഇളകും വനരാജി, വെള്ളിലാ-
വൊളിയിൽ വെള്ളിയിൽ വാർത്ത
പോലെയായ്''

ഇളം കാറ്റിനാൽ ആട്ടപ്പെടുന്ന ആമ്പൽ പൂക്കളും അവയുടെ ചാഞ്ചല്യത്തിൽ ഉണരുന്ന ചുരുളുകളുമെല്ലാം മനസ്സിൽ നിന്നും എത്രമായിച്ചാലും മായാത്ത കമനീയമായ ഇമേജുകളാണ്. ഉടയാട അഴിച്ചുകൊണ്ട് ഉടൽമൂടിയിരുന്ന സീതാദേവി ശാഖകളോടൊത്ത കൈകളും മുട്ടിൽ വച്ചിരിക്കുന്ന ആ ഇരിപ്പ് ഒരിക്കലും മായാത്തതാണ്.

''തളിരൊളിയുറ്റുനിന്നിയും
കുളിരലും കയമാർന്ന മുങ്ങിയും
പുളിനങ്ങളിലൊന്നരാക്കിയും
കളിയാടും പ്രിയനൊത്തു കൂടിപോൽ''

വനവാസകാലത്തെക്കുറിച്ച് സീത ഓർമ്മകളിൽ സ്മരിച്ചുപോകുന്നു. ചാപല്യങ്ങളും മറിയിട്ടില്ലാത്ത ഒരു കുട്ടിയെപ്പോലെ ശ്രീരാമൻ ഇളകിച്ചാടി മോഹിപ്പിച്ചത് താമരപ്പൂക്കളുറ്റതും പൊയ്കയിൽ നീന്തിയും, സീതയോടൊപ്പം ഓടിയുമായ പ്രസ്തുത വരികൾ വായിക്കുമ്പോൾ വിരഹാർത്തയായ ഏവർക്കും അതിലെ സംഭവങ്ങളുമായി തന്മയീഭവിക്കാൻ കഴിയാത്തതു''.

''അപ്പൊഴുതവനോതി പെൺ—
കൊടിയാളെ ചെറു—

---

വന്നണയുന്ന വഴിക്കിണറിൽ''

ചണ്ഡാലയുവതിയായ മാതംഗി തണ്ണീർ ശേഖരിക്കാനായി വന്നണയുന്ന ഈ വള്ളി വളരെ മനോഹരമായിരിക്കുന്നു. കരുണയിൽ അദ്ദേഹത്തിന്റെ ശൈലി വളരെ വികസ്വരാവസ്ഥയിൽ എത്തിനില്ക്കുന്നു.



Scanned with CamScanner

കരുണയിലെ ശൈലിയിൽ നിന്നും കനം അത്യന്തം വ്യത്യസ്തമായിരിക്കാൻ പര്യാപ്തമാണ്. ഉദാ സലയിലെ വള്ളിയും ശൈലിയും അതു പദത്തിന്റെ മാറ്റ ഉതികളു അതിപ കരിച്ച് അല്പം പദഭംഗം ഉണ്ടായിട്ടുണ്ടെന്ന് പറയാതെ നിവൃത്തിയില്ല. എന്നാൽ കരുണയിലെ ചിത്രങ്ങളെല്ലാം തന്നെ മധുര ശൈലിക്ക് കിട്ടിയ പവിഴമണികളായി എക്കാലവും നിലകൊള്ളും.

**നായികമാർ:-** മനുഷ്യകഥാനുഗായിയായ ആശാന്റെ നായികമാരെല്ലാം പ്രത്യേകം പ്രത്യേകം ഭാവങ്ങളുടെയും വികാരങ്ങളുടെയും പ്രതിനിധികളാണ്. സ്നേഹമെന്ന വികാരമാണ് അവരിൽ എല്ലാം അലതല്ലി പതഞ്ഞൊഴുകുന്നത്. ആ വികാരങ്ങൾക്ക് സാക്ഷാത്കാരത്തിനായെന്തിനെയും ത്യജിക്കാനും സഹിക്കാനും തയ്യാറുള്ളവരാണ് ആശാന്റെ നായികമാർ.

**ലീല -** ഒരു വർത്തകപ്രമാണന്റെ ഏക പുത്രിയാണ് ലീല. ലീല തന്റെ "സമഗ നികേതവർത്തിയായ മദനന്" മുന്നമേ ഹൃദയം നൽകിക്കഴിഞ്ഞു. അവളുടെ പിതാവ് അവളെ ഒരു കച്ചവട ശ്രേഷ്ഠന്റെ പുത്രന് വിവാഹം ചെയ്തു കൊടുത്തു. അക്കാലത്തെ ആചാര്യമര്യാദകളേയും കലക്രമത്തെയും സ്ത്രീകളുടെ അസ്വാതന്ത്ര്യത്തെയും മാനിച്ചുകൊണ്ട് മനസ്സില്ലാമനസ്സോടെ വിവാഹാനന്തരം അവൾ ഗൃഹത്തിൽ കഴിഞ്ഞു. ഭർത്താവുമൊത്തുള്ള ജീവിതം അവൾക്ക് ദുരന്തമായിരുന്നു. [illegible] "അവളുടെ ശയനീയശായിയായ [illegible] മനസ്സിൽ" [illegible] ഭർത്താവിന്റെ [illegible] അവൾ തന്റെ വീട്ടിലേക്ക് തിരിച്ചു- മദനനെക്കാണാൻ [illegible] അവൾക്ക്, അവളുടെ വിവാഹം കഴിഞ്ഞ [illegible] മദനൻ പട്ടണത്തിൽനിന്നും [illegible]

വിട്ടു എന്ന ശോകകരമായ ഒരു വിവരം അവളുടെ തോഴിയിൽ നിന്നും കിട്ടിയത്, തന്റെ അച്ഛന്റെ ഇഹലോകവാസം വെടിഞ്ഞതിന് ശേഷമായി എന്ന വാർത്തയും കേട്ടപ്പോൾ അവൾ ആകെ തളർന്നു. എങ്കിലും പിതൃശോകസംഗതിയായി, മദനന്റെ തേടി അവളുടെ ആത്മ [illegible] ശമിപ്പിക്കാൻ കഴിഞ്ഞു. ലീല തോഴിയോടൊപ്പം മദനനെ അന്വേഷിച്ചു പുറപ്പെടുന്നു. ഒരു ദിവസം ലീല കാട്ടിൽ കണ്ടതായി തോഴി ലീലയെ അറിയിക്കുന്നു. അവരും തോഴിയൊത്തു കാട്ടിലേക്ക് പോകുന്നു. മദനസമാഗമം അവൾക്ക് സാധിക്കുന്നു. പക്ഷെ നിമിഷങ്ങൾക്കകം ആ സമാഗമം അവൾ പെട്ടെന്ന് എന്തോ ഓർമ്മിച്ചു പോയ കാട്ടിനുള്ളിലേക്ക് ഓടിപ്പോവുകയും ഒരു പർവ്വതശിഖരത്തിൽ കയറി താഴെ നദിയിലേക്ക് ചാടി ആത്മഹത്യചെയ്യുകയും ചെയ്യുന്നു. വിരഹവേദന സഹിക്കവയ്യാതെ ലീലയും ആ നദിയിൽ ചാടി മരിക്കുന്നു. അവളുടെ അന്തരംഗം ഒരു സന്യാസിനിയുടേതായിരുന്നു. ഇതാണ് ലീലയിലെ കഥാതന്തു.

ലീലയുടെ സ്വഭാവമഹിമ കണ്ടെത്താനുള്ള വിധത്തിലും സ്വഭാവശീലത്തിന് ഉയർത്തിക്കാട്ടുന്ന വിധത്തിലും മനഃപരാധം, ബന്ധനപാരതയും ഉള്ള നിരൂപണങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

ലീലയിൽ ആശാൻ [illegible] പറയാനുള്ള തെളിവുകൾ അവരുടെ മാനസികാവസ്ഥയും സ്വന്തം [illegible] പറയുന്നു. വിവാഹ [illegible] അവരുടെ വിവേകത്തെക്കാൾ ആശാൻ പറയുന്നു. പിന്നെ അവളുടെ [illegible] ലീലയെ [illegible]



Scanned with CamScanner

ച്ചാണ് അവരും ഈ കൊല ചെയ്യാൻ തുനിഞ്ഞതു്.

ലീല ഭർത്തൃഘാതകി തന്നെയാണ്. അതിനാവശ്യമുള്ള തെളിവ് ഈ കാവ്യത്തിൽ തന്നെ ചിതറിക്കിടക്കുന്നു. വിവാഹശേഷം അവരും ഗൃഹത്തിൽ തടവിലായിത്തന്നെ അനിഷ്ടമാർന്നവളായിട്ടാണ്. "വസുധാധിപവൃന്ദം" മേൽക്കുമേൽ വരുന്നതിനുള്ള അവൾക്ക് ദുഃഖമായിത്തീർന്നു. ലീല "മംഗലീയയിൽ താഴികപോലെ" കിടന്നതും ഇതിനൊരു തെളിവാണ്. ഭർത്താവിന്റെ മരണശേഷം അവരും സ്വയം ആത്മനിന്ദനം നടത്തുന്നതു്, "പതിയെയനുസരിച്ചു പുണ്യവും, സതികൾ പെറുന്ന സുഖസൗഖ്യവും, വിധവ വിരസ വക്രശീലയായ്—വിധിവിഹിതാ പാപിയായ ഞാൻ!" എന്നും "പല തിന്മകളോർത്തിടും പലകഥ ശോണങ്ങൾ തികിടും കഥയിവളിൽ,—അഹോ! ഗുണത്തിനും പതിവനിതയ്ക്ക് അർഹയാകിലും", എന്നും "ഇളകില്ലതിരു പോലവൾക്കെൻ ഗതിയേ മദനോന്മത്തം, കളങ്കിതി പരിച്ചുകിന്നവും കുറുക്കൻപോലെ കുനിന്ന പൊതുവാൻ" എന്നിങ്ങനെയുള്ള ലീല ഭർത്തൃഘാതകിയാണെന്നുള്ളതിന് മതിയായ തെളിവുകളാണ്. ലീല സ്വയം തന്റെ ആത്മാവിനെ നിന്ദിക്കണമെങ്കിൽ അവരും സ്വയം തെറ്റു ചെയ്തിരിക്കണം. തെറ്റു ചെയ്യാത്തവൾക്ക് പശ്ചാത്തപിക്കേണ്ട കാര്യമില്ലല്ലോ.

ലീല തന്റെ സ്വന്തനികൃതിയെ ഓർത്ത് മദനനെ മുമ്പേ മനസ്സാലോ വരനായി സ്വീകരിച്ചുകഴിഞ്ഞിരുന്നു. ആ ചെയ്തതിനോ പറയുന്നതുപോലെ "പഴയതന്നെയല്ലീ മാറിടാം | പുതിയൊരുത്തനേ | കഴിയുമവ- ളേ മേറയാകിലും | മറ്റൊരുവൾ ശക്തയോ സമ്മതിയാൽ" എന്നപോലെ ലീല മദനനോടുള്ള സ്നേഹം ശരിക്കും കാത്തുസൂക്ഷിക്കുകയും അതിനുവേണ്ടി ജീവത്യാഗം ചെയ്യുകയും ചെയ്യുന്നു. ലീലയിലെ കഥാപാത്രങ്ങളെല്ലാം ദാമ്പത്യാവസ്ഥയിൽ സ്ഥിതി ചെയ്യുന്നവരാണ്.

നളിനി:– നളിനി ദിവാകരനെ ആത്മാർത്ഥമായി സ്നേഹിക്കുന്നു. എന്നാൽ ദിവാകരൻ ഭൗതിക കാര്യങ്ങളിൽ വിരക്തനായതാകയും ആത്മീയവ്യാപാരത്തിൽ മുഴുകി സന്യാസം സ്വീകരിക്കുകയും ചെയ്യുന്നു. ദിവാകരൻ കാട്ടിലേക്ക് പോകുന്നു. തോഴന്റെ വേർപാട് അവളെ ഉൽക്കടമായ വിരഹവേദനയിലാഴ്ത്തുന്നു. അതിനിടയിൽ അവളുടെ അച്ഛനമ്മമാർ അവൾക്ക് ഒരു വിവാഹം ആലോചിച്ചിരുന്നു. ആ വാർത്ത കേട്ടതോടെ അവൾ ആകെ മാറിപ്പോകുന്നു. ഒരു ദിവസം അവൾ ദിവാകരനെ അന്വേഷിച്ച് വനത്തിലേക്ക് പോകുന്നു. കാട്ടിൽ വെച്ച് അവൾക്ക് ഒരു സന്യാസിനിയെ പരിചയപ്പെടാൻ അവസരം ലഭിക്കുന്നു. സന്യാസിനിയുടെ ഉപദേശപ്രകാരം അവൾ തപസ്സനുഷ്ഠിക്കാൻ തുടങ്ങുന്നു. ഒരിക്കൽ "സുന്ദരി പൂജയ്ക്കായ്" കളിച്ചു നീർ–| പിച്ചി പിന്നീട് പൊയ്കയിൽ തടം | ബന്ധുരാംഗത്തിൽ ചിത്തിനിർമ്മല—| സുന്ദര്യപോലെയൊരു പാപനാശിയായ്" തടിക്കരയിൽ നിൽക്കുമ്പോൾ ദിവാകരൻ അവിടെ വരുന്നു. ആദ്യം അവർ പരസ്പരം കാണുന്നില്ല. പിന്നീട് നളിനി ദിവാകരനെ കാണുകയും "എന്റെ ജീവനായ–| കെയെന്റെ ലോകമൂർത്തിയെന്റെ യോഗമോക്ഷവും, എന്റെയീശ്വരനും–| അതിന്റെ സീമ, ഇതു പോകില്ല ഞാൻ" ബാല്യകാല ലീലകൾ മുതൽ പറഞ്ഞതിനുശേഷം ദിവാകരൻ കൂടാതെയുള്ള ഒരു ജീവിതം തനിക്കില്ലായെന്ന് അവൾ പറയുന്നു. അവസാനം ദിവാകരന്റെ തോളിൽ തല ചായ്ച്ചതിന് സംതൃപ്തിയോടെ നളിനി മരണമടയുന്നു.

ഇതിലെ നായികാ നായകന്മാർ



Scanned with CamScanner

രാജസം വിട്ട് സാത്വികാവസ്ഥയിൽ എത്തിനിൽക്കുന്നവരാണ്. ഭൗതികമായ വികാരങ്ങളൊന്നും ഭൗതികതകൾ വെളിയിൽ എത്തിനില്ക്കുന്ന ഒരു ഉന്നത അവരുടെ മുഖമുദ്രയാണ് നളിനി.

ചിന്താവിഷ്ടയായ സീത:- വാല്മീകി മഹർഷി കഴിഞ്ഞതോടുകൂടി അദ്ദേഹം രചിച്ച രാമായണ കാവ്യം ശ്രീരാമനെ പാടിക്കേൾപ്പിക്കുന്നതിനായി അയോധ്യയിലേയ്ക്ക് പോയ അവസരം. ആശ്രമത്തിന്റെ ഏകാന്തതയിൽ ഏതാണ്ട് സന്ധ്യയോടടുത്ത നേരത്ത് വിരഹാർത്തയായ സീത ഉദ്യാനവാടിയിൽ പോയിരുന്ന് ചിന്തിക്കുന്നതാണ് ഇതിലെ സാരം. ശ്രീരാമനുമായി വനത്തിൽ ചാപലതകളും പലതും കാണിച്ചിരുന്നു് അവൾ ഓർക്കുന്നു. എങ്കിലും ലങ്കയിൽ നിന്നു രാവണനെ വധിച്ച് തന്നെ വീണ്ടെടുത്തു മുതൽ രാജ്യാഭിഷേകം വരെയും അതിനുശേഷം ജനാപവാദത്തെ ഭയന്ന് തന്നെ ത്യജിക്കുകയും ചെയ്ത സംഭവങ്ങൾ സീതയുടെ സ്മൃതിപഥത്തിൽ തെളിഞ്ഞുമിന്നുന്നു. രാമായണത്തിലെ സീതയിൽനിന്ന് എന്തുകൊണ്ടും വ്യത്യസ്തയാണ് ആശാന്റെ സീത. വാല്മീകിയുടെ സീത ജീവിതത്തിലൊരിക്കലും ശ്രീരാമനെക്കുറിച്ച് എതിരഭിപ്രായങ്ങളൊന്നും തന്നെ പറയുന്നില്ല. എന്നാൽ ആശാന്റെ സീതയാകട്ടെ ശ്രീരാമന്റെ ജീവിതത്തിലെ തെറ്റായ വശങ്ങൾ എടുത്തുകാണിക്കുകയും, അനുജനായ ലക്ഷ്മണന്റെ സ്വഭാവമഹിമ ഉയർത്തിക്കാണിക്കുകയും ചെയ്യുന്നു. സീതയുടെ മനസ്സ് ചിന്തകൾകൊണ്ട് കലങ്ങിമറിഞ്ഞ് ചുഴിയും കുഴിയും നിറഞ്ഞതാണ്.

അയോദ്ധ്യയിൽ നിന്നും മടങ്ങി വന്ന വാല്മീകി സീതയേയും കൂട്ടിക്കൊണ്ട് അയോദ്ധ്യയിലേക്ക് പുറപ്പെടുന്നു. ശ്രീരാമസന്നിധിയിൽ എത്തുന്നു. അവസാനമായി ഭർത്താവിനെ കാണുകയും, ആ നിലയിൽ സതീലോകം പൂകുകയും ചെയ്യുന്നു.

ഏതു സ്ത്രീയും ഓർക്കുമ്പോൾ ജീവിതത്തിന്റെ കഴിഞ്ഞകാല സംഭവങ്ങളെക്കുറിച്ച് ഓർത്തുപോകും. സീത ... പ്രകൃതിയിലെ എല്ലാ ചരാചരങ്ങളോടും യാത്ര ചോദിക്കുന്ന രംഗം ആരുടെയും ഹൃദയദ്രവീകരണത്തിന് ഉതകുന്നതാണ്.

സാവിത്രി:- "ദുരവസ്ഥ"യിലെ നായികയാണ് സാവിത്രി. മാപ്പിളലഹള പൊട്ടിപ്പുറപ്പെട്ടപ്പോൾ ഇല്ലവും ബന്ധുക്കളും നഷ്ടപ്പെട്ട് ജീവരക്ഷാർത്ഥം സാവിത്രി ചാത്തൻ പുലയന്റെ കുടിലിൽ വന്നു കയറുന്നു. അവസാനം അവർ തമ്മിൽ വിവാഹിതരാകുന്നു. സാമുദായികമായ മതിൽക്കെട്ടുകളെ പൊട്ടിക്കാൻ ആശാൻ തയ്യാറായതിന്റെ ഒരു തെളിവാണ് ഈ കൃതി. സാവിത്രി അന്തർജ്ജനം ചാത്തന്റെ കുടിലിൽ കഴിയുമ്പോഴും ചാത്തൻ എപ്പോഴും അവരെ ഒരു അന്തർജ്ജനമായി കാണാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ സാവിത്രിയന്തർജ്ജനമാവട്ടെ തന്റെ ജീവിതത്തിലോട്ടു കടന്നുവരാൻ ചാത്തൻപുലയനെ ക്ഷണിക്കുകയും ചെയ്യുന്നു. സമുദായാചാരങ്ങളെല്ലാം കളഞ്ഞ് ചാത്തൻ പുലയനോടൊപ്പം ജോലിക്ക് പോകുവാനും അവൾ മടിക്കുന്നില്ല. ഗത്യന്തരമില്ലാതെ ചെന്നുപെട്ടുപോയതുകൊണ്ടാണ് അങ്ങനെ ഒരു ബന്ധത്തിന് അവർ തയ്യാറായത് എന്നുവരെ അഭിപ്രായമുള്ളവരുണ്ട്.

ചണ്ഡാലഭിക്ഷുകി:- ഉത്തരഹിന്ദുസ്ഥാനത്തിൽ വച്ച് നടക്കുന്നതായിട്ടാണ് ഈ കാവ്യം സങ്കല്പിച്ചിരിക്കുന്നത്. ഒരുനാൾ നട്ടുച്ചയ്ക്ക് കഠിനതാപമേറ്റ് ജ്വലിക്കുന്ന പാതയിലൂടെ ഒരു ബുദ്ധസന്യാസി തണലേകി പടർന്നുപന്തലിച്ചുനിൽക്കുന്ന ഒരു ആലിൻചുവട്ടിൽ

എടുക്കുന്നു. ആ സമയത്തു് ആ ഗ്രാമത്തിലെ ഒരു ചാമർനായകന്റെ കിടാത്തി വഴിവക്കത്തുള്ള കിണററിൽ നിന്നും വെള്ളം എടുക്കുന്നതിനായി "വീതപലകവല്ലിയിൽ പാളയും ചെറുകപ്പുകമൊന്നതു മേലിൽ അണിന്തയായ് വട്ടമിരുമ്പിടകര പിഞ്ചുലതകൊണ്ടു് ചുററിച്ചുററിയുള്ള ആ വരവു് കണ്ണിനു് നനത്തപീയൂഷവും കരളിനു് കുളിരും പകരുന്ന ഒരു കാഴ്ചയാണ്. ദാഹിച്ചു വലഞ്ഞു് ആഗതനായിതിന്നു ഭിക്ഷു "ദാഹിക്കുന്നു ഭഗിനി, കൃപാരസ— | മോഹനം കുളിർതണ്ണീരിതാശു നീ | മാമലേ, തരികെല്ലു്" എന്നു് ആവശ്യപ്പെടുന്നു. ആ ചോദ്യം കേട്ടു് അവൾ ആകെ ഭയപ്പെട്ടു. എന്തു്? "അല്ലലെന്തു കഥയിതു കഷ്ടമേ | അല്ലലേഴ ജാതിമറന്നിതോ?" അവൾ ഒരു ചാമർനായകന്റെ കിടാത്തിയാണെന്നും അതുകൊണ്ടു് തന്റെ കൈകൊണ്ടു് വെള്ളം വാങ്ങിക്കുടിക്കുന്നതു് "ചൊല്ലെഴുമാര്യന്മാർക്കു്" ചേർന്നതല്ലെന്നും അങ്ങനെ കൊടുക്കുന്നതിൽ പാപമുണ്ടാകുമെന്നും അവൾ പറയുന്നു. അതിനു മറുപടിയായി "ജാതി ചോദിക്കുന്നില്ല ഞാൻ സോദരി, | ചോദിക്കുന്നു നീർ നാവു വരണ്ടഹോ! | ഭീതിവേണ്ട തരിക തരിക നീ" എന്നു ഭിക്ഷു അപേക്ഷിക്കുന്നു. ഭിക്ഷുവിന്റെ ആ അപേക്ഷ കേട്ടപ്പോൾ, "അലിയാ അവൾ കല്ലല്ലിതല്ല" അതുകൊണ്ടു് ഭിക്ഷുവിന്റെ കൈക്കുമ്പിളിലേക്കു് ജലം പകർന്നുകൊടുത്തു, ഹൃദയരസം പകർന്നുകൊടുക്കുന്നതുപോലെ. വെള്ളംകുടിച്ചു ദാഹംതീർന്നബുദ്ധഭിക്ഷുആലിൻചുവട്ടിൽ പോയി വിശ്രമിച്ചു. ചെപ്പുക്കുടത്തിൽ വെള്ളമെടുത്തുകഴിഞ്ഞ അവൾക്കു് അവിടെനിന്നും വിട്ടുപോകാൻ കഴിയാതെ അവിടെ ബുദ്ധഭിക്ഷുവിനെക്കണ്ടു് അവളുടെ മനസ്സു് നിറഞ്ഞുപോയി. വെയിൽ മാറിയപ്പോൾ അദ്ദേഹം അവിടെനിന്നും നടന്നകന്നു. അദ്ദേഹം പോകുന്നതു് നോക്കി അവൾ കരഞ്ഞും അവിടെ നിന്നു. അതിനുശേഷം അവൾ വീട്ടിലേക്കു് തിരിച്ചു. വീട്ടിൽ ചെന്ന മാതംഗിക്കു് ഉണ്ണാനും ഉറങ്ങുവാനും കഴിഞ്ഞില്ല. വീട്ടിലുള്ളവർ ഉണരുന്നതിനു മുൻപേ അവൾ ഉണരുകയും അവിടെ നിന്നും ബുദ്ധഭിക്ഷുവിനടുത്തേക്കു് തിരിക്കുകയും ചെയ്യുന്നു. അവിടെ ബുദ്ധഭിക്ഷുണികളുടെ കൂടെ അവളെ താമസിക്കാൻ അനുവദിക്കുകയും ചെയ്യുന്നു. ശ്രീബുദ്ധന്റെ ഉപദേശങ്ങൾ സ്വീകരിച്ചു് അവളൊരു ബുദ്ധസന്യാസിനിയായി ഭവിക്കുന്നു.

ഒരു ബുദ്ധഭിക്ഷുവിനോടു തോന്നിയ പ്രേമം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി ഇറങ്ങിത്തിരിച്ച മാതംഗി ലോകസേവനതല്പരയായ ഒരു സ്നേഹസന്യാസിനിയായി തീരുകയും ചെയ്തു. ഒരു ചാമർനായകന്റെ കിടാത്തിയായ മാതംഗിയെ ഭിക്ഷുസംഘത്തിൽ സ്വീകരിച്ചതു് ജനങ്ങളും രാജാവും ഒപ്പം ചോദ്യം ചെയ്യുന്നു. അങ്ങനെ ചോദ്യം ചെയ്യുന്ന രാജാവിനു് ബുദ്ധഭിക്ഷു നൽകുന്ന ഉപദേശം, "വത്സ, മാതംഗിയെച്ചൊല്ലി—
വിഷാദി—..........................................
സ്നേഹത്തിൽ നിന്നുദിക്കുന്നു—ലോകം |
സ്നേഹത്താൽ വൃദ്ധിതേടുന്നു..........................
..........................അമിതമായുളവാക്കും—
മൈത്രി | നമ്മോടേ ചേരുന്നു രാജൻ!"
എത്ര ഉദാത്തവും മഹത്തരവുമാണ്.

വാസവദത്ത — കരുണയിലെ നായികയാണു് വാസവദത്ത. സമൂഹത്തിലെ ഏററവും നികൃഷ്ടമായ വേശ്യാവൃത്തി കലയാക്കിയിരുന്ന ഒരു സ്ത്രീയാണു് വാസവദത്ത. അവളുടെ ഭോഗലാലസമായ ജീവിതത്തിനിടയ്ക്കും ഒരു ബുദ്ധഭിക്ഷുവായ ഉപഗുപ്തന്റെ നേരെ യഥാർത്ഥ സ്നേഹത്തിന്റെ കിരണങ്ങൾ പതിയാനും അതുവഴി അനുഗ്രഹീതയായി ബോധിക്കുവാനും അവളുടെ ജന്മാന്തരവു്



Scanned with CamScanner

വെമ്പൽകൊള്ളുന്നു. അവളും ഉപഗുപ്തന്റെ അടുത്ത് തോഴിയെ പറഞ്ഞയച്ച് തന്നെ ഹാരെ അവളുടെ കൊട്ടാരത്തിൽ വരാൻ അപേക്ഷിപ്പിക്കുന്നു. എന്നാൽ തനിക്ക വരാൻ സമയമായില്ല എന്ന ഉപഗുപ്തന്റെ വാക്കുകൾ അവളെ നിരാശയുടെ അഗാധതയിലേയ്ക്ക് വലിച്ചിടുന്നു. ഉപഗുപ്തന്റെ "സമയമായില്ല, സമയമായില്ല പോലും" എന്ന വാക്ക കേട്ടപ്പോഴും "ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു തോഴീ" എന്ന സ്നേഹത്തിന്റെ വേദനയിലുള്ള ആത്മനാദവും നാം കേൾക്കുന്നു. അവസാനം കരചരണാദികൾ മുറിച്ചനിലയിൽ ശ്മശാനത്തിലേയ്ക്ക് കൊണ്ടുപോകുന്നു! ഉപഗുപ്തൻ ശ്മശാനത്തിൽ എത്തുകയും അവൾക്കുവേണ്ട അന്ത്യോപചാരം അർപ്പിക്കുകയും ചെയ്യുന്നു. കരുണരസം കരകവിഞ്ഞൊഴുകുന്ന കരുണാർദ്രമായ ഒരു ജീവിതത്തെ വാസവദത്ത എന്ന കഥാപാത്രത്തിലൂടെ അദ്ദേഹം മിഴിവേകിയിരിക്കുന്നു.

**ആശാന്റെ നായകന്മാർ:-** ആശാന്റെ നായകന്മാർ എല്ലാംതന്നെ സാത്വികാവസ്ഥയിലെത്തിനിൽക്കുന്നവരാണ്. സംഭോഗ ഇതരഭിന്നമാണ് അവരുടെ ജീവിതം. യഥാർത്ഥ ജീവിതത്തിലും കലാജീവിതത്തിലും നാം പലപ്പോഴും കാണാറുള്ളത് പുരുഷന്മാർ സ്ത്രീകൾക്കു വേണ്ടി അവരുടെ പിന്നാലെ പരക്കം പായുന്നതാണ്. എന്നാൽ ആശാന്റെ നായകന്മാർ ഇതിൽനിന്നും ഭിന്നരാണ്. ദിവാകരനെത്തേടി നളിനിയും, മദനനെത്തേടി ലീലയും, ബുദ്ധഭിക്ഷുവിനെത്തേടി മാതംഗിയും, ഉപഗുപ്തനെത്തേടി വാസവദത്തയും അലയുന്നത് ആ കൃതികളിൽ നമുക്ക് കാണാം. ഒരുകാലത്തോ വന്ന മുള്ള് കിടന്നാലും സാവിത്രി അന്തർജ്ജനത്തെ ചാത്തൻപുലയന് വേണ്ടെങ്കിൽ എന്തുമാകാം. അയാളും സ്വാതന്ത്ര്യത്തിനും സംസ്കാരസമ്പന്നത



മാണെന്ന തീണ്ടലുപേക്ഷിക്കാവുന്ന തരത്തിലാണ് അയാളുടെ പെരുമാറ്റം. സാവിത്രിയുടെ നിർബ്ബന്ധമാണ് അയാളെ അവളെ വിവാഹം ചെയ്യാൻ പ്രേരിപ്പിച്ച സാഹചര്യം.

**ആശാന്റെ കൃതികളിൽ ട്രാജഡിയുടെ സ്വാധീനം**

എല്ലാകൃതികളും ശോകപര്യവസായികളാണ്. സോഫോക്ലീസിന്റെ ഇഡിപ്പസ് കൊളോണസിലാണ് ലോകത്തിലെ ഏറ്റവും വലിയ ട്രാജഡിയായി നിലകൊള്ളുന്നത്. മലയാളത്തിൽ ഇത് ഏറെക്കുറെ വൈക്കം മുഹമ്മദ്ബഷീറിന്റെ "ബാല്യകാലസഖി"യിലും നിഴലിക്കുന്നുണ്ട്. എന്നാൽ ട്രാജഡിയുടെ യഥാർത്ഥരൂപവും ഭാവവും ആശാൻ കൃതികളിൽ ശരിക്കും പ്രകടമാകുന്നു. സ്നേഹഗായകനായ ആശാൻ ഒരു ശോകഗായകൻ കൂടിയല്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആശാന്റെ ദുരവസ്ഥമാത്രമേ അവസാനം സമംഗളം പര്യവസാനിക്കുന്നുള്ളൂ. ആശാന്റെ നായകന്മാരുംകൊള്ളുന്ന വിപ്ലവാത്മകത പ്രതിഫലനങ്ങളെല്ലാം പകരുന്നതായി കാണാം. ആത്മീയ തലത്തിൽമാത്രം വ്യാപരിക്കുന്ന ആശാന്റെ മനസ്സിൽ സാമൂഹ്യത്തിന്റെ സന്തോഷമില്ലാതെ വിഷാദമൂകത കുടികൊള്ളാൻ കാരണമെന്താണ്" എന്നത് പി. എച്ച്. ഡി ഗവേഷണ വിഷയമാക്കാൻ പറ്റിയ ഒരു മേഖലയാണ്. ആശാന്റെ ട്രാജഡികളിൽ കാണാൻ കഴിയുന്ന മറ്റൊരു പ്രത്യേകത എന്തെന്ന് കഥാമധ്യത്തിൽ വെച്ചുതന്നെ നായികമാർ സന്തോഷത്തിന്റെ പാരാവാരത്തിൽ മുങ്ങിക്കുളിക്കുന്നതായി കാണുന്നുണ്ടെങ്കിലും അവിടെനിന്നും ഉടൻ കഥ ദുഃഖസാഗരത്തിന്റെ എന്തോ അഗാധതയിൽ മുങ്ങുന്നതും കാണാം.

[illegible]ങ്ങൾ:- ആശാൻ ജീവിതത്തെ വ്യത്യസ്ത കോണുകളിലൂടെ നോക്കിക്കാണാൻ ശ്രമിച്ചിട്ടുണ്ട്. ഏ. ആർ. രാജരാജവർമ്മയുടെ നിര്യാണം, അതുളവാക്കിയ ഉൾക്കടമായ ശോകത്തിൽനിന്നാണ് "പ്രരോദനം" ഉണ്ടായത്. അതിൽ ശ്മശാനത്തെ ഉദ്ധരിച്ചുകൊണ്ട് കവി പറയുന്നതു നോക്കുക.

"കഷ്ടം! സ്ഥാനവലിപ്പമോ–
പ്രഭുതയോ
സജ്ജാതിയോ വംശമോ
പുഷ്ടശ്രീതരുണത്വമോ ചെറുതുമൊ–
ന്നോർക്കിലില്ല ഫലമതിൽ
സ്പഷ്ടം മാനുഷഗർവ്വമൊക്കെ–
യിവിടെ–
പ്പുക്കസ്തമിക്കുന്നിതി–
ങ്ങൊട്ടാളോർ പഠിക്കുന്ന ഹാ!–
ഇവിടെ–
യാണദ്ധ്യാത്മവിദ്യാലയം."

എന്ന വരികളിലൂടെ മനുഷ്യരാശിക്ക് നൽകുന്ന സന്ദേശം പ്രത്യേകം ശ്രദ്ധാർഹമാണ്.

"സാധിച്ച ധർമ്മമൊരു സൽ–
ക്കൃത്യം
സാധിച്ചു പോട്ടെ – ഇഹ സദാ–
നിഷ്ഫലതാപപാതം
ബാധിച്ച ദുഃഖശിലയാഴ്‌വ
തിൽനിന്നു മേഘ–
ജ്യോതിസ്സുതൻ ക്ഷണികജീവി–
തമല്ലികാമ്യം?"

സത്കൃത്യം നിറവേറി മിന്നിമറയും കൊണ്ട് ജീവൻ വെടിയുന്നതാണ് നിഷ്ഫലതാപപാതം ബാധിച്ചുവാഴുന്ന ദുഃഖശിലയേക്കാൾ അഭികാമ്യം. മേഘജ്യോതിസ്സിന്റെ ക്ഷണികജീവിതമാണ് ദുഃഖശിലയുടെ നീണ്ട വാഴ്ചയേക്കാൾ അഭികാമ്യം.

"എന്നിട്ടുകാർക്കറിയും തൻ ഗതി,–
സാദ്ധ്യമെന്തേ
കണ്ണീരിനാൽ അവനിവാഴ്‌വു–
കിനാവു, കഷ്ടം!"

എല്ലാം ജീവിതകാംക്ഷകൾക്കും അവസാനമുണ്ടെന്ന് ആശാൻ വ്യക്തമാക്കുന്നു.

"സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം"

എന്ന സ്നേഹത്തെപ്പറ്റിയും ആശയം ദിവാകരനെക്കൊണ്ട് പറയിക്കുന്നു.

"കവിതയിലാഹാ! മർത്യ–
ജീവിതം
പ്രതിഫലിക്കുന്ന വിചിത്രമായിട്ടും"

ഭൂമിയിൽ മനുഷ്യജീവിതം ഒന്നിനൊന്ന് വൈവിധ്യമാർന്നതാണെന്ന് എന്ന് കാവ്യം ഇതിലൂടെ വ്യക്തമാക്കുന്നു.

"പഴകിയ തരുവല്ലി മാറ്റിടാം,
പുഴയൊഴുകും വഴി വേറെയാ–
ക്കിടാം
കഴിയുമിവ – മനസ്വികൾക്കു മാ–
റ്റൊഴിവതശക്യമൊരാളിലു–
ന്നിയാൽ"

എന്ന സ്നേഹത്തിന്റെ ഉദാത്തതയെ ദ്യോതിപ്പിക്കുന്നു.

ആശാൻ തന്റെ കൃതികളിലൂടെ സഹൃദയർക്കു നൽകുന്ന അനശ്വരമായ ജീവിതത്തിന്റെ ഫിലോസഫി (Philosophy of life) ഇതാണ്. ആശാന് ജീവിതത്തെക്കുറിച്ച് ചില ധാരണകളെല്ലാം ഉണ്ടായിരുന്നു എന്നും, അത് ഏതുതരത്തിലുള്ളതാണെന്നും, അദ്ദേഹത്തിന്റെ കൃതികൾ സാക്ഷ്യം വഹിക്കുന്നു.

**ഉപസംഹാരം:-** ആശാൻ മലയാള സാഹിത്യത്തിനു നൽകിയിട്ടുള്ള സംഭാവനകൾ അമൂല്യമാണ്. "മഹാത്മാക്കളും മഹാകവികളും ലോകത്തെ അനുഗ്രഹിക്കുന്ന ദേവതകളാകുന്നു." ആശാന്റെ സംഭാവനകൾ മലയാളസാഹിത്യത്തോടൊപ്പം കാലത്തിൽ ചാർത്തിയ മംഗല്യസൂത്രമാണ്. ജീവിതത്തെയും ജീവിതമൂല്യങ്ങളെയും, സങ്കീർണ്ണത വിജയകരമായി അവതരിപ്പിക്കാൻ ആശാനു കഴിഞ്ഞിട്ടുണ്ട്.

●●



Scanned with CamScanner

ചെറുകഥ

# ചുവന്ന ഡാലിയ

പി. കെ. ഗോപിനാഥ്, പള്ളുരുത്തി
III B.Sc. (Chemistry)



അവരും എന്നും ചിരിക്കാറില്ലായിരുന്നു. മിസ്സ് ജനി ബിശ്വാസ്, നിന്നെ എനിക്കറിയാം. ചുവന്ന ത്രിസന്ധ്യകൾ നിനക്കെന്നും മയക്കമായിരുന്നു.

നിലക്കണ്ണാടിയിലേക്ക് ഒരിക്കൽ ചുണ്ടിലിരുന്നു നിന്റെ കാമുകനെ നീ കണ്ടില്ല. അല്ലെങ്കിൽത്തന്നെ എന്ത്. ഇതു മാത്രമല്ലല്ലോ പറ്റിയില്ല. ചുവന്ന ത്രിസന്ധ്യകൾ വന്നുപോയിരിക്കും.

മിസ്സ് ജനി ബിശ്വാസ്, ചുവന്ന ഇതൾ പൊഴിക്കുന്ന ഡാലിയപ്പൂക്കളെ നീ കണ്ടിട്ടില്ല. മനം കവരുന്ന വസന്തരാജിയെ നീ ഇഷ്ടപ്പെട്ടിരുന്നു. പക്ഷെ നിന്റെ പ്രിയൻ ഇന്നെവിടെയാണെന്നറിയാമോ?

ഇരുണ്ട നിറമെങ്ങാം നിന്റെ കവിൾത്തടത്തിൽ വസന്തമേഘം ചാലിച്ചപ്പോഴും നീ എവിടെയായിരുന്നു?

നിന്റെ മനസ്സപ്രിയൻ നിന്നെ കാത്തുനിൽക്കുമ്പോഴും ആയിരമായിരം പ്രപഞ്ചരഹസ്യങ്ങളുൾക്കൊള്ളുന്ന നീ എവിടെയായിരുന്നു.

നീ ജീവിക്കുവാൻ പഠിച്ചവളായിരുന്നു. നിന്റെ കാമുകൻ നിന്നിൽനിന്നും ജീവിക്കുവാൻ പഠിച്ചു.

മിസ്സ് ജനി ബിശ്വാസ്, നീ ഒരു മിഥ്യയാണെന്നെല്ലാവരും പറഞ്ഞു. പക്ഷെ നിന്റെ കാമുകൻ അതു വിശ്വസിച്ചില്ല. നീയീ പ്രപഞ്ചത്തിന്റെ എല്ലാമാണ്. പ്രപഞ്ച സാക്ഷാത്കാരത്തിന്റെ അതിശീതളമായ മുഖസ്വപ്നമാണ് നീ.

സായംസന്ധ്യകളിൽ കാണാറുണ്ടായിരുന്ന കാറ്റ് നിന്റെ മനം കുളിർപ്പിച്ചിരുന്നു. നിന്റെ കവിൾത്തട്ടിൽ സിന്ദൂരശോഭയണിയിക്കാൻ മാറിമാറിവന്നിരുന്ന മേഘങ്ങൾ കഴിഞ്ഞിരുന്നു.

മിസ്സ് ജനി ബിശ്വാസ്, നീയൊരു സ്വപ്നമാണെന്ന് പ്രപഞ്ചശില്പികൾ പറഞ്ഞു. നിന്റെ കഴിവുകൾ അപാരമായിരുന്നു. പ്രാപഞ്ചികസത്ത കണ്ടറിഞ്ഞ അവർ നിന്നെ കണ്ടറിഞ്ഞില്ലെന്നോ?

ഇതളുകളണിഞ്ഞുനിൽക്കുന്ന ഡാലിയപ്പൂക്കൾ നിന്നെ അനുസ്മരിപ്പിച്ചിരുന്നുവെന്ന് ആരു പറഞ്ഞു. മാനവസംസ്കാരങ്ങൾ കാണാതിരുന്ന സത്യങ്ങളിൽ നീ പെടില്ലെന്ന് ആരുപറഞ്ഞു.



Scanned with CamScanner

സ്വപ്നങ്ങളിൽ മുഴുകിയിരുന്ന ബാല്യകാലങ്ങളെ നീ താലോലിച്ചിരുന്നു. സ്വപ്നങ്ങളുടെയും ഓമനത്തം എന്നും നിന്നെ പുൽകിയിരുന്നു.

മിസ്സ് ജെനി ബിശ്വാസ്, ചരിത്രം നിന്നെ എഴുതപ്പെട്ടുകയാണ്. മനുഷ്യ മനസ്സിന്റെ അതിരഹസ്യങ്ങളായ പാളികൾ മുഴുവൻ തുറന്നിടപ്പെട്ടിരിക്കുന്നു. പ്രാപഞ്ചികശക്തികളും നിന്റെ ലോകം അറിഞ്ഞിരിക്കുന്നു.

മിസ്സ് ജെനി ബിശ്വാസ്, ഇതു കവിതയല്ല. ഇതു പ്രപഞ്ചമാണ്. സ്വപ്നങ്ങൾ നെയ്തെടുത്തിരുന്ന ലോകം. പുതിയ ത്രിസന്ധ്യകൾ അനേകം കണ്ട ലോകം.

നീ നിദ്രയിലായിരിക്കുന്നു. പുതിയ സായാഹ്നങ്ങൾ ഇനി ആരെയും ആകർഷിക്കയില്ല. ലക്ഷ്യപ്രാപ്തിയിലെത്തുമ്പോൾ, മിസ്സ് ജെനി ബിശ്വാസ്, നീയൊന്നോർക്കണം ചിലപ്പോൾ. ഇതു ലോകമാണ്. ലോകം.


**Babu Bros**

General Merchant

Basin Road, Cochin-16.

*Greetings from*

**Xavier's Tailoring**

Perumanur, Cochin-15.

*Greetings from:*

**New Bharat Studios**

Valanjambalam, Ernakulam.

**Hotel Bombay**

Near S. H. College

Thevara




Scanned with CamScanner

# "വിധി"!

ഇരുട്ട്! കൂരിരുട്ട്!!

ഇരുട്ടിന്റെ കരിമ്പടത്തിനുള്ളിൽ ആ തെരുവ് ആകെ അമർന്നിരിക്കയാണ്, ശക്തിയായി ചീറിയടിക്കുന്ന കാറ്റിന്റെ ശീല്ക്കാരവും, ഇടക്കിടക്ക് കേൾക്കുന്ന ഇടിമുഴക്കങ്ങളും ആ രാത്രിയുടെ ഭീകരതയ്ക്ക് മാറ്റുകൂട്ടിക്കൊണ്ടിരിക്കുന്നു. വാവ്വലുകളുടെ ചിറകടി ശബ്ദങ്ങളും, പക്ഷികളുടെ കളകളാരവങ്ങളും ചീവീടുകളുടെ കരച്ചിലും ഇടകലർന്ന കോലാഹലമായിരുന്നു.

രാത്രി! ഭീകര രാത്രി!! സമയം വളരെയായിട്ടുണ്ട്. എന്നിട്ടും ഉറക്കം പോലുമവനെ തലോടിയില്ല. ആ വൃത്തികെട്ട തെരുവിലെ ഒരു പഴയ കടത്തിണ്ണയിൽ അവൻ ഏകാകിയായി കിടക്കുകയാണ്. അവൻ എന്തെങ്കിലും കഴിച്ചിട്ട് ദിവസങ്ങൾ തന്നെയായി. വിശപ്പ്! ശക്തിയായ വിശപ്പ്!!



JOSE ALPHONSE
III Bsc. Botany

അവൻ ഇരുട്ടിലേക്ക് തുറിച്ചു നോക്കി. ആകാശത്ത് ഭീകരരൂപികളായ കരിമേഘങ്ങൾ പാഞ്ഞുനടക്കുന്നു...... മഴയുടെ ഇരമ്പം......ശക്തിയായ ഇടിമുഴക്കം............കൊള്ളിയാൻ മിന്നലുകൾ......കാറ്റിന്റെ ചൂളംവിളി...കാറ്റിൽ ആടിയുലയുന്ന മരങ്ങളുടെ ഞരങ്ങൽ പ്രളയം!.........തന്റെ ജീവിതവും ഇതുപോലെ ആടിയുലയുകയല്ലേ....? അതെ, സഹായിക്കാനില്ലാതെ താനും നിരാലംബനായിരിക്കുകയല്ലേ.......? അപ്പോൾ കണ്ണിൽ ജലം പൊടിഞ്ഞു. കണ്ണീർ ധാരധാരയായി ഒഴുകാൻ തുടങ്ങി.

മഴ അപ്പോഴും തകർത്ത് പെയ്യുകയാണ്. ആകാശവും തന്നെപ്പോലെ എന്തെങ്കിലും ഓർത്ത് കരയുകയാവും. അവയുടെ കണ്ണീരായിരിക്കാം മഴത്തുള്ളികളായി ഭൂമിയിൽ പതിക്കുന്നത്. ഓർമ്മകൾ ചിറകുവെച്ച് ഭൂതകാലത്തിലേക്ക് പറന്നുപോയി.

ഓർമ്മകൾ......! ചില മധുരിക്കുന്നവ ............ചില കയ്ക്കുന്നവ...

ചില ഇനി തിരിച്ചുകിട്ടാത്തത്!!

ഇത്രയും ഓർമ്മകൾ തനിക്ക് മാത്രമേയുള്ളൂ....?

അതോ എല്ലാവർക്കുമുണ്ടോ...? അതു ചിന്തിക്കുന്നതിനിടെയാണല്ലോ താനും ആ ഓർമ്മകളുടെ മാറാപ്പിലേക്ക് ആണ്ടുപോയത്!

തിളക്കമാർന്ന ഇന്നലെകളെക്കുറിച്ച് ഓർമ്മിക്കാനാണവൻ പലപ്പോഴും ശ്രമിക്കാറുള്ളത്. പക്ഷേ അവയെല്ലാം കൂടുതൽ ദുഃഖപൂരിതമായി തെളിഞ്ഞുവരികയാണ് പതിവ്. കൊഴിഞ്ഞുപോയ ഇന്നലെകളെക്കുറിച്ചുള്ള മധുരസ്മരണകൾ അവനെ ഒരു പുതിയ ലോകത്തിലെത്തിച്ചു.

മധുരിക്കുന്ന ഓർമ്മ......!

അച്ഛനമ്മമാരൊന്നിച്ച് ജീവിച്ച മധുരമനോഹരദിനങ്ങൾ. അച്ഛന്റെ താ

...യാ വാത്സല്യം കൊണ്ട് അമ്മയില്ലാത്ത കുറവ് അറിഞ്ഞില്ല. അച്ഛന് താനും താനച്ഛനും ജീവനായിരുന്നു. അന്നെന്റെ ചിന്തകളിൽ അലൗകിക സംഗീതത്തിന്റെ സൃഷ്ടിയായിരുന്നു, രാഗങ്ങളെ ഉണർത്തിയിരുന്നു.........ജീവിതം പോലും [illegible] ആനന്ദിച്ചു നിമിഷങ്ങളാണ് [illegible] നൃത്തം ചവിട്ടിയിരുന്നു.......എന്നാൽ ആ വസന്തോത്സവം അനുവാദം പോലും ചോദിക്കാതെ എങ്ങോട്ടോ പറന്നുപോയി.......!

വിധി അതായിരുന്നു....!

ഒരു ദിവസം, പെട്ടെന്നുണ്ടായ അസുഖത്താൽ അച്ഛനും മരിച്ചു. അവൻ ഏകാകിയായി....! ഏതാണ്ടൊരു ഉണങ്ങിക്കരിഞ്ഞ് വീണുപോയ വസന്തം വിട്ടുകടന്നുപോയ ആരാമത്തിൽ [illegible] അലഞ്ഞുനടന്നു......വേദനയും ഇരുട്ടും ഉയർന്നുവരികയാണ്....

വിതുമ്പിനില്ക്കുന്ന സങ്കടങ്ങളെ കടിച്ചമർത്താൻ ശ്രമിച്ചു...സാധിച്ചില്ല.......

ആത്മാവിന്റെ ഏതാണ്ടലങ്ങളെ കെട്ടിപ്പിടിച്ചുവെച്ച് സ്വർലോകനിർവൃതിയിലേക്കുയർത്തിയ ആ മധുരമനോഹര വസന്തങ്ങൾ കൊഴിഞ്ഞുപോയി. ഇനി ഒരിക്കലും തിരിച്ചുവരാത്തവിധം....!

വിധി! എല്ലാം വിധി!!

കരളിന്റെ കരളിൽ മധുരമോഹന സ്വപ്നജാലങ്ങളുണർത്തിയ ആ സ്വർഗ്ഗീയഗാനം അനന്തതയിലേക്കെങ്ങോ പറന്നുപോയി....!

കയ്പുള്ള ഓർമ്മകൾ !

നെഞ്ചിൽ വേദനകൾ ഉറഞ്ഞുകൂടുന്നു. അവയില്ലാതാക്കുവാനുള്ള വഴി ഒന്നേയുള്ളൂ [illegible]........ചിന്തിക്കാതിരിക്കുക!

എല്ലാമെല്ലാം വേദനകളുടെ ചിത്രങ്ങൾ ചിത്രങ്ങൾ മാത്രം. ജീവിതം പ്രസ[illegible] വേദനയുടെ അന്ധകാര[illegible]........!

അച്ഛൻ മരിച്ചപ്പോൾ ഏകാകിയായ തന്നെ അമ്മാവൻ അദ്ദേഹത്തിന്റെ വീട്ടിലേക്ക് കൊണ്ടുപോയി. അപ്പോൾ മനസ്സു സന്തോഷിച്ചു!

[illegible] മനസ്സ് വീണ്ടും തളിർക്കാൻ തുടങ്ങി....പൊലിയാറായ ആ തിരിനാളം വീണ്ടും ആളിക്കത്തുവാൻ തുടങ്ങി.

ആ തളിർക്കൽ കുറച്ചുനേരത്തേക്കു മാത്രം. ആ ആളിക്കത്തൽ പൊലിയാൻ പോകുന്നതിന്റെ ആരംഭമായിരുന്നെന്ന് അന്ന് കരുതിയില്ല.

അമ്മാവന്റെ ഗൗരവപൂർണ്ണമായ പെരുമാറ്റവും അമ്മായിയുടെ കുത്തുവാക്കുകളും, അമ്മാവന്റെ മക്കളുടെ പരിഹാസവും ആ കൗമാരഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചു.

അവ ആ കൗമാരഹൃദയത്തിൽ കാരമുള്ളുകൾ വിതറി. വിളറിയ വഴിവിളക്കുകൾ നിഴൽ വിരിച്ച് കടന്നുപോയ ആ വഴിത്താരയിൽ വേദനയുടെ കള്ളിമുൾച്ചെടികൾ മാത്രമേ കാണുവാനുണ്ടായിരുന്നുള്ളൂ. മുന്നിൽ അനന്തമായ ഒരു ശൂന്യത.....!

അമ്മാവന്റെ വീട്ടിലെ ജീവിതം അസഹ്യമായപ്പോൾ.......അമ്മായിയുടെ കുത്തുവാക്കുകൾ സഹിക്കാതായപ്പോൾ ... അവൻ ഒരു തീരുമാനമെടുത്തു .. അവിടം വിട്ടിറങ്ങിപ്പോവുക........ ഒരു ദിവസം അതും സംഭവിച്ചു ഈ ലോകത്തിന്റെ അനന്തവിസ്തൃതമായ വൃത്തികെട്ട ഒരു തെരുവുകളിലേക്ക് അവൻ എടുത്തെറിയപ്പെട്ടു. ആരും സഹായിക്കാനില്ലാത്ത ആരും ആശ്രയമില്ലാത്ത... ഒരു തെരുവുതെണ്ടിയായി. വിധി അതായിരുന്നു!

ഇനി എങ്ങോട്ട് പോകണം. അല്ലെങ്കിൽ ഇനി എങ്ങോട്ടാണ് പോകുവാനുള്ളത്......ശൂന്യത...! മുന്നിൽ വെറും ശൂന്യത!!

കടത്തിണ്ണകളിലെല്ലാം കയറിയിറങ്ങി. ഒരു നേരത്തെ ഭക്ഷണത്തിനാ[illegible]



Scanned with CamScanner

വേണ്ടി...ഒന്നുമില്ല. ഒരു ജോലിക്ക് വേണ്ടി...അവന്റെ ദിനരാത്രം ആയിരം ശ്രമിച്ചിട്ടും. ആരും അവനെ ആവശ്യ മില്ല. കഷ്ടം!

ഉദ്യോഗസ്ഥപ്രമാണിമാർക്കും, സമൂ ഹത്തിലെ കാവൽപ്പട്ടാളങ്ങൾക്കും, സമൂഹത്തിലെ മനുഷ്യർക്കും അവനെ പുച്ഛമായിരുന്നു. "കള്ളൻ, തെണ്ടി, തെമ്മാടി!" എന്നായിരുന്നു അവരുടെ പ്രതികരണം.

രാഷ്ട്രീയക്കാരുടെ പൊള്ളയായ ആ മനസ്സി വികാരങ്ങൾ നിരാശയുടെ ആഴങ്ങളിൽ തളർന്നിരുന്നു.

വിശപ്പ്! ശരീരത്തേയും മനസ്സി നേയും കാർന്നുതിന്നുന്ന വിശപ്പ്!!

തണുപ്പ്! കഠിനമായ തണുപ്പ്! ശരീരത്തിലെ തൊലിക്ക് നിറം വെളുപ്പിക്കുന്ന അത്രയുള്ള തണുപ്പ്!!

ഒരിക്കൽ കിട്ടിയ കീറിപ്പറിഞ്ഞ ഒരുതുണ്ട് വാരിപ്പുതച്ചു-

വെറുപ്പ്! വിദ്വേഷം!!

സകലത്തിനോടും വെറുപ്പ്! എല്ലാ ത്തിനോടും പകച്ചു!!

...ജനിക്കാതിരുന്നെങ്കിൽ!
ജീവിക്കാതിരുന്നെങ്കിൽ!!
മരിച്ചിരുന്നെങ്കിൽ!!!

ഈ അല്പം തണുപ്പായി. ചുട്ടുപൊള്ളുന്ന കാറ്റ് അപ്പോഴും ശക്തിയായി അടിച്ചു കൊണ്ടിരുന്നു. ആ കാറ്റിൽ ആടി ക്കൊണ്ടിരുന്ന മരക്കൊമ്പുകളിൽനിന്നും ഇലകൾ താഴേക്ക് ഊർന്നിറങ്ങി വീണു കൊണ്ടിരുന്നു. അവനെപ്പോലെതന്നെ ആ ഇലകളെല്ലാം താഴെവീണ് ചിന്നി ച്ചിതറി നശിച്ചുകൊണ്ടിരുന്നു. നശി ക്കട്ടെ. എല്ലാം നശിക്കട്ടെ!!!

അവൻ വീണ്ടും ഇരുണ്ടുമൂടിയ ആകാശത്തിലേക്ക് നോക്കി. സ്വർഗ്ഗീ യവെളിച്ചംപോലെ ഇടക്കിടെ കൊള്ളി യാൻ മിന്നുന്നുണ്ട്. വിളറിപ്പിടിച്ചതു പോലെ കറുത്ത മേഘങ്ങൾ പടിഞ്ഞാറോട്ട് ഓടിക്കൊണ്ടിരുന്നു. പ്രകൃതി പ്രസവി ച്ചിട്ട് അനാഥ പ്രേതങ്ങൾ! അവയും തന്നെപ്പോലെ വേദനകളെ ആത്മാവിൽ കടിച്ചമർത്തുകയാണോ? ആ മേഘങ്ങളും കീഴ്പ്പോട്ട് കടിച്ചമർത്തി കണ്ണീരുകൾ വീഴ്ത്തുകയാണോ?

ദുഃഖത്തിന്റെയും നിരാശയുടെയും നോക്കെത്താത്ത കടലിനുള്ളിൽ മനസ്സ് അപ്പോഴും വിങ്ങിപ്പൊട്ടി നിൽക്കുകയായി രുന്നു.



# വിട

M. K. R. NAIR, M. Sc. (Final)

അരുണവർണ്ണമെഴും കപോലത്തൊടെ—
യൊരു ശരൽക്കാല സന്ധ്യപോൽ നില്പു നീ
ഇളകിയാടും വിടപങ്ങളാണിതു—
ന്നിവിടെയെന്നെ വരിഞ്ഞു നിർത്തുവാൻ
മധുരമോഹിനീ നിന്റെയീ മൂകത—
യൊരു വിരഹകഥ വിവരിപ്പുവോ.
അബലനാമെനിക്കിത്ര നാളുകളിലൊ—
രഭയമേകലെ ഞാൻ മറന്നിടുമോ?
ഇവിടെയിത്തരുച്ഛായയിൽ കായലിൽ
കളകളാരവം കിക്കിളിക്കവേ
തവമധുസ്മിത വസ്ത്രാഞ്ചലത്തിലെൻ
ഹൃദയഭാരം വഹിച്ചു നീ നിന്നു ഹാ!
മൃദുപവനനിളക്കിയാട്ടുന്ന നിൻ
കുറുനിരകളെൻ മുഖമുകരവേ
ചെറുകളിത്തോണിയേറിയെൻ മാനസം
വളരെ ദൂരം തുഴഞ്ഞുപോയ് കായലിൽ.
ഒരു കരിനിഴൽ വീശിനിന്നാനന—
മിതു തെളിച്ചാലതിക്കവരെന്തിനോ?
കമനി, നീയുമിത്തീരഭൂവിൽ വെറും
തരിമണലാമിവനിലാസക്തയോ?
പഥിക, നാലംബഹീനനായന്നു ഞാ—
നിവിടെ നിൻ പടിവാതിൽക്കലെത്തവേ,
കുസുമവൃഷ്ടി നടത്തി വഴികളിൽ
നറുവിശറികൾ കൊണ്ടു വീശിയും
പ്രിയവിപഞ്ചികേ, നീ വസന്തോത്സവം
കരളിലെത്ര വളർത്തി വിധേയയായ്.
വളകിലുക്കം ചിലങ്കതന്നൊച്ചയും
മൃദുലഹാസവും നർമ്മസല്ലാപവും
തുടരവേ ദേവലോകത്തിലേയ്ക്കിതാ—
ചിറകിലന്നത്യുന്നതനായ് പൊങ്ങിനേൻ.
പിരിയുവാൻ തുടങ്ങുന്നൊരെൻ മുന്നിൽ നീ
പതിവുപോൽ മുഖപ്പൂർണ്ണയായ് നിന്നതാം
ഇതിനകമെത്ര വേർപാടിൽ നീയിതേ
കണ്ണീരാരമിന്നയച്ചുവല്ലോ!
വിട, വിടലോലേ, തവാന്തഃപുരത്തിലേ—
ക്കിനിയുമെത്താൻ സമർത്ഥനാകട്ടെ ഞാൻ.



Scanned with CamScanner

# ആസൂത്രണം അരങ്ങും അണിയറയും

ബി. രാമചന്ദ്രൻനായർ
എം. എ. (എക്കണോമിക്സ്)
[illegible]

നിറയാർന്ന വിളക്കുകളുടെ ശോഭ കത്തുന്ന മാലക, നിലാവിൽ കുളിച്ച്, പ്രകൃതിരമണീയതയുടെ ഈറൻ ചേലയുടുത്ത് നൈസർഗ്ഗികതയുടെ ചാരുതയുമായി പോരിനില്ലുന്ന ഗ്രാമീണാന്തരീക്ഷം, ആൽസംസ്കാരത്തെ പാലൂട്ടിവളർത്തിയ കാർഷികസൗഭാഗ്യങ്ങളും ഇന്ന് ഒരു സ്വപ്നം മാത്രമായിരിക്കാം. കർഷകന്റെ വേദനകളും പ്രതീക്ഷകളും അന്നും ഇന്നും ഒന്നുതന്നെയാണ്. "ഭാരതീയ കർഷകൻ പ്രകൃത്യാ സംസ്കാരസമ്പന്നനാണ്. കാർഷികസംസ്കാരത്തിൽ നിന്നും ഉരുത്തിരിഞ്ഞ ജീവിതരീതിയും ഉന്നതമായ തത്വചിന്തയും പാരമ്പര്യവും അവന്റെ മനസ്സിനെയും ആത്മാവിനെയും നിയന്ത്രിക്കുന്നു." വിഖ്യാത നോവലിസ്റ്റായ പേൾബക്കിന്റെ വാക്കുകളാണിവ. പ്രകൃതിയുമായുള്ള അവന്റെ ബന്ധം ഗാഢമാണ്. അവന്റെ ജീവിതവീക്ഷണവും സാമ്പത്തിക പ്രശ്നങ്ങളും എല്ലാം ഋതുപരിണാമങ്ങളുടെ സ്വാധീനത്തിൽപ്പെട്ടിരിക്കുന്നു. ഈ ഗ്രാമരംഗം ഗാന്ധിജിയുടെ വികാരത്തിന്റെയും ചിന്തകളുടെയും ഭാഗമായിരുന്നു. നെഹ്റുവിന്റെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു ഈ ഗ്രാമമാണ്. ഭാരതാംബയുടെ ആശയാഭിലാഷങ്ങളുടെ സാരസർവ്വസ്വം ഈ ഗ്രാമങ്ങളിലെ [illegible]. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ഇവിടെ നിന്നാരംഭിക്കാം. ആസൂത്രണത്തിന് ഒരു അണിയറ ആവശ്യമില്ല. അതിന് വേണ്ടത് ഒരു അരങ്ങ് മാത്രമാണ്. അതാകട്ടെ ഈ ഗ്രാമരംഗങ്ങളും.



ചരിത്രത്തിന്റെ അടരുകളിലൂടെ ഒന്നോടിനോക്കുകയാണെങ്കിൽ, സാമൂഹ്യ സാമ്പത്തിക വ്യാപാരങ്ങളുടെ കേന്ദ്രവും പരിധിയും ഗ്രാമങ്ങളായിരുന്നുവെന്ന് കാണാം. ഇന്ത്യയുടെ "സുവർണ്ണകാലങ്ങളി"ൽ ഗ്രാമപഞ്ചായത്തുകൾ സ്വതന്ത്രങ്ങളായിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു. ശുക്രാചാര്യരുടെ "നീതിസാര"ത്തിൽ പണ്ടു ശതാബ്ദങ്ങൾക്കുമുമ്പ് ഗ്രാമങ്ങളും ഗ്രാമസഭകളും പുലർത്തിയിരുന്ന മഹനീയ പാരമ്പര്യത്തെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. നെഹ്റുവിന്റെ "ഇൻഡ്യയെ കണ്ടെത്ത"ലിലും

ഇതിനെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. പതിനാറാം നൂറ്റാണ്ടോടുകൂടിയാണ് പഞ്ചായത്തുകൾ തിരോഭവിച്ചുതുടങ്ങിയത്. "രാമരാജ്യം" എന്ന സങ്കല്പം സമ്പന്നവും സംതൃപ്തവുമായ ഗ്രാമീണ ജീവിതത്തിൽ അധിഷ്ഠിതമായിരിക്കുന്നു.

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണാധികാരിയും ചരിത്രകാരനുമായ ചാൾസ് മെറ്റ്കാഫ്, ഗ്രാമജീവിതത്തിന്റെ വ്യക്തിത്വത്തെ എടുത്തുകാണിച്ചിരിക്കുന്നു: "മറ്റെല്ലാം നശിക്കുമ്പോഴും ബാഹ്യബന്ധങ്ങളിൽ നിന്നും ഒട്ടുമൊട്ടും വിമുക്തവും എല്ലാറ്റിലും സമ്പന്നങ്ങളുമായ ഈ ഗ്രാമസമൂഹങ്ങൾ നിലനില്ക്കുകതന്നെ ചെയ്യും. സ്വന്തമായ വ്യക്തിത്വമുള്ള ഈ ഗ്രാമസമൂഹങ്ങളെ, സ്വാതന്ത്ര്യവും ഐശ്വര്യവും ഏറ്റവും കൂടിയ അളവിൽ അനുഭവിക്കുന്നതിന് സഹായകമാണ്" ആർതർ ഇ. മോർഗൻ, "സമൂഹം" എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച പ്രബന്ധത്തിൽ, ഗ്രാമങ്ങളിൽ ജീവിക്കുന്ന "അടുപ്പമുള്ള സമൂഹത്തെ" (face to face Community) മനുഷ്യജീവിതത്തിലെ സുപ്രധാനവും നിർണ്ണായകവും ആയ ശക്തിയായി അംഗീകരിക്കുന്നു. അദ്ദേഹം ഇങ്ങനെ: "ജീവിതത്തിലെ അപായങ്ങളെയും അവസരങ്ങളെയും പങ്കുവയ്ക്കുന്നതിൽനിന്നും, പരസ്പര വിശ്വാസത്തിൽ നിന്നും, പൊതുവായ താല്പര്യത്തിലും ഉത്തരവാദിത്തത്തിലുംനിന്നും— ആത്മാർത്ഥമായ ബന്ധങ്ങളിൽ നിന്ന് ഉൾത്തിരിയുന്ന ഏകത്വബോധത്തിൽ ഉണ്ടായിട്ടുള്ള പാരസ്പര്യബോധം ഗ്രാമീണർക്ക് ഒരു സാമൂഹ്യമായ പക്വത തന്നു. ഒരു സാമൂഹ്യമനസ്സും, സാമൂഹ്യസ്വഭാവവും ഉൾപ്പെടുന്നു. സമൂഹം സമുദായത്തിന്റെ ഒരു ആവശ്യമായ പ്രത്യേകതയാണെന്നു പറയുമ്പോൾ, നാം അനുസ്മരിക്കേണ്ടത് ഈ സാമൂഹ്യ വ്യക്തിത്വമാണ്." വ്യക്തിത്വമുള്ള ഗ്രാമങ്ങൾക്ക് അതിർത്തി വിക്ഷോഭനവും കടമകളും ഉണ്ടായിരിക്കും. അവിടെ പൊട്ടിത്തെറിക്കുന്ന ദാരിദ്ര്യം ഉണ്ടാകുകയില്ല. അടിച്ചേൽപ്പിക്കപ്പെട്ട നിയമങ്ങളും, ശാസനങ്ങളോ ഫലപ്രദമോ ആയിരിക്കുകയും ഇല്ല.

മഹാത്മാഗാന്ധി ഇന്ത്യയെ കണ്ടെത്തിയത് ഗ്രാമങ്ങളിലാണ്. ആധുനിക വികസനത്തിന്റെ പേരിൽ വിലപിച്ച ലോകത്തിന് ഗാന്ധിജി നൽകിയ ഒരു പുതിയ ഗ്രാമജീവിതമാകുന്ന വെളിച്ചമുള്ള ഒരു എത്തിനോട്ടമായിരുന്നു. ഗാന്ധിജിയുടെ സാമ്പത്തികചിന്തകൾ പ്രാചീനങ്ങളും അപ്രായോഗികവും ആയി തോന്നിയേക്കാം. എന്നാൽ മാനവികതാദർശത്തിലുള്ള മൂല്യത്തിന്റെ ഉൾക്കാഴ്ചയുള്ള ധന്യത ഗാന്ധിചിന്തയെ ഉജ്ജ്വലമാക്കിയിരിക്കുന്നു. ഉദാഹരണമായി, അദ്ദേഹം വികേന്ദ്രീകരണത്തിന്റെ വക്താവാണ്. കേന്ദ്രീകരണം പ്രത്യക്ഷമായോ, പരോക്ഷമായോ, അക്രമത്തെയും ശക്തിയെയും ഉൾക്കൊള്ളുന്നു. മനുഷ്യൻ വലിയൊരു യന്ത്രത്തിന്റെ ഭാഗത്തെപ്പോലെയാകുന്നു. ഉല്പാദനം വൻതോതിലാകുമ്പോൾ, വിതരണം ഒരു പ്രശ്നമായി തീരുന്നു. ഇവയ്ക്കൊക്കെ സമൂലമായൊരു പരിഹാരം വികേന്ദ്രീകരണം മാത്രമാണ്. സമ്പന്നവും സന്തുഷ്ടവുമായ വ്യക്തിജീവിതത്തെ സൃഷ്ടിക്കാൻ വേണ്ടി ഗാന്ധിജി വികേന്ദ്രീകരണത്തെ മാറോടണച്ചു.

ഗ്രാമപുനരുദ്ധാരണം, സാമ്പത്തിക വികേന്ദ്രീകരണത്തെ സുസാദ്ധ്യമാക്കിത്തീർക്കുന്നു. ഉല്പാദനവും വിതരണവും ഒന്നിൽനിന്നൊന്നിനെ തിരിച്ചറിയാൻ പാടില്ലാത്തവിധം ഗാഢമായി ബന്ധപ്പെട്ടിരിക്കണം, എന്നദ്ദേഹം അനുശാസിച്ചു. ചർക്കയെ ഇന്ത്യയുടെ വികസനത്തിന്റെ അവിഭാജ്യഘടകമായി ഗാന്ധിജി കണക്കാക്കിയിരുന്നു. "സ്വരാജ് ഒരു പഞ്ഞിനൂലിൽ തൂങ്ങിക്കിടക്കുന്നു" എന്ന വാക്കുകൾ പ്രതീകാത്മകങ്ങളാണ്.



Scanned with CamScanner

ഇൻഡ്യയുടെ സാമ്പത്തികഭാവിയെ രൂപപ്പെടുത്തുന്ന കാര്യത്തിൽ, ഗാന്ധിജിയുടെ നിർദ്ദേശങ്ങൾ, ഒരു പരിപാടികളിലായി, 1946ലും, 1948ലും കോൺഗ്രസ്സ് പാർട്ടി നിയോഗിച്ച ഭരണഘടനാ രൂപീകരണസമിതിയുടെ മുമ്പിൽ സമർപ്പിക്കപ്പെടുകയുണ്ടായി. സംഗ്രാമ പ്രവർത്തനങ്ങളും പഞ്ചായത്തുകൾക്ക് ഊന്നൽ കൊടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഗ്രാമീണ കുടിൽവ്യവസായങ്ങളെ പോഷിപ്പിക്കുകയും ചെയ്യുക, ഗ്രാമവ്യവസായങ്ങൾ സംഘടിപ്പിക്കുക, സഹകരണാടിസ്ഥാനത്തിൽ കാർഷികപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, എന്നിങ്ങനെ സാമ്പത്തികപ്രാധാന്യമുള്ള പല കാര്യങ്ങളും പഞ്ചായത്തുകളുടെ അധികാരസീമയിൽ ഉൾപ്പെടുത്തുവാൻ ഗാന്ധിജി ആഗ്രഹിച്ചു. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ, തികച്ചും ഭാവനാശൂന്യമായ രീതിയിൽ, ഈ നിർദ്ദേശങ്ങൾ തിരസ്കരിക്കപ്പെടുകയാണുണ്ടായത്. നമ്മുടെ സ്വാതന്ത്ര്യത്തിൽ ജനകീയസ്വഭാവം പ്രതിഫലിക്കണമെങ്കിൽ, ഈ വിധം ചെയ്യണമെന്ന് വീണ്ടും ഗാന്ധിജി ആവശ്യപ്പെട്ടു. ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങൾ ചർച്ച ചെയ്യപ്പെട്ടപ്പോൾ, ഈ പ്രശ്നം വീണ്ടും ഉയർന്നുവന്നു. ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുവാനും അവയുടെ പ്രവർത്തനങ്ങൾ സ്വയംഭരണത്തിന്റെ തലത്തിൽ അധികാരത്തിൽ പങ്കുവാനും, പുതുതായി ചേർക്കപ്പെട്ട ഒരു ഉപവകുപ്പ് ഭരണഘടനയുടെ Article-40-ൽ എഴുതി ചേർക്കുകയും ചെയ്തു.

ദേശീയ ഐക്യവും രാഷ്ട്രീയ സ്ഥിരതയും പ്രധാന പ്രശ്നങ്ങളായിരുന്ന ആ സന്ദർഭത്തിൽ പഞ്ചായത്തുകളുടെ പ്രാധാന്യത്തെ താത്വികമായി അംഗീകരിച്ച് മാറിനിൽക്കുകയാണ് ചെയ്തത്. അത് തികച്ചും ഗാന്ധിജിയുടെ നിർദ്ദേശങ്ങളെ കണ്ടില്ലെന്ന് നടിക്കലായിരുന്നു.

ജനങ്ങൾക്കുവേണ്ടി ജനങ്ങൾ തന്നെ ആസൂത്രണം ചെയ്യുന്ന പദ്ധതികളിലൂടെ മാത്രമേ ജനാധിപത്യത്തിന് വേരോട്ടമുണ്ടാവുകയുള്ളൂ. അങ്ങനെയുള്ള ആസൂത്രണത്തിന് സംഘടനാപരമായ അടിത്തറയായി പഞ്ചായത്തുകൾ നിലകൊള്ളുന്നു.

ഗ്രാമീണ സാമ്പത്തിക ജീവിതത്തെ മൂന്നു രീതികളിലൂടെ സ്വാധീനിക്കുവാൻ സാധിക്കും:

(i) ഗ്രാമങ്ങളെ അസംസ്കൃതവിഭവങ്ങളുടെ പ്രഭവസ്ഥാനമായി കാണുക.

(ii) ഗ്രാമീണജനതയെ ഉല്പന്നങ്ങളുടെ ഉപഭോക്താക്കളായി കാണുക.

(iii) ഗ്രാമങ്ങളെ സ്വയം പര്യാപ്തതയുള്ള ഘടകമായി കാണുക. (Village as an entity in itself)

കൊളോണിയലിസം അതിന്റെ വിജയം ഉറപ്പിച്ചത് ആദ്യത്തെ രണ്ടു വഴികളിലൂടെയാണ്. ബ്രിട്ടീഷുകാരുടെ ഭരണത്തിൽ ആരംഭിച്ചത്, ഈ രണ്ടു രീതികളിലാകെയാണ്. ഗ്രാമജീവിതം അതിന്റെ സ്വാതന്ത്ര്യവും വളർച്ചയും ഉപേക്ഷിച്ചു. നഗരങ്ങളുടെ സാമ്പത്തിക വികസന സമ്പ്രദായം ഗ്രാമങ്ങളെ ചൂഷണം ചെയ്യുന്ന വിധത്തിൽ രൂപാന്തരപ്പെട്ടു. "വിലയെന്ന ഉപകരണ"ത്തിന്റെ (Price Mechanism) സ്വാധീനമേറ്റ് ഗ്രാമീണജനതയുടെ പ്രവർത്തനങ്ങൾ ലക്ഷ്യമില്ലാത്ത രീതിയിൽ മാറിത്തുടങ്ങി. ഇതിന്റെ ഫലമായി ഗ്രാമങ്ങളിൽ ഒരു "മണിയോർഡർ സമ്പദ്‌വ്യവസ്ഥിതി" (Money order Economy) ഉടലെടുക്കുന്നു. ഗാന്ധിജിയും അദ്ദേഹത്തിന്റെ ചിന്താഗതി അവലംബിച്ചിരുന്ന ജെ. സി. കുമരപ്പയെപ്പോലുള്ള സാമ്പത്തികശാസ്ത്രജ്ഞരും ഈ സ്ഥിതിയെ എതിർത്തിട്ടുള്ള കാര്യമാണിത്.

വികസനത്തിന്റെ ഗോപുരമായിരി, സ്വയം പരിപൂർണ്ണമായ ഏകകമായി വർത്തിക്കുന്ന ഗ്രാമങ്ങൾക്കു പ്രവേശനമുള്ള. ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയ ജീവിതാവശ്യങ്ങളുടെ പട്ടികയിൽ, ഒട്ടുമുക്കാലും, സ്വയം നേടിയെടുക്കുവാൻ ഗ്രാമീണരെ പ്രാപ്തരാക്കുകയാണ് വേണ്ടത്. നമ്മുടെ ഗ്രാമീണ പദ്ധതികൾ സ്വയം പര്യാപ്തതയിലും സഹകരണത്തിലും അധിഷ്ഠിതമായിരിക്കണം.

ജനതയുടെ മാനസികതലത്തിലും സാമൂഹ്യമണ്ഡലത്തിലും വിപ്ലവകരമായ പരിവർത്തനങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ്, സാമൂഹ്യവികസന പദ്ധതികളും ദേശീയ വികസന സമിതികളും രൂപീകരിച്ചത്. ജനതയുടെ വീക്ഷണചക്രവാളത്തിന്റെ വികാസത്തിൽ, ഗ്രാമപുനരുജ്ജീവനത്തിന്റെ പ്രാരംഭങ്ങൾ കണ്ടെത്തുക ഇവയുടെ ഒന്നാമത്തെ ലക്ഷ്യമായിരുന്നു. അകർമ്മണ്യതയുടെ അന്ധകാരം ഉറഞ്ഞുകൂടിയ ഗ്രാമാന്തരീക്ഷത്തിലേയ്ക്ക് ഈ പ്രകാശത്തെ അരിച്ചെടുത്ത്, തിരിച്ചുവിടുകയാണ് സാമൂഹ്യ വികസന പ്രവർത്തനം കൊണ്ടുദ്ദേശിക്കുന്നത്.

